KOTTAYAM PUBLIC LIBRARY

Call No. MF9 Acc. No. 86677

Author സരസ്വതിഅമ്മ. കെ.

Title കലാമന്ദിരം

D.51. 2042

# കലാമന്ദിരം

(ചെറുകഥകൾ.)

THE KOTTAYAM PUBLIC LIBRARY KOTTAYAM. TRAVANCORE.

ഗ്രന്ഥകർത്രി:
കെ. സരസ്വതി അമ്മ, ബി. എ.

85677

പ്രസാധകൻ
ഏ. ഏ. വറിയത്
അറയ്ക്കൽ പുസ്തകമന്ദിരം, അഞ്ചങ്ങാടി തൃശ്ശൂർ.

തൃശ്ശിവപേരൂർ
ഭാരതവിലാസം അച്ചുകൂടത്തിൽ
അച്ചടിച്ചതു്.

SREE NARASIMHA VILASOM BOOK DEPOT T.C.STATE S. INDIA. THURAVOOR

1124.

കോപ്പി 1000.] [വില 1ക. 4ണ.

# വിഷയവിവരം.

MF9


| | | | |
|---|---|---|---|
| 1. | കലാമന്ദിരം | .. .. | 1 |
| 2. | സ്വാതന്ത്ര്യവാദക്കാരി . | .. | 27 |
| 3. | സർവ്വം തികഞ്ഞ ഭാര്യ .. | .. | 39 |
| 4. | രൂപമിച്ചരന്തി | .. .. | 51 |
| 5. | ഇരട്ടവേഷം | .. .. | 63 |
| 6. | കുലമഹിമ | .. .. | 84 |

THE KOTTAYAM PUBLIC L...
KOTTAYAM.
TRAVANCORE.

# കലാമന്ദിരം.

പ്രകാശൻെറ തല അല്പം ഉയൎത്തി, കണ്ണുകഠം പകുതി തുറന്നു, മുമ്പിലിരുന്ന മൂന്നു കുട്ടികളേയും ഒന്നൊന്നായി നോക്കി.

ഏററവും ഇളയകുട്ടിക്കു പതിനൊന്നുവയസ്സിൽ കൂടുതൽ കാണില്ല. ആകപ്പാടെ ഒരാകൎഷണീയതയുണ്ടെങ്കിലും മുഖത്തിനല്പം നീളം കൂടിപ്പോയി. രണ്ടാമത്തെ ബാലികയുടെ മുഖം സുന്ദരമാണ്; പക്ഷെ പുഷ്ടികൂടിയ ആ ശരീരം നൎത്തകിയേക്കാഠം ഗൃഹനായികയ്ക്കാണ് യോജിച്ചതു്. മൂത്തകുട്ടിയുടെ മുഖത്തിൽ പതിഞ്ഞതോടെ പകുതിയടഞ്ഞ പ്രകാശൻെറ അലസമിഴികഠം ഔൽസുക്യത്താൽ മുഴവൻ തുറന്നു; അത്ഭുതത്താൽ ഒന്നുകൂടി വികസിച്ചു; ആനന്ദത്താൽ വീണ്ടും അടഞ്ഞു.

ചുരുഠംമുടി പറന്നടിഞ്ഞുകിടക്കുന്ന നെററി; ബ്രൂസ്റ്റിക്കിൻെറ സഹായത്തോടെ സിനിമാക്കാരികഠം വരച്ചെട്ടുക്കുന്നതിലും അഴകുതികഞ്ഞ പുരികങ്ങഠം; ഓമനത്വം നിറഞ്ഞുനില്ക്കുന്ന കൊച്ചുവായ്; ചുമന്നു കൊതിപിടിപ്പിക്കുന്ന ചുണ്ടുകഠം—അങ്ങനെ അങ്ങനെ—സൗന്ദൎയ്യബോധമില്ലാത്ത ഒരു സദസ്സിനെപ്പോലും പിടിച്ചിരുത്തി നോക്കിപ്പിക്കുന്ന മുഖം—അതിനൊത്ത ശരീരവും. ആ കണ്ണുകളിൽ ശൃംഗാരവും ശോകവും രസങ്ങഠം അഭിനയിക്കപ്പെടുമ്പോഠം ഏതു ഹൃദയം കാണും മതിമറന്നുപോകാത്തതായി.

പ്രകാശൻെറ മുഖഭാവം ശ്രദ്ധിച്ചുകൊണ്ടിരുന്ന വൃദ്ധൻ പറഞ്ഞു "അമ്മയുടെ തനിച്ഛായയാണ് കോമളം. തള്ള ഈ പ്രായത്തിൽ ഇങ്ങിനെയുമല്ലായിരുന്നു. തമ്പുരാക്കന്മാരും നമ്പൂരിമാരും വട്ടമിട്ടോണ്ട് നടന്ന പെണ്ണിനെ ഞാൻ തട്ടിക്കൊണ്ട് പോന്നതല്ലായിരുന്നോ?"

പ്രകാശൻ കോമളത്തിൻെറ മുഖത്തു നോക്കിക്കൊണ്ട് ചോദിച്ചു "കുട്ടിയുടെ മുടിയെങ്ങനെ?"

അവരം ബഞ്ചിൽനിന്നെണീററ് പുറംതിരിഞ്ഞു നിന്നു മുടിക്കെട്ടിലൊന്നു തൊട്ടു. പിൻവശം മൂടിക്കിടന്ന ആ കറുത്തുമിനുത്ത മുടികണ്ടപ്പോഠം പ്രകാശൻെറ കണ്ണിലൊരു പ്രകാശം മിന്നി. അയാഠം ചാടിയെണീററ് വൃദ്ധൻെറ അടുത്തുചെന്നു പറഞ്ഞു "നിങ്ങഠംക്കുള്ളതുപോലെ നികൃഷ്ടമായ അഭിപ്രായമാണ് നൃത്തകലയെപ്പററി ഈ നാട്ടുകാക്കു മുഴുവൻ. അങ്ങനത്തെ നാട്ടിൽ സ്വദേശസ്നേഹംകൊണ്ട് തിരിച്ചുവന്നതു് മണ്ടത്തരമായിപ്പോയെന്നു കണ്ടു ഞാനിവിടംവിടാൻ നിശ്ചയിച്ച നേരത്താണ് നിങ്ങഠം വന്നിരിക്കുന്നതു്. പക്ഷെ ഈ കുട്ടിയെ പറഞ്ഞയച്ചുകളയുന്നതു് എൻെറ കലയോടുചെയ്യുന്ന ഒരു അപരാധമായിരിക്കും. അതുകൊണ്ടു് എൻെറ കരാർ കേക്കണം. മൂന്നുവഷം എൻെറ കീഴിൽ നിത്തുമെങ്കിൽ ഈ മൂന്നു കുട്ടികളേയും ഞാൻ ഫീസില്ലാതെ പഠിപ്പിക്കാം. വേണമെങ്കിൽ വല്ലതുമൊക്കെ ചില സഹായങ്ങളും ചെയ്തുതരാം. സമ്മതമാണെങ്കിൽ ഇപ്പോഠംതന്നെ ഉടമ്പടിയെഴുതി ഒപ്പിടണം. അല്ലെങ്കിൽ—"

''സാറങ്ങനെ വാശിപിടിയ്ക്കരുതു്.'' വൃദ്ധൻ കഴുത്തിലെ ആഡംസ്ആപ്പിറം എന്നു പറയുന്ന എല്ലിൽ തടവിക്കൊണ്ടു് യാചനാസ്വരത്തിൽ പറഞ്ഞു. ''കോമളം വലിയ യോഗമുള്ള പെണ്ണാണെന്നു പലരും പറഞ്ഞിട്ടൊണ്ടു്. സാറിൻെറ കയ്യാലായിരിക്കും അവളെ നന്നാക്കാൻ വിധിച്ചിരിക്കുന്നതു്. ഫീസുവേണ്ടെന്നു പറയുന്നതു വലിയ കാര്യമായി. ഇനിപ്പിന്നെ പെണ്ണിൽ കഷ്ടംതോന്നി ഒരു കൊല്ലംകൊണ്ടു പെഴപ്പിനുള്ള വക പടിപ്പിച്ചു വിടണം. വേറെ നിവൃത്തിയൊണ്ടെങ്കിൽ മാനമ്മര്യാദയുള്ള പെമ്പിള്ളക്കു പററാത്ത ഈ പോക്കണംകെട്ട തൊഴിലിനിറങ്ങുമോ?''

പ്രകാശൻ മേശയിൻപുറം ചാരി ചിന്താമഗ്നനായി നിന്നു. ശരീരസൌഭാഗ്യം തികഞ്ഞ ആ ബാലിക ഒരു കൊല്ലത്തെ അപൂർണ്ണമായ അഭ്യസനത്തിനുശേഷം ഉപജീവനത്തിനുവേണ്ടി സംസ്കാരശൂന്യമായ സദസ്സിൻെറ മുമ്പിൽവച്ചു നൃത്തകലയെ അലങ്കോലപ്പെടുത്തുന്നതയാറം മനസാ ദശിച്ചു. ആ കലാദ്രോഹത്തിന്നു താൻ വഴി തെളിയ്ക്കാനൊ?

അയാറം കുറേനേരം കോമളത്തിനെ നിന്നിമേഷം നോക്കി. അവളെ നഷ്ടപ്പെടേണ്ടിവന്നതിലുള്ള വേദന ഒന്നിനൊന്നു മുഖത്തു പ്രസ്പഷ്ടമായിക്കൊണ്ടിരുന്നു. ഒടുവിൽ, ''നിങ്ങറം കുട്ടികളേയും വിളിച്ചുകൊണ്ടുപോകണം'' എന്നു പറഞ്ഞിട്ടു് അയാറം തിരിഞ്ഞു നടന്നു കസേരയിൽചെന്നു കുനിഞ്ഞിരുന്നു.

പ്രകാശൻെറ ഭാവം ആശാവഹമല്ലെന്നു് വൃദ്ധനു തീച്ചയായി. ''കൊച്ചിലെ തള്ളയെത്തിന്നതുപോരാ

ഞ്ഞിട്ട് തന്തയ്ക്കു ക്ഷയവും പിടിപ്പിച്ച മൂധേവികൾ ക്കെങ്ങനെ എരണം കിട്ടും?'' എന്നു മുറുമുറുത്തുകൊണ്ട് അയാൾ പുത്രിമാരുമായി എണീററു.

പെട്ടെന്ന്, അതുവരെ പ്രകാശത്തെ നോക്കിക്കൊണ്ടുനിന്ന കോമളം മേശയ്ക്കരികിലേക്കുനീങ്ങി പറഞ്ഞു. ''സാറിൻെറ കൈയിൽ കടലാസുണ്ടെങ്കിൽ എടുത്തു കൊടുക്കണം. സാറാവശ്യപ്പെടുന്നവിധം അച്ഛൻ എഴുതിയൊപ്പിട്ടുതരും. മൂന്നുകൊല്ലമല്ല മുപ്പതുകൊല്ലമായാലും ഞങ്ങൾക്കു സമ്മതമാണ്. രാവിലെ എട്ടുമണിയ്ക്കു ഞങ്ങൾ വന്നാൽ സാറിനു സൗകര്യം കാണുമോ?''

വൃദ്ധൻ അമ്പരപ്പോടെ മകളെ നോക്കി. കാശിനുകൊള്ളാത്ത പെണ്ണെന്നു താൻ പരിഹസിച്ചു തള്ളിയിരുന്നവൾക്ക് ഇപ്പോഴീ തൻേറടം എവിടെനിന്നു കിട്ടി? അവളുടെ മുഖത്തെ നിതാന്തശോകച്ഛായയെ ജയിച്ചു പ്രത്യക്ഷപ്പെട്ട ഗാംഭീര്യം എതിർപറയാൻ പോലും അയാൾക്കു ധൈര്യം കൊടുത്തില്ല.

ഉടമ്പടി എഴുതി ഒപ്പിട്ട് വാങ്ങിച്ചു കൊണ്ട് പ്രകാശൻ പറഞ്ഞു ''ഈ കുട്ടിയ്ക്കും ഈ കുട്ടിയുടെ വംശത്തിനും ഈ പ്രമാണത്തേക്കാൾ വില കല്പിക്കുന്നു. നൃത്തകലയ്ക്കുവേണ്ടി ജനിച്ചവരെ പഠിപ്പിക്കുന്നതു ഒരു ജോലിയല്ല, ആനന്ദമാണ്. ഒരു പക്ഷെ എൻെറ നാട്ടുകാരുടെ നൃത്തകലാബോധത്തിൻെറ ഭാഗ്യം തെളിക്കാനും കൂടെ ഇതുപകരിച്ചേയ്ക്കാം.''

അങ്ങനെ പ്രകാശൻെറ കലാമന്ദിരം കർമ്മപദ്ധതിയിലേക്കു കാൽവച്ചു. സ്ത്രീവർഗ്ഗത്തിനാകമാനം അവമാനകരമാണ് കോമളത്തിൻെറ പ്രവൃത്തിയെന്നു ആഭിജാത്യമുള്ളവരും ഇല്ലാത്തവരും ആക്ഷേപിച്ചു. അതു

കൊണ്ട് പ്രകാശന്റെ ഉപദേശപ്രകാരം സാധാരണ ക്കാരുമായുള്ള സഹവാസം അവാം നിർത്തിക്കളഞ്ഞു. തന്റെ ഉദ്ദേശം ഫലപ്രാപ്തിയിലെത്തിക്കാൻ അശ്രാന്തം, ആനന്ദപൂർവ്വം, അക്ഷമകാണിയ്ക്കാതെ, മനസ്സു മടുക്കാതെ, പ്രകാശൻ പണിയെടുത്തു. ഒടുവിൽ പ്രതീക്ഷയിൽ കവിഞ്ഞ വിജയത്തിലെത്തുകയും ചെയ്തു.

തങ്ങളുടെ ഇടയിൽ നിന്നൊരു പെൺകുട്ടി, അവളുടെ ശരീരത്തിന്റെ വടിവും, ഉദരത്തിന്റെ നിറവും, കണ്ണുകളുടെ കഴിവും പരസ്യമായി പ്രദർശിപ്പിക്കുന്നതു കാണാൻ വേണ്ടി മാത്രം ആദ്യമാദ്യം തിങ്ങിക്കൂടിയ സദസ്സ് പതുക്കെ പതുക്കെ കലാസ്വാദകന്മാരുടെതായി മാറി. കോമളത്തിന്റെ കലാനൈപുണി ദർശകഹൃദയങ്ങളെ ആവേശം കൊള്ളിക്കുമാറ് പ്രദർശിപ്പിക്കപ്പെട്ടപ്പോഠം, ആറം തിങ്ങിയ മഹൽസദസ്സുകഠം അവളെ മുക്തകണ്ഠം പ്രശംസിച്ചു. അപഹാസോദ്ദേശത്തോടെ ആരംഭിച്ച് പിന്നീട് ആവേശപൂർവ്വം അവളുടെ നൃത്തപ്രകടനം കാണാൻ വെമ്പിനടന്ന കലാപ്രിയരായ ചെറുപ്പക്കാരുടെ പ്രേമലേഖനങ്ങഠം വായിച്ചു രസിക്കുക കോമളത്തിന്റെ അനുജത്തിമാക്കൊരു വിനോദമായിത്തീന്നു.

കലാമന്ദിരം ആദ്യത്തെ വാടകമുറിയിൽ നിന്നും രണ്ടാം കൊല്ലത്തിൽ ഒരു വാടകക്കെട്ടിടത്തിലേയ്ക്കു വികസിച്ചു; നാലാം കൊല്ലത്തിൽ പ്രകാശന്റെ സ്വന്തമായ, വിപുലമായ തോട്ടത്തിൽ പണികഴിയ്ക്കപ്പെട്ട, ഒരു ഗംഭീര സൗധത്തിലേയ്ക്കും. നൃത്തശാല, സന്ദർശകഹാഠം, അന്തേവാസികളുടെ വസതികഠം എന്നിവചേൻ ആ മഹാസ്ഥാപനത്തിന്റെ മുമ്പി

ൽ, ആദ്യകാലത്തൊരു മുറിയുടെ മുമ്പിൽ തൂങ്ങിക്കി ടന്നു "നൃത്തകലാമന്ദിരം!" എന്നെഴുതിയ പലകത്തു ണ്ടും കണ്ടു ചിരിച്ച പഥികർ വിസ്മയമൂകരായിനിന്നു.

കലാകാരുടെ ഇടയിൽ മാത്രം സ്ഥാനമുണ്ടായിരുന്ന പ്രകാശൻ കുബേരന്മാക്കും ആദരണീയനായിത്തീന്നു. ബാല്യപ്രായം കഴിഞ്ഞ പെൺകുട്ടികളെ കലാമന്ദിരത്തിൽ പഠിപ്പിയ്ക്കാനയയ്ക്കുന്നതു് കലീന കുടുംബങ്ങാം ഒരന്തസ്സായി കരുതി—വല്ലപ്പോഴും പ്രകാശൻെറ സഹധമ്മിണിയാകുന്നതു് അങ്ങെ അററത്തെ ബഹുമതിയായും.

ഉദ്യോഗസ്ഥപത്നികാംക്കു് കോമളത്തിനോടുണ്ടായിരുന്ന അവജ്ഞ ഒടുവിൽ അസൂയയായി മാറി. കലാമന്ദിരത്തിനു് തൊട്ടടുത്ത മണിമാളികയിൽ പലരും അവളെ ചെന്നു സന്ദശിച്ചു. പക്ഷെ, ആരോടും തീരെ സംസാരിക്കാതെ എല്ലാരിൽനിന്നും അകന്നു നില്ക്കുന്നതായിരുന്നു അവളുടെ പ്രകൃതം. അതിനു കാരണം അതിയായ ഔദ്ധത്യമാണെന്നു് അവരൊക്കെ അഭിപ്രായപ്പെട്ടു. വേഷവിധാനമുറിയിൽവച്ചു മേക്കപ്പ് ആട്ടിസ്റ്റിൻെറ കൈകാം അഭിമാനപൂവ്വം അലങ്കരിക്കുമ്പോാം നിവ്വികാരയായി നിന്നുകൊടുക്കുന്ന കോമളം, തൻെറമേൽ പതിഞ്ഞ അസൂയോജ്ജ്വലമായ നോട്ടങ്ങാം കണ്ടതുപോലുമില്ല.

കോമളത്തിൻെറ നിതാന്തമായ ദുഃഖഭാവവും നിസ്സംഗമായ പെരുമാററവും എല്ലാവരേയും അത്ഭുതപ്പെടുത്തി. പല പ്രധാന സംഗതികളിലും അവളുടെ അഭിപ്രായം സമനിലയിൽ ആരാഞ്ഞുചെല്ലുന്ന

പ്രകാശനോട് അവൾ നിർവ്വികാരഭാവത്തിൽ പറയും ''സാറിന്റെ ഇഷ്ടംപോലെ ചെയ്യണം. അതല്ലാതെ മറ്റൊന്നും എനിക്കുവേണ്ട.'' ആളുകൾ അതിശയിച്ചു—പട്ടിണിയിൽനിന്നും സമൃദ്ധിയിലേക്കുയന്ന ഭാഗ്യവതി; എണ്ണമററ കലാപ്രേമികളുടെ ആരാധനാപാത്രം; സർവ്വാദൃതനായ പ്രകാശന്റെ പ്രത്യേക വാത്സല്യഭാജനം. ആ അവൾക്ക് എന്തുവിചാരിച്ചാണ് സങ്കടപ്പെടാനുള്ളതു്?

കോമളത്തിന്റെ മനോഗതി അവളുടെ അച്ഛന്റെ വൃദ്ധനേത്രങ്ങളിൽനിന്നു മാത്രം മറഞ്ഞുനിന്നില്ല. പ്രകാശനോടൊത്തു രംഗത്തു നില്ക്കുമ്പോൾ ഹഷ്ത്താൽ വികസിക്കുന്ന ആ കണ്ണുകളിൽ മററാത്തതല്ല ശോകരസം. വൃദ്ധൻ തന്റെ മരണശയ്യയിൽവെച്ചു, മററാരുമടുത്തില്ലാത്തപ്പോൾ മകളോടു പറഞ്ഞു ''ഒഴിയാത്ത മനോദുഃഖം നിന്റെ ജാതകവിധിയാണ്മോളെ. അതിനു ആ നല്ലൊരു മനുഷ്യനെ കററം പറഞ്ഞിട്ടു കാര്യമില്ല. ആട്ടവും പാട്ടുമല്ലാതെ അയാൾക്ക് മററു ചിന്തയില്ലാതെയായിപ്പോയതു് നിന്റെ വിധിയാണെന്നു സമാധാനിച്ചോ.''

അച്ഛന്റെ വാക്കുകൾ മനസ്സിലായ ഭാവത്തിൽ കോമളം കരഞ്ഞില്ല. മനസ്സിലാകാത്ത മട്ടിൽ മിഴിച്ചുനിന്നുമില്ല. വിദൂരതയിൽ ദൃഷ്ടിയുറപ്പിച്ച് അവൾ നിർവ്വികാരംനിന്നു.

അച്ഛന്റെ മരണത്തോടെ കോമളത്തിന്റെ ശോകഭാവം പ്രകാശന്റെ ശ്രദ്ധയും ആകർഷിക്കത്തക്കവണ്ണം അഗാധമായി. ഒരുനാൾ സന്ധ്യയ്ക്ക് സംഭാഷണമദ്ധ്യേ പ്രകാശൻ ചോദിച്ചു. ''കോമളത്തി

ന്നെന്താണെപ്പോഴുമിങ്ങനെ ഒരു ദുഃഖഭാവം? ഇത്ര മാത്രം ചിന്തിക്കുവാൻ എന്തു പ്രാരബ്ധമാണുള്ളതു്?''

കോമളം പതുക്കെപ്പറഞ്ഞു ''അച്ഛൻപോയതോടെ ഞാൻ മഹാപ്രാരബ്ധക്കാരിയായില്ലേ? അനിയത്തിമാരുടെ ഭാരം എന്നെയേല്പിച്ചിട്ടാണച്ഛൻ പോയതു്.''

''പക്ഷെ കോമളത്തിനെത്തന്നെ—എന്നെയാണദ്ദേഹം ഏല്പിച്ചതു്. അതുകൊണ്ടു് എല്ലാററിനും ചുമതലക്കാരൻ ഞാനാണെന്നു് ഞാൻ വിശ്വസിക്കുന്നു.''

കോമളം കുറേനേരം തലകുനിച്ചിരുന്നു. ഒടുവിൽ തലയുയർത്തി കാര്യമാത്രപ്രസക്തമായ സ്വരത്തിൽ പറഞ്ഞു. ''ഞങ്ങൾ മൂന്നുപേരുമിങ്ങനെ ആട്ടക്കാരികളായി ജീവിക്കണമെന്നു് അച്ഛനാശയില്ലായിരുന്നു. എനിക്കും അതിഷ്ടമില്ല. പിന്നെ, പിഴപ്പിനുവേണ്ടി അന്നങ്ങനെ ചെയ്തെന്നേയുള്ളു.'' എന്നിട്ടു് അവൾ ദീർഘമായൊന്നു നിശ്വസിച്ചു ''ആ കുട്ടികളുടെ അത്തരത്തിലുള്ള സ്ത്രീസഹജമായ ആശ കണ്ടാത്തഭാവം നടിച്ചു് എത്രനാൾ എനിക്കു നടക്കാനൊക്കും?''

''അതു വാസ്തവമാണു്.'' പെട്ടെന്നൊരു പുതിയ അറിവുകിട്ടിയതുപോലെ പ്രകാശൻ പറഞ്ഞു. ''കോമളത്തിനെപ്പോലെ നർത്തകിയാകാൻവേണ്ടി ജനിച്ചവരല്ല അവർ. പരിതസ്ഥിതികൊണ്ടങ്ങിനെ ആയിപ്പോയെന്നേയുള്ളു. അക്കാര്യം ഓർമ്മിപ്പിച്ചതു നന്നായി. കോമളം അതോർത്തു തീരെ വിഷമിയ്ക്കണ്ട. അനിയത്തിമാരെ പിരിയാൻ തെയ്യാറായിരുന്നോളു.''

പ്രകാശൻ പ്രതിജ്ഞ പാലിച്ചു. ഒരു മാസത്തിനകം കോമളത്തിൻെറ അനിയത്തിമാരുടെ വിവാഹം ആഘോഷപൂർവ്വം കൊണ്ടാടപ്പെട്ടു.

ഒരാഴ്ചകഴിഞ്ഞ് അവർ ഭർത്തൃഗൃഹങ്ങളിലേക്ക് താമസവും മാററി.

അന്നു സന്ധ്യയ്ക്കുശേഷം പ്രകാശൻ കോമളത്തിനെ സന്ദർശിച്ചു. പാദശബ്ദംകേട്ട്, കോമളം മേശമേൽ കമഴ്ത്തിവച്ചിരുന്ന തല ഉയർത്തി. അവൾക്കഭിമുഖമായിരുന്നിട്ട് പ്രകാശൻ പറഞ്ഞു. "വെറുതെ കരയുന്നതെന്തിനു? അനിയത്തിമാർ എന്നു കൂടിയാലും പിരിയേണ്ടവരല്ലേ? കണ്ണീരിൻെറ ഉറവാണ് കർത്തവ്യം, ചെയ്യേണ്ടതു ചെയ്യാതെ കഴിയുമോ?

കോമളം മുഖംപൊത്തി പൊട്ടിക്കരഞ്ഞു. പ്രകാശൻെറ കണ്ണിലും നനവുണ്ടായി. അയാളെണീററ് കുനിഞ്ഞ്, മേശപ്പുറത്തുകൂടെ ഒരു കൈ അവളുടെ നേരെ നീട്ടിക്കൊണ്ടു പറഞ്ഞു "ദേ, കോമളം കരയാതിരിക്കൂ. കലാമന്ദിരത്തിലെ എല്ലാരും കോമളത്തിൻെറ ആളുകളല്ലേ?"

"ഞാൻ തനിയെ" കോമളം വിങ്ങിവിങ്ങിപ്പറഞ്ഞു. "വേലക്കാർ മാത്രമായി ഇനി ഈ വീട്ടിൽ—"

"അക്കാര്യം ഞാനും ഓർത്തതാണ്" അവളുടെ കരച്ചിൽ എങ്ങനേയും ശമിപ്പിക്കാനാശിച്ചു പ്രകാശൻ പറഞ്ഞു. "അതുകൊണ്ട് ഈ വീടു അടച്ചുപൂട്ടിയിട്ടങ്ങു പോരൂ. എല്ലാംകൊണ്ടും അതു സൗകര്യവുമാണ്."

കോമളം ആശയോടും ഉദ്വേഗത്തോടും പ്രകാശനെ നോക്കി. അയാളുടെ നിർവ്വികാരഭാവം അവളെ

ക്കൊണ്ടിങ്ങിനെ പറയിച്ചു. ''ഇന്നുതന്നെ എന്നെ വെറുതെ വിടാത്ത ആളുകാർ, അങ്ങനെയായാൽ അപവാദംകൊണ്ടു മൂടിക്കളെയും.

''അതു വെറും അസത്യം മാത്രമായ സ്ഥിതിക്കു് അതൊക്കെ വകവയ്ക്കുന്നതെന്തിന്നു?''

അവളുടെ മുഖം വീണ്ടും കനിഞ്ഞു. ''അതു അസത്യമല്ലായിരുന്നെങ്കിൽ'' എന്നുറക്കെപ്പറഞ്ഞു പോകാതിരിക്കാനെന്നപോലെ അവൾ വായ്പൊത്തി കരഞ്ഞു.

അവളുടെ കരച്ചിൽ കണ്ടുകൊണ്ടിരിയ്ക്കാൻ കഴിയാത്ത പ്രകാശൻ എണീററുകൊണ്ടു പറഞ്ഞു. ''എന്തായാലും നല്ലപോലെ ആലോചിച്ചു നോക്കു. വിദ്യാർത്ഥിനികളുടെ കൂടേയോ അല്ലെങ്കിൽ എന്നോടൊന്നിച്ചോ കോമളത്തിൻെറ ഇഷ്ടംപോലെ താമസിക്കാം. കൂട്ടത്തിൽ കഴിഞ്ഞാൽ മനസ്സിനാശ്വാസം കൂടും.''

പിറേറന്നു പ്രകാശൻ വന്നിട്ടുണ്ടെന്ന വാർത്തയാണ് കോമളത്തിനെ കിടക്കയിൽ നിന്നെണീപ്പിച്ചതു്. അവളുടെ ഹൃദയം ആകാംക്ഷയാൽ തുടിച്ചു. തലേന്നു രാത്രി തന്നേ താമസിച്ചു പിരിഞ്ഞുപോയ പ്രകാശൻ അതിരാവിലെ വന്നിരിക്കുന്നതെന്തിന്നു? തൻെറ നേത്രങ്ങളിലെ ശോകച്ഛായ മായ്ച്ചുകളഞ്ഞ് ആനന്ദപ്രഭ പരത്താനോ?

പക്ഷേ, ആശങ്കാപ്രതീക്ഷകളോടെ വീടിൻെറ മുൻഭാഗത്തുചെന്ന കോമളം പ്രകാശനെ തനിച്ചല്ല കണ്ടതു്. അയാളുടെകൂടെ തീരെ നിരാഡംബരവേഷത്തിൽ ഒരു സ്ത്രീയുമുണ്ടായിരുന്നു. ഏകദേശം ഇരു

പത്തഞ്ചു കഴിഞ്ഞുപ്രായം; ശോഷിച്ചു വിളറിയ ഗാത്രം, തീക്ഷ്ണങ്ങളായ രഹസ്യഗ്രാഹികളായ നേത്രങ്ങൾ. ആ കണ്ണുകളടച്ചാൽ ആ മഞ്ഞിച്ച മുഖം ഒരു പ്രേതത്തിൻേറതാണെന്നു തോന്നും.

പ്രഥമദശ്നത്തിൽതന്നെ കോമളത്തിന്നു അകാരണമായി ആഗതയുടെ നേരെ ഒരു ഭയംതോന്നി. പ്രകാശൻ ഉത്സാഹപൂവ്വം പറഞ്ഞു. "പ്രശസ്തനത്തകി ശ്രീമതി ഉഷാദേവിയാണിതു്. നമ്മുടെ മഹാഭാഗ്യത്താൽ ദേവിക്കിങ്ങോട്ടു് വരാൻ തോന്നി. ദേവിയുടെ സാഹചയ്യം കോമളത്തിന്നൊരനുഗ്രഹമാണ്."
കോമളത്തിൻെറ മുഖത്തെ മ്ലാനതകണ്ടു ഉഷാദേവി ക്ഷമാപണസ്വരത്തിൽ പറഞ്ഞു. "എനിക്കു് താമസിയ്ക്കാനൊരു പ്രത്യേക സൌകര്യവും വേണ്ട. പെട്ടെന്നൊരക്ഷമതോന്നി പ്രോഗ്രാം പലതും വേണ്ടെന്നുവച്ചു ഞാനീങ്ങു പോന്നതാണ്. തല്ക്കാലം എനിക്കു ശരീരത്തിന്നു സുഖവുമില്ല. ആറുമാസമിവിടെ താമസിയ്ക്കാനാണുദ്ദേശം. എൻെറ ജീവനും ഹൃദയവും സുഖവുമെല്ലാം നൃത്തകലയായതുകൊണ്ടു് മററു ബുദ്ധിമുട്ടുകളൊന്നും ഞാനറിയുകയില്ല. പോരെങ്കിൽ പ്രകാശൻെറ ഈ സഹനത്തകി അടുത്തുള്ളപ്പോൾ.!!"

ഉഷാദേവി അഭിനന്ദനസ്മിതത്തോടെ അവളെ നോക്കി. ആ നേത്രങ്ങൾ ദുസ്സഹങ്ങളായി അവൾക്കു് തോന്നി. ഉറക്കച്ചടവുകൊണ്ടു് കനത്ത ഇമകൾ പൂട്ടി അല്പനേരം നിന്നിട്ടു് ആദരപൂവ്വം തൊഴുതുകൊണ്ടവൾ പറഞ്ഞു. "വലിയ ആളുകളോടു് പെരുമാറാൻ എനിയ്ക്കൊട്ടും അറിഞ്ഞുകൂടാ. എന്തെങ്കിലും തെററു കണ്ടാൽ ക്ഷമിക്കണം."

ആ ആഴ്ചയിൽ ഉഷയുടെ ദേഹസ്ഥിതി ഭേദപ്പെടാത്ത നിലയിൽത്തന്നെ പ്രകാശൻെറ നിർബ്ബന്ധത്താൽ ഒരു നൃത്തപ്രകടനത്തിലവൾ പങ്കെടുത്തു. ഏകാദശീനാളിൽ രുഗ്മാംഗദനോടു പുത്രവധം ആവശ്യപ്പെടുന്ന മോഹിനിയുടെ ഭാഗം. പ്രകാശനായിരുന്നു രുഗ്മാംഗദൻ. കാൽക്കൽ കിടന്നു കരുണയിരക്കുന്ന രാജാവിൻെറ നിസ്സഹായതയും കുമാരനെ കെട്ടിപ്പിടിച്ചു നിലവിളിക്കുന്ന പത്നിയുടെ പ്രാണവേദനയും അവളുടെ ആസുരമായ പ്രണയകോപത്തെ കൂട്ടുകയാണ് ചെയ്തതു്. ആമഞ്ജുഭീഷണമായ ഭാവം, രാജപത്നിയെന്ന നിലയെക്കടന്നു വ്യക്തിപരമായ നിലയിലും കോമളത്തിൻെറ മനഃശാന്തിയെ ബാധിച്ചു. അല്പയത്നത്താൽ ആരേയും ആകർഷിച്ചു നശിപ്പിക്കാനും, സ്വയം കീഴടങ്ങാതെ കീഴടക്കാനും രംഗത്തുനിന്നിറങ്ങിയാലും കഴിയുന്ന ഒരു സ്ത്രീയാണു് ഉഷയെന്നു പ്രേക്ഷകർക്കും തോന്നി.

പക്ഷേ രംഗത്തുനിന്നിറങ്ങിയാൽ, ഉൾക്കടവികാരങ്ങൾ ജീവിതത്തിലറിഞ്ഞുകൂടാത്ത ഒരു ജീവിയുടേതുപോലെയായിരുന്നു എപ്പോഴും ഉഷയുടെ മുഖം.

കലാമന്ദിരവാസികൾ കോമളത്തിനെ വാത്സല്യപൂർവ്വം ഇഷ്ടപ്പെട്ടു. ഉഷയെ ആദരപൂർവ്വം അനുസരിച്ചു. പഴയതിൽ പുതുമകലർത്തുകയായിരുന്നു ഉഷാദേവിയുടെ കലാതന്ത്രം. നല്ലനല്ല, പുരാണകഥാരംഗങ്ങൾ തിരഞ്ഞെടുത്തു പരിഷ്കരിക്കുന്നതിലവൾ കാണിച്ച പ്രതിഭാശക്തി പ്രകാശനെയും വിസ്മയിപ്പിച്ചു.

ദേവിയുടെ താമസക്കാലം ആറുമാസത്തിൽനി

ന്നു് ഒരു വഷ്മായി നീണ്ടു; പിന്നീടു അനിശ്ചിതമായും. പ്രകാശൻ അവരുടെ സാന്നിദ്ധ്യം അത്രമാത്രം അമൂല്യമായിക്കരുതി. അയാളുടേയും കോമളത്തിൻേറയും സുഖാരോഗ്യങ്ങളിൽ ഉഷ ഏററവുമധികം ശ്രദ്ധകാണിച്ചു. അതിലെ ആത്മാത്ഥതയിലാരും സംശയിച്ചുമില്ല. പക്ഷെ തന്നിലും പ്രകാശനുമിടയ്ക്കു മുമ്പ് ശൂന്യമായിക്കിടന്നിരുന്ന സ്ഥലത്തു ഉഷ കടന്നു നിന്നതു കോമളത്തിനെ വല്ലാതെ വേദനിപ്പിച്ചു. അസ്പഷ്ടമായ പ്രതിഷേധത്തിനുപോലും അവഠം ധൈയ്യപ്പെട്ടില്ലെന്നു മാത്രം.

ഉഷയുടെ നിശിതബുദ്ധിയും കമ്മകുശലതയും കോമളത്തിൽ ആദരവിനേക്കാഠം ഭയമാണു് ജനിപ്പിച്ചതു്. ഒഴിവുസമയങ്ങളിലൊക്കെ അവരെയും പ്രകാശനേയും ഒന്നിച്ചേ കാണാനൊക്കൂ. വിവിധ ദേശങ്ങളിലേയും നൃത്തരീതികളെപ്പററി അവക്കുള്ള വിപുലമായ വിജ്ഞാനത്തിൻെറ മുമ്പിൽ പ്രകാശൻ ഒരു ശിഷ്യനെപ്പോലെ ശ്രദ്ധിച്ചിരിക്കുന്നതുകണ്ടു് കോമളം മിഴിച്ചുനിന്നിട്ടുണ്ടു്. പ്രകാശനുപോലും ആ സ്ത്രീയെ എന്തൊരു ബഹുമാനമാണു്!

തൻെറ ജീവിതാശ സഫലമാക്കാൻ ആ ബഹുമാനത്തെ ഉപയോഗപ്പെടുത്തിയാൽ മതിയെന്നു കോമളത്തിനു തീച്ച്തോന്നി. ആ മാഗ്ഗം പരീക്ഷിയ്ക്കാനവഠംക്കു് ധൈര്യംകൊടുത്ത ഒരു സന്ദഭം താമസിയാതെ ഉണ്ടാവുകയും ചെയ്തു.................

ഉഷാദേവിയുടെ കലാവാസനയിൽക്കൂടെ കടന്നുവന്നതായിരുന്നു ആ പുരാണകഥാരംഗം—ഉദ്യാനത്തിലെ ലതാനികുഞ്ജത്തിലിരുന്നു സല്ലപിക്കുന്ന ശ

ർമ്മിഷ്ഠയേയും രാജാവിനേയും കണ്ടുപിടിച്ച ദേവയാനി ശപിക്കുന്നതു്. പ്രകാശൻ രാജാവ്; ഉഷാദേവി ശർമ്മിഷ്ഠ. കോമളം ദേവയാനി. പരിശീലനസമയത്തു പലപ്പോഴും ആ സല്ലാപരംഗം കോമളത്തിൻെറ ശരീരത്തേയും ഹൃദയത്തേയും നടുക്കിയപ്പോ‌ൾ അഭിനയം അങ്ങേയററത്തോളം നന്നായെന്നു മററുള്ളവർ അഭിനന്ദിച്ചു.

പക്ഷേ, നിറഞ്ഞ സദസ്സിൻെറ മുമ്പിൽവച്ചു കോമളത്തിൻെറ ഹൃദയവും ശരീരവും നടുങ്ങുക മാത്രമല്ല നിശ്ശക്തമാവുകകൂടി ചെയ്തു. ശർമ്മിഷ്ഠയുടേയും രാജാവിൻേറയും സൈ്വരസല്ലാപം അവരിൽ ആത്മവിസ്മൃതി ജനിപ്പിച്ചപ്പോ‌ൾ– അപ്രതീക്ഷിതമായി ആ രംഗത്തെത്തിയ ദേവയാനിയെക്കണ്ടു് പ്രേക്ഷകർ ശ്വാസംപിടിച്ചിരുന്നപ്പോ‌ൾ— മാദകസ്വപ്നത്തിൽ നിന്നുണന്ന കമിതാക്ക‌ൾ ദേവയാനിയുടെ കോപശരങ്ങ‌ൾ ഭയന്നു് വെള്ളുത്തുവിളറിനിന്നപ്പോ‌ൾ—പുരാണകഥയ്ക്കു യോജിക്കാത്ത ഒരു രംഗമാണ് അവിടെ അഭിനയിക്കപ്പെട്ടതു്. കോപാരുണിതമാകേണ്ട ദേവയാനിയുടെ മുഖത്തിൽ ശീമച്ഛായത്തേയും ഭേദിച്ചു വിളർച്ച പ്രത്യക്ഷപ്പെട്ടു. ശാപമഭിനയിക്കാൻ തലയ്ക്കുമീതെ ഉയർത്തിയ അവളുടെ കൈക‌ൾ തളന്നു ഇരുവശവും വീണതോടെ നിശ്ശബ്ദം അവളുടെ ശരീരവും പുറകോട്ടുമറിഞ്ഞു.

കോമളം കിടന്ന മുറിയുടെ വരാന്തയിൽ പ്രകാശൻ അക്ഷമനായി നടന്നുകൊണ്ടിരുന്നു. കോമളത്തിനു ബോധംവീണതിനുശേഷമാണ് അയാ‌ൾ ആ മുറിയിൽനിന്നിറങ്ങിയതു്. പേടിക്കാനില്ലെന്നു ഡോ

ക്ടർ പറയുകയും ചെയ്തു. എന്നിട്ടും പ്രകാശനൊരു സമാധാനം തോന്നിയില്ല. കോമളത്തിനെ കണ്ടതു മുതല്ക്കുള്ള കാര്യങ്ങൾ അയാളുടെ ഹൃദയം ഓർത്തുകൊണ്ടിരുന്നു.

മണി മൂന്നടിച്ചപ്പോൾ ഉഷാദേവി അയാളുടെ അടുത്തുചെന്നു പറഞ്ഞു. കോമളം സുഖമായി ഉറങ്ങുകയാണ്. പാംസും നേർമലായിട്ടുണ്ട്. ഇനിയും പ്രകാശനു കിടന്നുറങ്ങിക്കൂടേ?.

പ്രകാശൻ ഒന്നും മിണ്ടാതെ അങ്ങോട്ടുമിങ്ങോട്ടും നടന്നതേയുള്ളു. അതുകൊണ്ട് അവൾ പറഞ്ഞു. ഞാൻ പറഞ്ഞിട്ടു വിശ്വാസമില്ലെങ്കിൽ ഡോക്ടരോടു ചോദിക്കു. ഇന്നുമുഴുവൻ കലാമന്ദിരത്തിൽ കഴിച്ചുകൂട്ടാൻ ഞാനദ്ദേഹത്തോടാവശ്യപ്പെട്ടിട്ടുണ്ട്."

പ്രകാശൻ നിശ്ശബ്ദം കോമളം കിടന്ന മുറിയിൽ കടന്നു. കിടക്കവിരി മീതേ കുഴഞ്ഞുകിടന്ന ആ ശരീരവും ആ വിരിപ്പിനേക്കാൾ വെളുത്തു ദീനമായ മുഖവും അയാളെ തളർത്തി. മദറാത്തി ജ്വലിപ്പിക്കുന്നതല്ല, മൃദുലവികാരം ജനിപ്പിക്കുന്നതാണ് ആ മുഖം— ഒരു ശിശുവിൻേറതുപോലെ വാത്സല്യപൂർവ്വം ഉമ്മ വെയ്ക്കാൻ തോന്നുമാറ് അത്ര നിഷ്കളങ്കം. പ്രകാശൻ കിടക്കമേലിരുന്ന് അവളുടെ ഇടതുകൈ കയ്യിലെടുത്തു. നാഡി തൃപ്തികരമായി അയാൾക്കും തോന്നി. പക്ഷെ, അപ്പോഴും ആ കയ്യെത്ര തണുത്തിരിയ്ക്കുന്നു! കാൽച്ചിലമ്പിൻേറ പാടുകൾ പതിഞ്ഞ അവളുടെ കാലുകൾ തൊട്ടുനോക്കിയപ്പോൾ അയാളുടെ പരിഭ്രമം വർദ്ധിച്ചു. ഒരു വശത്തേക്ക് ചരിഞ്ഞു കിടന്ന അവളുടെ തലയെ താടിയിൽ പിടിച്ചു അയാൾ

നേരെ തലയണയിൽവച്ചു. കോമളത്തിൻെറ ദേഹ മൊന്നു് അനങ്ങി. ഉഷാദേവി പ്രകാശൻെറ തോ ളിൽ കൈവച്ചുകൊണ്ടു് പറഞ്ഞു. "പ്രകാശനെണീ റവ പോയുറങ്ങു. വെറുതെ അവളെ ഉണർത്തി ഉപദ്ര വിയ്ക്കരുതു്."

ഉടുപ്പിൻതുണ്ടെടുത്തു് കണ്ണു് തുടച്ചുകൊണ്ടു പ്ര കാശൻ മിണ്ടാതെ എണീററു പോയി.

വെളുപ്പാൻകാലത്തു കോമളം കണ്ണുതുറന്നു. അടു ത്തൊരു കസേരയിൽ വായിച്ചുകൊണ്ടു കിടന്നിരുന്ന ഉഷ അടുത്തുചെന്നു ചോദിച്ചു "ശരീരത്തിൻെറ ക്ഷീണവും വേദനയുമൊക്കെ കുറഞ്ഞില്ലേ?"

കോമളം ആ കിടപ്പിൽ നാലുവശവും ഒന്നു ക ണ്ണോടിച്ചുകൊണ്ടു് ചോദിച്ചു "സാറെവിടെ?"

"ഉറങ്ങുകയാണു്. അവിടെക്കിടന്നു ചാടിയതു പോരാഞ്ഞിട്ടു ഉറക്കമിളയ്ക്കുകകൂടി ചെയ്താൽ ആരോ ഗ്യത്തിനു കേടുതട്ടുകില്ലേ?"

"അതുകൊണ്ടു് ദേവി സാറിനെ പറഞ്ഞയച്ചു കളഞ്ഞു?"

"അതെ പ്രകാശൻേറയും കോമളത്തിൻേറയും ഒരു തലനാരിനുപോലും കേടുപററാതെ നോക്കേണ്ട തു് എൻെറ പ്രിയപ്പെട്ട കലയോടെനിക്കുള്ള കടമ യാണു്."

കോമളത്തിൻെറ മുഖത്തു് ആശ്വാസഭാവം പര ന്നു— ഉടനെ അസ്വാസ്ഥതയുടെ നിഴലും. അവളുടെ ചുണ്ടുകൾ പിന്നെയും അനങ്ങി. "ദേവിപറഞ്ഞാൽ സാർ എന്തും കേൾക്കും."

കോമളത്തിന്റെ സംഭാഷണം ഏതുവഴിക്കു തിരിയാൻ തുടങ്ങുന്നു എന്നൂഹിച്ച്, ഉഷ കസേരയിലിരുന്നുകൊണ്ടു് വാത്സല്യപൂർവ്വം പറഞ്ഞു. ''അതെ, അതെന്തുകൊണ്ടാണെന്നോ? നർത്തകനായ പ്രകാശനു വേണ്ടി—മനുഷ്യനും പുരുഷനുമായ പ്രകാശനുവേണ്ടിയല്ല—എന്റെ സകലതും, ആവശ്യമാണെങ്കിൽ എന്റെ ജീവൻപോലും, കളയാനെനിക്കു സന്തോഷമേയുള്ളു. എന്റെ ജീവിതസർവ്വസ്വമായ നൃത്തകലയുടെ മുമ്പിൽ മറ്റെല്ലാം തീരെ നിസ്സാരങ്ങളാണു്.''

''മനുഷ്യത്വത്തിന്റെ—സ്ത്രീത്വത്തിന്റെ—ആവശ്യങ്ങളും?''

''എല്ലാം. എന്റെ ജീവിതം നോക്കു. ആണും പെണ്ണും തിരിച്ചറിയാത്ത പ്രായത്തിൽ വിധവയായിത്തീർന്ന ബ്രാഹ്മണസ്ത്രീയാണു് ഞാൻ. ആ സങ്കടം കൊണ്ടാണു് അമ്മ മരിച്ചതെന്നും ഞാൻ കേട്ടിട്ടുണ്ടു്. പക്ഷേ ഒരു ഭർത്താവിന്റെ ആവശ്യം ഇന്നുവരെ ശരീരവും മനസ്സും അറിഞ്ഞിട്ടില്ല. എന്തുകൊണ്ടു്? പ്രാണനേക്കാൾ കൂടുതൽ സ്നേഹിയ്ക്കാൻ, മധുരമായ വേദനകളനുഭവിയ്ക്കാൻ, എന്റെ നൃത്തകലമതി എനിക്കു് അതു് വഴി കാമുകസമാഗമത്തിലെ നിർവൃതിയും ഭർതൃവിയോഗത്തിലെ വേദനയും എല്ലാം ഞാനറിഞ്ഞിട്ടുണ്ടു്''

''അതൊക്കെ അഭിനയങ്ങളാണ്; സത്തയില്ലാത്ത സങ്കല്പങ്ങൾ—കുഞ്ഞുങ്ങൾ കളിക്കുന്നതുപോലെ അതൊക്കെ അനുഭവങ്ങളാകുമോ?''

''അനുഭവമല്ല, അനുഭൂതിയാണതു്. അനുഭവങ്ങൾ എല്ലാവർക്കും—പക്ഷിമൃഗാദികൾക്കുംകൂടെ—കി

ട്ടം. പക്ഷേ അനുഭൂതി നമ്മെപ്പോലെ കുറെപ്പേക്കു മാത്രമേ കിട്ടുകയുള്ളു. ഒരൊററ അംഗചലനത്താൽപോലും ആനന്ദമൂർഛയിലെത്താൻ എത്രപേക്കു സാധിക്കും?''

കോമളം അതിനുത്തരമൊന്നും പറയാതെ ഉഷയുടെ മുഖത്തുനോക്കിക്കൊണ്ട് നിശ്ചലം മലന്നുകിടന്നു. ദേവി തുടന്നു. ''ഈശ്വരപ്രേമത്തിൽ അങ്ങേയററത്തെത്തിയവരെ നോക്കു. മതഭ്രാന്തന്മാർ തന്നിയെ ദേഹപീഡചെയ്തുാനന്ദിക്കുമെന്നു പറയപ്പെടുന്നില്ലേ? ലൈംഗികമനശ്ശാസ്ത്രജ്ഞന്മാർ മതത്തിനും ഭക്തിക്കും നല്കുന്ന വ്യാഖ്യാനങ്ങളെന്താണു്? ജീവിതത്തിൻെറ എല്ലാംവശങ്ങളും ഒന്നിൽ കേന്ദ്രീകരിക്കപ്പെടുമ്പോഠം ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം ആ ഒന്നിനെ തൃപ്തിപ്പെടുത്തിക്കൊണ്ടിരുന്നാൽഎല്ലാം തൃപ്തിപ്പെട്ടുകൊള്ളും.''

''അതുമാത്രമല്ല'' കോമളം പതുക്കെപ്പറഞ്ഞു. ''പുരുഷസാമീപ്യംകൊണ്ടു മാത്രം ചില സ്ത്രീകളുടെ വികാരം ഉറങ്ങിക്കൊള്ളും.''

''ആ സാമീപ്യംതന്നെ മററുചില സ്ത്രീകളുടെ വികാരത്തെ ഉജ്വലിപ്പിക്കുകയും ചെയ്യും. ഇല്ലേ?''

കോമളം ആ പ്രതിചോദ്യത്തിലെ സൂചന ഗ്രഹിച്ച് സഹജമായ ഭീരുതയോടെ വേദനാപൂർവ്വം മുഖംതിരിച്ചുകളഞ്ഞു.

ശബ്ദംകേഠപ്പിക്കാതെ ഡോക്ടർ കടന്നുചെന്നു. പരിശോധനയ്ക്കുശേഷം അദ്ദേഹത്തിൻെറ മുഖത്തു് അതൃപ്തിപരന്നതു് ഉല്ക്കണ്ഠാപൂർവ്വം നോക്കിനിന്ന ഉഷ

കണ്ടു. മനസ്സു സ്വസ്ഥമാക്കിവെച്ചു മിണ്ടാതെ കിടക്കണമെന്നു രോഗിണിയോടു കർശനമായി പറഞ്ഞു, മരുന്നും മാറിക്കൊടുത്തിട്ടു ഡോക്ടർ ഇറങ്ങിപ്പോയി.

ഉഷ ജന്നൽപടിയിൽ കൈമുട്ടൂന്നി വെളിയിൽ നോക്കിക്കൊണ്ടു നിന്നു. ഇനിയൊരിക്കലേക്കു മാററി വയ്ക്കാൻ വയ്യാത്തവിധം കെട്ടുപിണഞ്ഞുകിടക്കുന്ന കോമളത്തിൻെറ പ്രശ്നത്തിൻെറ മുമ്പിൽ അവളുടെ ബുദ്ധിയുടെ മുന മടങ്ങിപ്പോയി. കോമളത്തിൻെറയും പ്രകാശൻെറയും സംയോഗം കലാലോകത്തിന്ന് ഒരമൂല്യസംഭാവനയ്ക്ക് ജീവൻ കൊടുത്തേയ്ക്കാമെന്ന അനിശ്ചിതലാഭമൊഴിച്ചാൽ കോമളത്തിൻെറ അഭിലാഷപൂർത്തി കലയ്ക്കെന്തെല്ലാം നഷ്ടങ്ങൾക്കിടവരുത്തും?

കോമളം മന്ദസ്വരത്തിൽ വിളിച്ചു "ദേവീ"

ഉഷ ആലോചനയിൽനിന്നും വിരമിച്ച് ആ നിലയിൽനിന്നനങ്ങാതെ ചോദിച്ചു "എന്തുവേണം?"

"എനിക്കു ചിലതു പറയാനുണ്ട്. ദേവി എന്നെ ദ്വേഷ്യപ്പെടുമോ?"

"ഇല്ല" ഉഷ കട്ടിലിന്നടുത്ത് ക്യാൻവാസ് കസേരയിലിരുന്ന് അനുനയസ്വരത്തിൽ പറഞ്ഞു. "പക്ഷേ ഡോക്ടർ പറഞ്ഞതൊക്കെ മറന്നുപോയോ?"

കോമളം ആവേശപൂർവ്വം പറഞ്ഞു. "ഇനിയും ഞാനിതു പറയാതെവച്ചിരുന്നാൽ അതെൻെറ ജീവനുംകൊണ്ട് പുറത്തുചാടും." പെട്ടെന്ന് ആവേശ

മടക്കി പതിഞ്ഞസ്വരത്തിലവാം ചോദിച്ചു "ദേവി യെന്തിനാണ് നാം മൂന്നുപേരും രംഗത്തുവരേണ്ട സന്ദർഭങ്ങളിലെല്ലാം സ്നേഹം നഷ്ടപ്പെട്ട സ്ത്രീയുടെ ഭാഗം എന്നെക്കൊണ്ടഭിനയിപ്പിയ്ക്കുന്നതു്?"

എല്ലാം തുറന്നുപറയേണ്ട സന്ദർഭമാണതെന്നു കണ്ട ഉഷ പറഞ്ഞു: "രംഗത്തഭിനയിച്ചുണ്ടായ സ്നേഹമാണെങ്കിൽ അതൊരു മറമരുന്നാവുമെന്നു ഞാനാശിച്ചു. കലാസംബന്ധിയല്ലാത്തതിൽ എന്റെഹൃദയത്തിനു ദൌർബ്ബല്യമില്ലെങ്കിലും, പലതും കണ്ടുമനസ്സിലാക്കാൻ എന്റെ ബുദ്ധിയ്ക്കറിയാം."

"അങ്ങനെയാണെങ്കിൽ ദേവി—"

കോമളത്തിന്റെ ഭാവത്തിലെ അപേക്ഷ വാക്കുകളിലേയ്ക്കു കടക്കുംമുമ്പേ ഉഷ മുൻകൂട്ടി പറഞ്ഞു. "കോമളം, ത്യാഗത്തിന്റെ അളവുകോൽകൊണ്ടാണ് പ്രേമത്തിന്റെ മാഹാത്മ്യം അളക്കപ്പെടുന്നതു്."

"എപ്പോഴുമല്ല" താൻ സ്പഷ്ടമേ പറയാതെ ഉഷ കാര്യത്തിലേയ്ക്കു കടന്ന ആശ്വാസത്തോടെ കോമളം പറഞ്ഞു: "പ്രേമത്തിനു സാഫല്യമുണ്ടാകയില്ലെന്നു തീർച്ചയായിട്ടാണ് ത്യാഗത്തെപ്പററി ആലോചിക്കാൻ."

"എന്നാലും ഒന്നാലോചിച്ചുനോക്കു." ഉഷ എണീററു കോമളത്തിന്റെ കിടക്കമേലിരുന്നു് വാത്സല്യഭരിതമായ സ്വരത്തിൽ പറഞ്ഞു. "ലോകത്തിന്റെ ആനന്ദത്തിനുവേണ്ടി സ്വന്തം സുഖങ്ങൾ ചിലതൊക്കെ വേണ്ടെന്നുവയ്ക്കുന്നതാണ് ഉൽകൃഷ്ടമായ മനുഷ്യത്വം. പ്രകാശനെപ്പോലുള്ള കലോപാസക

ന്മാരെ സ്നേഹവലയത്തിൽ ബന്ധിച്ചുനിർത്തി സ്വന്തമാക്കാനാശിക്കുന്നതു്, മൃഗീയമായ സ്വാത്ഥതയല്ലേ? കലയ്ക്കുവേണ്ടി അപ്പിക്കപ്പെട്ട ഒരു ജീവിതത്തിൽ ഒരു ഭത്താവിൻേറയും തുടന്നൊരച്ഛൻേറയും കടമകഠം ചെന്നു വീണാലത്തെ സ്ഥിതി എന്തായിരിക്കും?''

''വലിയ കലാകാരന്മാരെല്ലാം ബ്രഹ്മചാരികളായിരിക്കണമെന്നാണോ ദേവി പറയുന്നതിൻെറ അത്ഥം?''

''കലാകാരന്മാർ മാത്രമല്ല, അനുഗ്രഹീതരായ ശാസ്ത്രജ്ഞന്മാരും രാഷ്ട്രീയചിന്തകന്മാരും കൂടി, പ്രാരബ്ധചിന്തകളാൽ തങ്ങളുടെ കഴിവുകഠംക്കു് കുരുക്കിടാതെ ജീവിക്കണമെന്നാണു് എൻെറ വിചാരം. പ്രത്യേകിച്ചും പ്രകാശനെപ്പോലെ, ആ ആവശ്യം തനിയെ അറിയാതെ തൻെറ തൊഴിൽ തന്നെ ജീവിതത്തിലെ സകലതുമായിക്കാണുന്നവരെ ആ പ്രവത്തിപഥത്തിൽനിന്നു തിരിയ്ക്കാനാശിയ്ക്കുന്നതു വലിയ പാപമല്ലേ? അത്തരം പുരുഷന്മാർ അത്രയ്ക്കു് അപൂവ്വസൃഷ്ടികളാണു്.''

''ആ സ്ഥിതിയ്ക്കു കലാപ്രവത്തനത്തിലേപ്പെട്ട വ്യക്തിയിലെ സ്ത്രീയ്ക്കും പുരുഷനും ഒന്നും വേണ്ടേന്നോ?''

''അങ്ങനെ കോമളത്തിനോടു പറയാൻ എനിയ്ക്കധികാരമില്ല. കോമളത്തിൻെറ ആരാധകന്മാരിൽനിന്നുതന്നെ നല്ലൊരു ഭത്താവിനെ തിരഞ്ഞെടുക്കാനും സാധിയ്ക്കും. പിന്നെ, ഈ കലാമന്ദിരത്തിന്നു ജീവൻ കൊടുത്ത കലാകാരി വിട്ടുപോകുന്നതു് അത്ര വേഗം നികത്താവുന്ന നഷ്ടമല്ലെന്നു മാത്രം.''

“പക്ഷെ, തീച്ചയായും ഞാനങ്ങനെയൊരു കലാകാരിയല്ലെന്നു് എനിയ്ക്കറിയാം.” കോമളം ദയനീയസ്വരത്തിൽ തുടന്നു, “ദേവി, എനിയ്ക്കായുസ്സു് കുറവാണെന്നു് അച്ഛൻ പറയാറുണ്ടായിരുന്നു. ജീവിതത്തിലീയൊരൊററ ആശയെ എനിയ്ക്കുള്ളു. പതിനഞ്ചു വയസ്സിനു മുമ്പു—പ്രേമമെന്നാലെന്തെന്നറിയാത്ത പ്രായത്തിൽ—ഞാൻ സാറിനെ കണ്ടതാണു്. ജീവിതത്തിലന്നുമാത്രമേ ഞാനാരോടെങ്കിലും തൻേറടത്തോടെ സംസാരിച്ചിട്ടുള്ളു. എൻെറ അച്ഛനെ എതിത്തു് ഒരപരിചിതൻെറ വശം പറയാനെനിക്കു ധൈയ്യം തന്നതു സാറും മററും വിചാരിക്കുന്നപോലെ കലയോടുള്ള ആവേശമല്ല, മനുഷ്യനോടുള്ള പ്രേമമാണു്. ആ ശക്തികൂടിയ പ്രേരണയാണു് എന്നും എൻെറ കലയ്ക്കു ജീവൻ കൊടുക്കുന്നതു്.”

“ആ പ്രേരണകൊണ്ടു മാത്രം ഇത്ര വലിയ കലാകാരിയായി ഉയരാൻ സാധിയ്ക്കുമോ?”

“തീച്ചയായും. ഇഷ്ടദേവതയെ പ്രീതിപ്പെടുത്താൻ വേണ്ടി, ആശയുടെ ശക്തിയാൽ, ഭക്തരല്ലാത്തവരും ചിലപ്പോഠം കുഴത്തവരുപോലും പൂജിച്ചുപോവുകില്ലേ?”

ഉഷയുടെ മുഖഭാവം പെട്ടെന്നു പകന്നു, കണ്ണുകഠം ജ്വലിച്ചു. “അക്കൂട്ടരുടെ അധമമായ ഭക്തിപോലെ, അഭീഷ്ടസിദ്ധിക്കുള്ള ഒരുപകരണം മാത്രമാണു് നിനക്കു കല?”

“അതേ അത്രേയുള്ളു.”

ഉഷ കുറെനേരം അനങ്ങാൻ വയ്യാതെ നിന്നു. തനിയ്ക്കേററവും പ്രിയതരമായ വസ്തുവിനു ക്ഷതം പ

ററിയതുപോലെ അവക്ക വേദന തോന്നി. ഒടുവിൽ, ക്ഷോഭം തിങ്ങിയ പ്രശാന്തസ്വരത്തിലവർ പറഞ്ഞു. ‘‘ശരി, ഞാൻ പോയി പ്രകാശനെ പറഞ്ഞയയ്ക്കാം.’’

‘‘എന്തിനു്’’? ആ പ്രശാന്തതയുടെ അടിയിലെ രൌദ്രത കോമളത്തിനെ ഭയപ്പെടുത്തി.

‘‘ഇഷ്ടദേവതയോടു വരം വാങ്ങിക്കൊള്ളാൻ. തീർച്ചയായും കോമളത്തിൻെറ സുഖം തൻെറ കർത്തവ്യമാണെന്നു വിചാരിക്കുന്ന പ്രകാശനതു നിഷേധിയ്ക്കുയില്ല. പക്ഷേ....പക്ഷേ....’’

ഉഷാദേവി, കിടക്കയ്ക്കു മുമ്പിൽ നിന്നു കോമളത്തിനെ ദൃഷ്ടിയുറപ്പിച്ചു നോക്കി. ഫണമുയർത്തിനില്ക്കുന്ന പാമ്പിനെക്കണ്ടതുപോലെ പേടിച്ചു കോമളം ശ്വാസം പിടിച്ചുകൊണ്ടു ചോദിച്ചു. ‘‘പക്ഷേ എന്തു്?’’

‘‘പക്ഷേ, അതോടെ എല്ലാം നിനക്കു നഷ്ടപ്പെടും. സഹനശക്തിയായ കോമളത്തെ അങ്ങേയററത്തെ വാത്സല്യത്തോടെ സ്നേഹിക്കുന്ന പ്രകാശൻ, ഭാര്യയായ കോമളത്തിനെ സർവ്വശക്തിയോടെ വെറുക്കും. ഈ നിലയിൽ നീ പോയാൽ കരഞ്ഞു ചാവുന്ന പ്രകാശൻ, ഭാര്യയായ ശേഷം നീ മരിച്ചാൽ ജീവിതത്തിലെ നരകമൊഴിഞ്ഞെന്നു വെച്ചാശ്വസിയ്ക്കും. കർത്തവ്യത്തിൻെറ കെട്ടുപാടുകളിഷ്ടപ്പെടുന്ന കലാകാരനല്ല പ്രകാശൻ. നിർബ്ബന്ധമാണെങ്കിൽ പരീക്ഷിച്ചുനോക്കിക്കൊള്ളൂ.’’

സർപ്പദംശമേററതുപോലെ കോമളത്തിൻെറ മുഖം ദുസ്സഹവേദനയാൽച്ചുളുങ്ങി. ഉഷ വാതില്ക്കലേ

ട്ടു തിരിഞ്ഞുകൊണ്ടു് പറഞ്ഞു. "നാളെ രാവിലെ ഞങ്ങളിവിടം വിട്ടാൽ തിരിയെ വരാൻ കുറച്ചധിക ദിവസം എടുക്കും. ഞങ്ങൾ പോകുംമുമ്പേ കോമളത്തിന്റെ അനുജത്തിമാൎക്കു്വരാൻ കമ്പിയടിയ്ക്കാം. പ്രകാശനെ ഇപ്പോൾത്തന്നെ പറഞ്ഞയയ്ക്കണമോ?"

കോമളത്തിനു് തലയണയിൽ തലയിട്ടുരുട്ടി വേണ്ടെന്നു കാണിയ്ക്കാനുള്ള ശക്തി എങ്ങനേയോ കിട്ടി. ഉഷാദേവി വൎണ്ണിച്ചതിൽ വളരെക്കുറച്ചേ അപ്പോഴും അവൾ ഭാവനയിൽ കണ്ടിരുന്നുള്ളു........

പ്രകാശനും പാട്ടിയ്ക്കും സഞ്ചാരപരിപാടി വഴിയ്ക്കുവച്ചു നിൎത്തി തിരിയെപ്പോരേണ്ടതായി വന്നു. കോമളശവസംസ്കാരം തന്റെ സാന്നിദ്ധ്യത്തിലായിരിക്കണമെന്നു പ്രകാശനു നിൎബ്ബന്ധമായിരുന്നു! ഉഷാദേവിയും അതാഗ്രഹിച്ചു.

കോമളത്തിനോടുള്ള ബഹുമാനസൂചകമായി കലാമന്ദിരം പതിനഞ്ചുദിവസത്തേയ്ക്കു പൂട്ടിയിട്ടു. ആ ഗംഭീരസൌധത്തിലെ ശ്മശാനനിശ്ശബ്ദതയെ പ്രകാശനും ഉഷയുംകൂടി ഭദ്രമായി പരിപാലിച്ചു. പ്രകാശന്റെ കണ്ണുകളിൽ പലപ്പോഴുംകണ്ട കലങ്ങൽ ഉഷയുടെ കണ്ണുകളെ ഒരിയ്ക്കലും ബാധിച്ചിരുന്നില്ല. എന്നാൽ അവളുടെ മുഖത്തു് ആനന്ദത്തിന്റെ നേരിയ പ്രകാശമെങ്കിലും നിമിഷനേരംപോലും പരന്നതുമില്ല.

പതിനാറാംദിവസം പ്രഭാതത്തിൽ പ്രകാശൻ പതിവിൽ കൂടുതൽ നേരത്തെ എണീററു. കുളിയും ഭക്ഷണവും വേഷധാരണവും കഴിഞ്ഞു്, അയാൾ ഗേ

 D.M. 2043

ററിനഭിമുഖമായി സ്വന്തം മുറിയിൽ ചെന്നിരുന്നു. വിദ്യാർത്ഥിവിദ്യാർത്ഥിനികൾ ഓരോരുത്തരായി, വീട്ടിൽ താമസിച്ച പ്രസരിപ്പോടുകൂടി ഗേററുകടന്നു തങ്ങളുടെ വസതികളിലേയ്ക്കു പൊയ്ക്കൊണ്ടിരുന്നു. കുട്ടികളുടെ എണ്ണം കൂടുന്നതനുസരിച്ച് പ്രകാശൻെറ കണ്ണുകളിൽനിന്നു് നീർത്തുള്ളികൾ വീഴാൻതുടങ്ങി.

മരണത്തിൻെറ കയ്പിടിയിൽ കിടന്നുകൊണ്ടു കോമളം അനുജത്തിയെക്കൊണ്ടെഴുതിച്ച എഴുത്തു് അപ്പോഴും ആ മേശപ്പുത്തു് കിടന്നിരുന്നു. ആദ്യം അവിടെച്ചെന്നദിവസം കരാറിൻെറ വ്യവസ്ഥകൾ അച്ഛൻ സമ്മതിയ്ക്കാതെ നിന്നപ്പോൾ താൻ അവളെ നോക്കിയതിൽ ഒരു കലാകാരൻെറ വീക്ഷണമല്ല, ഒരു കാമുകൻെറ കടാക്ഷമാണവൾ കണ്ടതു്—നൃത്തത്തിനും പണമിടപാടിനും അതീതമായ ഒരു ബന്ധത്തിൻെറ നിർദ്ദേശം. പാവം! അതൊക്കെ നേരിട്ടു പറയാനവൾക്കു ധൈര്യമില്ലാതായിപ്പോയി; പറയാതെ മനസ്സിലാക്കാൻ, കലായത്നങ്ങളിൽ മുഴുകിയ തൻെറ ഹൃദയബുദ്ധികൾക്കു് ഇടവും കിട്ടിയില്ല.

“പ്രകാശൻ ദിവാസ്വപ്നം കാണുകയാണോ?” എന്നു ചോദിച്ചുകൊണ്ടു് ഉഷ മുറിയ്ക്കകത്തുചെന്നു. “ദേവി വലിയ ബുദ്ധിമതിയല്ലേ? എന്നിട്ടു് ആ കുട്ടിയുടെ മനോഗതി മനസ്സിലാക്കാൻ കഴിയാതെ പോയതെന്തുകൊണ്ടു്?”

85677

പ്രകാശൻെറ മുമ്പിലിരുന്ന കടലാസ്സെന്താണെന്നു് ഒററനോട്ടത്തിൽ ഉഷയ്ക്കു മനസ്സിലായി. അവൾ പുഞ്ചിരിയോടെ പറഞ്ഞു. “എന്തിൻെറ പ്രേരണകൊണ്ടായാലും, കലാമന്ദിരത്തിൻെറ സൗഭാഗ്യ

ത്തിന്നും കാരണമാകാൻ കോമളത്തിന്ന കഴിഞ്ഞു. ശരിയായ സമയത്തു മരിക്കാനുള്ള ഭാഗ്യവും അവൾ ചെയ്തു. കലാമന്ദിരത്തിന്നു് അവളെ മറക്കാതെ ബഹുമാനിക്കേണ്ട കടമയുണ്ടു്. അതെങ്ങിനെ നിറവേററിയിരിക്കുന്നുവെന്നു നോക്കു.''

പ്രകാശൻ നിശ്ശബ്ദം എഴുന്നേററു് ഉഷാദേവിയെ പിന്തുടന്നു. നൃത്തശാലയുടെമുൻവാതിൽ അടച്ചുവച്ചിരുന്ന ഒരു വലിയ ഛായാപടത്തിന്റെ മുമ്പിൽ നിന്നിട്ടു ഉഷ പറഞ്ഞു. ''കോമളത്തിന്റെ ഈ പടം വന്ദിച്ചശേഷം വേണം ഇന്നുതൊട്ടിവിടെ പഠിത്തം തുടങ്ങാൻ.''

''പക്ഷേ ആ പടം ചുമരിൽനിന്നിറങ്ങി എന്റെകൂടെ നൃത്തം ചെയ്യില്ലല്ലോ'' എന്നു പറഞ്ഞപ്പോൾ പ്രകാശന്റെ കണ്ണുകൾ വീണ്ടും നിറഞ്ഞു. ഉഷാദേവി രണ്ടു ശിപായിമാരെ വിളിച്ചു് ചുമരിൽ ആ പടം വെയ്ക്കേണ്ട സ്ഥാനം കാണിച്ചുകൊടുത്തു.

പടം വാതില്ക്കൽനിന്നു മാററപ്പെട്ടപ്പോൾ അതിന്റെ പിന്നിൽ ഒരു രൂപം പ്രത്യക്ഷപ്പെട്ടു. പ്രകാശന്റെ ഹൃദയത്തിലെ കോമളത്തിന്റെ ഛായ പെട്ടെന്നു മങ്ങി. ഉഷാദേവി പറഞ്ഞു. ''എന്റെ അനുജത്തി പ്രഭാമയിയാണിതു്. എന്റെ രണ്ടാമമ്മയുടെ മകൾ. പരിശീലനത്തിന്നായി ഇത്ര കാലവും പലേടത്തു അയച്ചിരിക്കയായിരുന്നു. അൽമോറയിൽനിന്നും ഞാൻ കമ്പിയടിച്ചു വരുത്തി. കോമളത്തിന്റെ അഭിനയസൌന്ദര്യവും എന്റെ പ്രതിഭാശക്തിയും പ്രഭയിൽ കാണാം. അതുകൊണ്ടു് ഇനിയുമീനിലയിൽ കോമളത്തിന്റെ പടം ചുമരിലിരുന്നാൽ പോരേ?''

പ്രഭാമയിയെ നോക്കിനോക്കി നില്ക്കേ, പ്രകാശന്റെ ഹൃദയത്തിൽ കോമളത്തിനെ കുറിച്ചുള്ള സ്മരണയുടെ സ്ഥാനത്തു് പ്രഭയെ പററിയുള്ള പ്രതീക്ഷകൾ ഇരച്ചുകയറി. അയാളുടെ കലങ്ങിയ കണ്ണുകൾ ആനന്ദാതിരേകത്താൽ തിളങ്ങി. ആ കണ്ണുകളിൽ നിന്നടന്നുവീണ ബാഷ്പബിന്ദുവിൽ, മരിച്ച സഹനത്തകിയോടുള്ള കൃതജ്ഞതയും പുതിയ കലാകാരിയോടുള്ള സ്വാഗതവും ലയിച്ചു കിടന്നിരുന്നു.

---

# സ്വാതന്ത്ര്യവാദക്കാരി.

---

അതൊരു ചെറിയ യാത്രയായിരുന്നു. കോട്ടയത്തുനിന്നും തിരുവനന്തപുരം വരെ. എന്നിട്ടും വിലാസിനിക്കു് തനിയെ സഞ്ചരിക്കാൻ ഭീതിതോന്നി. പക്ഷേ പേടിയും പരിഭ്രമവും ഒന്നും ഒട്ടുമവൾ പുറത്തു കാണിച്ചില്ല.

കോളേജിലെ പ്രസംഗമത്സരത്തിനു സ്ത്രീസ്വാതന്ത്ര്യം എന്ന വിഷയം വന്നപ്പോൾ വിലാസിനി ഒന്നാംസമ്മാനം വാങ്ങിച്ചതു് വാചാലതകൊണ്ടോ വിജ്ഞാനംകൊണ്ടോ ആയിരുന്നില്ല; പിന്നേയോ അവളെ ആവേശം കൊള്ളിച്ച ആത്മാർത്ഥതകൊണ്ടു്. സാമ്പത്തികസ്വാതന്ത്ര്യം നേടിയാൽ സ്ത്രീയുടെ അടിമത്വം താനേ നീങ്ങികൊള്ളുമെന്നവളൽബോധിപ്പിച്ചു. പല വഴിയിൽക്കൂടേയും പുരുഷന്മാരതിനു തടസ്സക്കാരാവുന്നതെന്തിനെന്നവൾ അതിശയിച്ചു! മധുരപലഹാരത്തിന്റേതായാലും തലയിലിരിക്കുന്ന

ച്ചമട്ട് ഭാരത്തിനും ക്ലേശത്തിനും കാരണമല്ലേ എന്നവാം ചോദിച്ചു. പുരുഷനോടൊപ്പം എല്ലാ രംഗങ്ങളിലും സ്ത്രീ കമ്മനിരതയായി ഇറങ്ങേണ്ടതു്, സ്ത്രീസമുദായത്തിൻെറ മാത്രമല്ല മനുഷ്യവംശത്തിൻെറ തന്നെ ഉൽക്കർഷത്തിന്നാവശ്യമാണെന്നവാം സ്ഥാപിച്ചു.

അങ്ങനെയൊക്കെ ഉജ്ജ്വലമായി പ്രസംഗിച്ചെങ്കിലും, ബസ്സിൽ കയറാൻ സ്ത്രീകാം പുരുഷന്മാരോടൊപ്പം ഉന്തുകയും തള്ളുകയും ചെയ്യുന്നതു കണ്ടപ്പോാം വിലാസിനിക്ക് അല്പമല്ലാത്ത വല്ലായ്മതോന്നി. എന്തൊരന്തസ്സില്ലായ്മയാണു് ആ സ്ത്രീകാം കാണിക്കുന്നതു്? തിരക്കൊഴിയുന്നതുവരെ അവർക്ക് ക്ഷമിച്ചു നിൽക്കരുതോ?

വിലാസിനിയുടെ അച്ഛൻ, അവളുടെ ട്രങ്കും മററും വണ്ടിയുടെ മുകളിൽ വയ്പിച്ചശേഷം അവളെ റിസർവ് ചെയ്ത സീററിൽകൊണ്ടിരുത്തിയിട്ട് യാത്രപറഞ്ഞു പോയി.

പകുതി വായിച്ചുവെച്ചിരുന്ന ഒരിംഗ്ലീഷ് ത്രില്ലർപുസ്തകമെടുത്തു് വിലാസിനി വായിക്കാൻ തുടങ്ങി. ആ സീററിൻെറ അർദ്ധസ്ഥാനാവകാശിയായി സുമുഖനായ ഒരു ചെറുപ്പക്കാരൻ ഒരു കയ്യിലൊരു സഞ്ചിയും മററെ കയ്യിലൊരു പത്രവുമായി ചെന്നിരുന്നു. അയാളെ അലക്ഷ്യഭാവത്തിൽ ഒന്നു നോക്കിയിട്ട് വീണ്ടുമവാം വായനയിലേർപ്പെട്ടു. ബസ്സ് നീങ്ങിയതോടെ അയാളും വൃത്താന്തപത്രവായനയിൽ ലയിച്ചു.

ചങ്ങനാശ്ശേരി കവലയിൽ ബസ്സ നിന്നപ്പോഠം വിലാസിനിയുടെ ബുക്കടെച്ചുവെച്ച് വെറുതെ നാലു വശവും ഒന്നുനോക്കി. അക്കൂട്ടത്തിൽ അടുത്തിരുന്ന യാളിൻെറ മുഖത്തും അവളുടെ കണ്ണുകഠം ചെന്നുപെട്ടു. അവളെ നോക്കിക്കൊണ്ടിരുന്ന അയാഠം പെട്ടെന്നുണ്ടായ ഒരു പരുങ്ങലോടെ ചോദിച്ചു. ''പേപ്പർ വേണ്ടേ വായിക്കാൻ?''

അയാഠം പേപ്പർ അവളുടെ നേരെ നീട്ടി. അതു വാങ്ങിക്കുന്നതിൽ വിലാസിനി ഒരു ദൂഷ്യവും കണ്ടില്ല. അയാഠം ചോദിച്ചു ''തിരുവനന്തപുരത്തു പോവുകയാണൊ?''

''അതെ.''

''കോളേജിൽച്ചേരാൻ?''

''അതെ''

''ഞാനും അതിന്നുതന്നെ. ലാക്കോളേജിൽ. വക്കീലാകാനാണ് എനിക്കിഷ്ടം. സ്വാതന്ത്ര്യമായ ജീവിതം.'' ഒരു പുഞ്ചിരിയോടെ അഭ്യൎത്ഥനാസ്വരത്തിലയാഠം തുടന്നു. ''എസ്സ്. ബാലഗോപാലൻ എന്നാണെൻെറ പേരു്. അതൊന്നോർമിച്ചാൽ കൊള്ളാമെന്നുണ്ട്. ഇക്കൊല്ലം യൂണിവേർസിററി യൂണിയനു ഞാനൊരു പ്രസിഡൻറ് സ്ഥാനാൎത്ഥിയായി നിൽക്കണമെന്നു വിചാരിക്കയാണ്. ഇപ്പോഴെ വോട്ടുപിടി തുടങ്ങാനുള്ള സന്ദർഭങ്ങഠം കിട്ടിയാൽ വെറുതെ കളയുന്നതെന്തിനു്?''

വിലാസിനിയുടെ നേത്രങ്ങഠം വൃത്താന്തപത്രത്തിൽ പതിഞ്ഞിരിക്കുകയാണെന്നു കാണുകയാലും

പറയേണ്ടതു പറഞ്ഞു കഴിഞ്ഞതുകൊണ്ടും അയാഠം മിണ്ടാതിരുന്നു. പക്ഷെ കുറച്ചു കഴിഞ്ഞയാഠം ചോദിച്ചു. "ആദ്യം വായിച്ചുകൊണ്ടിരുന്ന പുസ്തകം ഒന്നു തരാമൊ?"

വിലാസിനി കയ്യിലിരുന്ന ആരണ്യനോവൽ അയാഠക്കു് കൊടുത്തു.

തിരുവല്ലായിൽവെച്ചു വിലാസിനിയുടെ വായനയ്ക്കു വിഘ്നം നേരിട്ടു. പുറകിലത്തെ സീററിൽ ഉച്ചത്തിലൊരു സ്ത്രീശബ്ദംകേട്ടു് അവഠം തിരിഞ്ഞു നോക്കി—ഒരു വയസ്സോളം പ്രായമുള്ളൊരു ശിശുവിനേയും എടുത്തുകൊണ്ടു് തടിച്ചിയായ ഒരു സ്ത്രീയും, മെലിഞ്ഞു മദ്ധ്യവയസ്കനായ ഒരു പുരുഷനും. ആ ശിശു കുനിഞ്ഞു കൈ നീട്ടി വിലാസിനിയുടെ ലോലാക്കിൽ പിടിക്കാൻ ശ്രമിക്കുകയാൽ അവഠം വായന നിത്തി.

പത്രം തിരിയെ ഉടമസ്ഥനു കൊടുത്തിട്ടു് വിലാസിനി കുഞ്ഞിനെ എടുക്കാനായി തിരിഞ്ഞു. ആ കൊച്ചുകുസൃതി, പൊടിച്ചു തുടങ്ങിയ നാലു പല്ലുകഠം നന്നായി കാണത്തക്കവണ്ണം ചിരിച്ചുകൊണ്ടു് അമ്മയുടെ തോളിലേയ്ക്കു് ചാഞ്ഞുകളഞ്ഞു. ക്ഷണിച്ചുവരുത്തി ഭക്ഷണമില്ലെന്നു പറഞ്ഞയയ്ക്കപ്പെട്ട അതിഥിയെപ്പോലെ വിലാസിനിക്കു ദേഷ്യം വന്നു. അതു കണ്ടു് ആ സ്ത്രീ പറഞ്ഞു. ഈ പെണ്ണിങ്ങനെ കന്നത്തരം കാണിക്കുന്നതിന്നു വല്ലായ്മപ്പെടുന്നതെന്തിനു്? അടുത്തയാണ്ടീസമയം നിങ്ങടെ കയ്യിലൊരു ഓമനക്കുട്ടി കാണുകില്ലേ? അതുമല്ല, ഇവളെപ്പോലൊരു കാക്കക്കറുമ്പിയെയാണൊ കിട്ടാൻ പോകുന്നതു്?"

ആ സ്ത്രീ വിലാസിനിയുടെ സഹയാത്രക്കാരനെ അർത്ഥവത്തായി നോക്കി മന്ദഹസിച്ചു.

വിലാസിനിയുടെ ദേഹം തളർന്നുപോയി. ഇങ്ങനെയൊരു തെററിദ്ധാരണ ആർക്കെങ്കിലും ഉണ്ടാകുമെന്നു് അവൾ പ്രതീക്ഷിച്ചിരുന്നതല്ല. ബാലഗോപാലൻെറ മുഖത്തിൽ മാററമൊന്നും കാണായ്കയാൽ ആ സ്ത്രീ സൂചിപ്പിച്ചതയാൾ കേട്ടില്ലെന്നു വിലാസിനിക്കു തോന്നി. ആ ധാരണ അവളെ ഏറെക്കുറെ ആശ്വസിപ്പിക്കയും ചെയ്തു.

ഇനിയാരോടും സംഭാഷണം തുടരരുതെന്നു് അവൾ നിശ്ചയിച്ചു. ബാലഗോപാലൻെറ കയ്യിലകപ്പെട്ടുപോയ പുസ്തകം തിരിയെ ചോദിക്കാൻ പോലും ഭീതിതോന്നുകയാൽ റോഡിൽ നോക്കിക്കൊണ്ടിരുന്നു് കണ്ണിൽ പൊടി കയറുകയല്ലാതെ മററൊന്നുമവൾക്കു ചെയ്യാനില്ലായിരുന്നു.

ബാലഗോപാലൻെറ കയ്യിൽനിന്നും പത്രം വാങ്ങുന്നതിനിടയ്ക്കു് ആ സ്ത്രീയുടെ ഭർത്താവു് ചോദിച്ചു. ‘‘എവിടേയ്ക്കാണു് നിങ്ങളുടെ യാത്ര?’’

‘‘തിരുവനന്തപുരത്തേക്കു്!’’ ആ ‘നിങ്ങൾ’ ഏകവചനമൊ പൂജകബഹുവചനമൊ ആയാലും തെററല്ലാത്ത മറുത്തരം ബാലഗോപാലൻ നൽകി.

‘‘അവിടെ?’’

‘‘കോളേജിൽചേരാൻ.’’

‘‘ഇപ്പോഴത്തെ ഒരു പരിഷ്കാരം!’’

ആ മനുഷ്യൻ ഭാര്യയുടെ നേരെ തിരിഞ്ഞു് അത്ര രസമല്ലാത്ത സ്വരത്തിൽ പറഞ്ഞു. ‘‘മക്കളും മ

കളുടെ മക്കളും ആയാലും കൂടെ പഠിച്ചോണ്ടിരിക്കുന്നതൊരന്തസ്സപോലെ!"

"അതിനെന്താണൊരാക്ഷേപം!" അയാളുടെ ഭാര്യ എതിർത്തു. "പത്തും പതിനഞ്ചും പെറാൻ പ്രായമുള്ള പെണ്ണുങ്ങൾ അന്താനും കുന്താനുമില്ലാതെ റോഡടിച്ചോണ്ടു നടക്കുന്നതൊരന്തസ്സാണ്, അല്ലേ! അതുങ്ങടെ മൂധേവിയടഞ്ഞ മുഖത്തു നോക്കിയാൽ വെള്ളം കൂടി മുട്ടിപ്പോകും. ഇതു കാണാൻ തന്നെ എന്തൊരൈശ്വര്യം? എന്തൊരു ചേച്ച്? പെണ്ണായാൽ ഒരുത്തൻെറ ശാസന കേട്ടു വേണം ജീവിക്കാൻ. ആൺതുണയുണ്ടെങ്കിലെ പെണ്ണിനെ ഈശ്വരൻ തുണയ്ക്കുയുള്ളു."

വിലാസിനി അതു മുഴുവൻ നിസ്സഹായയായി കേട്ടു. വാഹനത്തിൻെറ ഗതിവേഗത്താൽ ബാലഗോപാലൻെറ ശരീരത്തേക്ക് പറന്നുവീണുകൊണ്ടിരുന്ന സാരിത്തുമ്പും തലമുടികളും അവൾ മുമ്പത്തേക്കാൾ നിഷ്കർഷയോടെ പിടിച്ചൊതുക്കിവച്ചു. നവോഢയുടെ നാണമാണതെന്നു വ്യാഖ്യാനിച്ച് നാട്ടുകാരിയായ ആ സ്ത്രീ പറഞ്ഞു. "ഇതെന്തൊരു പൂദായം! ഇങ്ങനെയും ഒരു നാണമുണ്ടോ? പഠിച്ച പരിഷ്കാരിപെണ്ണുങ്ങളും പോലും."

വിലാസിനി വിയർത്തു തളർന്നു. ബാലഗോപാലൻ വളരെ വേഗം പുസ്തകം വായിച്ചുതീർത്തു തിരിയെ കൊടുത്തുകൊണ്ടു പറഞ്ഞു. "സ്ത്രീകൾക്കും സ്ത്രീകളുടെ പുസ്തകങ്ങളോടാണിഷ്ടമെന്നു തോന്നുന്നു. വാസ്തവത്തിൽ അഗാഥാക്രിസ്റ്റി നല്ലപോലെ എഴുതുകയും ചെയ്യും. ചില സമയം പുരുഷന്മാരേക്കാൾ സാ

മത്ഥ്യത്തോടെ കൊലപാതകിയെക്കൊണ്ട് കഥപറയിച്ച് വായനക്കാരന്റെ ജിജ്ഞാസ അവസാനപേജുവരെ കൂട്ടിക്കൂട്ടിക്കൊണ്ടുപോകുന്നതെന്തൊരു മനോധർമ്മം!"

"എനിക്കിത്തരം കഥകൾ വലിയ ഇഷ്ടമാണ്." വിലാസിനി തലയുയർത്താതെ പതുക്കെപ്പറഞ്ഞു. "നമ്മുടെ നാട്ടിൽ ഇങ്ങനെ ഒക്കെ എഴുതുന്ന സ്ത്രീകൾ ഏതു കാലത്തുണ്ടാവും! അതിനു പററിയ പശ്ചാത്തലവും ഇവിടെയില്ലെന്നുപോകട്ടെ. ഒന്നു നോക്കിയാൽ അതൊരു ഭാഗ്യംതന്നെ. രാപ്പകൽ പേടിച്ചില്ലാതെ ജീവിക്കാനൊക്കുമോ? വെൽസിന്റെ ഇൻവിസിബിൾമേൻ! വായിച്ചപ്പോഴത്തെപ്പോലെ പേടി അനുഭവിച്ചിട്ടില്ല. ഒരദൃശ്യമനുഷ്യന് എന്താണ് ചെയ്യാൻ വയ്യാത്തത്?"

ആ സ്വരത്തിലെ ഭയസ്ഫുരണം കണ്ട് ബാലഗോപാലൻ അവളെ നോക്കി പുഞ്ചിരിയിട്ടു. അപ്പോഴാണയാൾ കണ്ടത്, പുറകിൽനിന്നും കുഞ്ഞ് അവളുടെ തലമുടി പിടിച്ച് പറിച്ചെടുക്കുകയാണെന്ന്. ആ ശല്യപ്പെടുത്തൽ നിവർത്തേണ്ട അമ്മ എന്താണതനുവദിച്ചിരിക്കുന്നതെന്ന ഭാവത്തിൽ അയാൾ ആ സ്ത്രീയെ ഒന്നു നോക്കി. അവർ കുഞ്ഞിന്റെ കൈ പിടിച്ചു മാററിക്കൊണ്ട് പരുഷസ്വരത്തിൽ പറഞ്ഞു: "ഛീ, ചുമ്മാതിരി പെണ്ണേ. മനുഷ്യർക്കിഷ്ടമല്ലെന്നു കണ്ടാൽ പിന്നെയും ചെന്ന് ഒട്ടുന്നതെന്തിന്?"

വിലാസിനിയുടെ മനുഷ്യഗുണത്തെ ആ പരിഭവം സ്പർശിച്ചു. അവൾ തലതിരിച്ച് പുഞ്ചിരി

യോടെ പറഞ്ഞു. ‘‘മകൾക്ക് മനുഷ്യരെ കണ്ടുകൂടാ
ത്തതിനു എനിക്കാണ് കുററം, അല്ലേ? എവിടെയാ
ണു പോകേണ്ടതു്?’’

‘‘പേടിക്കേണ്ടപ്പോ പേടിക്കണ്ടേ.’’ ക്ഷിപ്രപ്ര
സാദിയായ ആ സ്ത്രീ പറഞ്ഞു. ‘‘ഞങ്ങൾ അങ്ങെ അ
ററംവരെ ശല്യപ്പെടുത്തുകയില്ല. ഒരിഴമന്വേഷിച്ച്
കൊല്ലംവരെ ഒന്നു പോകണം. എത്ര ദിവസമായി
ഒരുങ്ങുകയാണെന്നോ? പിള്ളേരും കുട്ടിയും ആയാ
ലിതുതന്നെ പാട്! നിങ്ങൾക്കിപ്പോഴെന്തു സുഖം?
പരമാനന്ദമല്ലേ?’’ വിലാസിനിയുടെ മുഖഭാവം മാ
റന്നതുകണ്ട് അവർ അനുനയസ്വരത്തിൽ പറഞ്ഞു.
‘‘സന്തോഷംകൊണ്ടിങ്ങനെയോരോന്നു പറയുന്ന
തിനും മുഖം വീർപ്പിച്ചാലെ? ആദ്യം കുറെ ദിവ
സം ഇങ്ങനെയിരിക്കും. പിന്നെ ശ്രദ്ധിക്കാനാരു്?
പറയാനാരു്?’’

വിലാസിനിക്കു സംസാരിച്ചു മതിയായി. അടു
ത്തൊരിടത്തു ബസ്സുനിന്നപ്പോൾ സീററ മാറിയിരു
ന്നാലെന്തെന്നവളാലോചിച്ചു. പക്ഷേ അതും ലജ്ജ
കൊണ്ടാണെന്നു വ്യാഖ്യാനിച്ച് ആ സ്ത്രീ ബസ്സിലെ
ല്ലാവരും കേൾക്കെ വിളിച്ചുകൂട്ടി കാര്യമാകപ്പാടെ വ
ഷളാക്കും. ബാലഗോപാലൻ കേൾക്കെ വിശദീകര
ണം നൽകാൻ അവളുടെ നാവു പൊങ്ങിയതുമില്ല.
അതുമല്ല, മററാൻവയ്യാത്തവിധം അവരുടെ ആ
വിശ്വാസം അത്ര ഉറച്ചതുമാണ്. എന്നാലും, കൊ
ട്ടാരക്കരെ എത്തിയാൽ എങ്ങനെയും അവരെ തനി
യെകണ്ട് കാര്യം വിശദമാക്കി കളിയാക്കൽ നിർത്ത

ണമെന്നവൾ നിശ്ചയിച്ചു. അല്ലെങ്കിൽ ഇൗ കണക്കിനു അവരിനി എന്തെല്ലാം പറയും!

പക്ഷെ കൊട്ടാരക്കര വണ്ടിനിന്നയുടൻ ഭർത്താവുമായി ഇറങ്ങിപ്പോയ ആ സ്ത്രീ അവസാനമിനിട്ടിലാണു് തിരികെ ചെന്നിരുന്നതു്. അവരെ തിരഞ്ഞുപിടിക്കാൻ നാലുവശവും നോക്കിക്കൊണ്ടിരുന്ന വിലാസിനി, കാപ്പിക്കട മുന്നിലുണ്ടായിരുന്നിട്ടും ലഘുഭക്ഷണത്തിൻെറ കാര്യം മറന്നുപോയി.

വല്ലാതെ വിശക്കുകയാൽ വിലാസിനിക്കു് ഒരു മാതിരി മനംമറിപ്പുണ്ടായി. അവൾ തല വെളിയിലിട്ടു് മൂന്നുനാലുപ്രാവശ്യം തുടരെത്തുപ്പി. ആ സ്ത്രീ ഉത്സാഹപൂർവ്വം പറഞ്ഞു. "അല്ല! കാര്യമിതുവരെ എത്തിയോ? എന്നിട്ടാണോ ഒന്നുമറിയാത്ത പാവത്തിനെപ്പോലെ ഇരുന്നതു്! നല്ല മിടുക്കി! അമ്പോ! ഇപ്പോഴത്തെ പെണ്ണുങ്ങളുടെ ഒരു കള്ളത്തരം?"

വിശപ്പും അവമാനവുംകൊണ്ടു് അവരെ തീർത്തുകളയാനുള്ള വൈരം വിലാസിനിക്കു തോന്നി. അവൾ തലതിരിച്ചു തീക്ഷ്ണമായൊന്നു നോക്കി. ആ സ്ത്രീ പരിഭവസ്വരത്തിൽ പറഞ്ഞു. "ഹേ! എന്നെയിങ്ങനെ നോക്കുന്നതെന്തിനു്? ഞാനാണോ പിഴച്ചതു്? കണ്ടതോരോന്നു പറയാനല്ലെങ്കിൽ പിന്നെന്തിനാണിങ്ങിനെ ദൈവം നാക്കു തന്നിരിക്കുന്നതു്"

വിലാസിനി പല്ലുകടിച്ചുപിടിച്ചുകൊണ്ടു പറഞ്ഞു. "വിശന്നിട്ടാണെനിക്കു മനം മറിക്കുന്നതു്"

"അതെയതെ!" അവർ കള്ളച്ചിരി ചിരിച്ചു. "ആദ്യമൊക്കെ അങ്ങനെ പറയാമല്ലോ. കണ്ടില്ലേ!

പറഞ്ഞപ്പോഴൊരു ദേഷ്യം! പെണ്ണായാൽ എല്ലാമിത്ര സഹിക്കാൻ പഠിക്കണം.''

അപ്പറഞ്ഞതൊന്നും കേൾക്കാത്തതു പോലെ ബാലഗോപാലൻ സഞ്ചിയിൽ നിന്നു രണ്ടു് ഓറഞ്ചെടുത്തു് നീട്ടിക്കൊണ്ടു പറഞ്ഞു. "ഇതൊന്നു തിന്നുനോക്കൂ. അസുഖം കുറെ വിട്ടുപോവും. ചില ശരീരക്കാർക്കു് ബസ്സ്യാത്ര പിടിക്കയില്ല.''

ആ സ്ത്രീയുടെ നാക്കടപ്പിച്ചു വിലാസിനി നന്ദി പറഞ്ഞുകൊണ്ടു് വേഗമതു വാങ്ങിച്ചു. പക്ഷേ അപ്പോഴും അവൾക്കു ചിലതു പറയുവാനുണ്ടായിരുന്നു. "കണ്ടോ, ഇതിനാണൊരുത്തൻ വേണമെന്നു പറയുന്നതു്? പെൺബുദ്ധി മൺബുദ്ധി! അറിഞ്ഞുകരുതാൻ ആണിനേ അറിയാവൂ. പക്ഷേ മറ്റൊരു കാര്യം വരുമ്പോ, കണ്ടോണ്ടു നിൽക്കാനല്ലാതെ നീക്കിക്കളയാനാർക്കും ഒക്കുകില്ല കുഞ്ഞേ!''

മൗനമാണേറ്റവും ഉത്തമമെന്നു വിലാസിനി കണ്ടു. ബാലഗോപാലൻ ബുദ്ധിപൂർവ്വം ബധിരതയഭിനയിക്കുകയാണെന്നും അവൾക്കു മനസ്സിലായി.

ഓറഞ്ചിൽ പകുതി അവൾ കുഞ്ഞിനു കൊടുത്തു. നാട്ടുനടപ്പനുസരിച്ചു് ചിലതൂഹിച്ചതിനു അവരേയും കുറ്റപ്പെടുത്തുന്നതനുചിതമാണെന്നവൾക്കു തോന്നി. സ്ത്രീകൾ പുരുഷസഹായമില്ലാതെ പുറത്തിറങ്ങിക്കൂടാ എന്ന അഭിപ്രായക്കാരിയാണവർ —ഇന്നത്തെ സ്ത്രീ സമുദായത്തിന്റെ പ്രതിനിധി. ആ സ്ഥിതിക്കു് ഒരേ സീറ്റിലിരുന്നു ഒരു സ്ത്രീയും പുരുഷനും സംസാരിച്ചു യാത്ര ചെയ്യണമെങ്കിൽ അവർ അടുത്ത ബന്ധുക്കളായിരിക്കണ്ടേ? വിലാസിനി

യുടെ ഒതുങ്ങിയ ഇരുപ്പിൽ നവോഢയുടെ ലജ്ജയാണ് അവർ കണ്ടുപിടിച്ചതു്—ബാലഗോപാലൻെറ വോട്ടുപിടിക്കുള്ള സൗഹാർദ്ദത്തിൽ അനുനയോദ്യുക്തനായ ഒരു നവവരനേയും.

ഓറഞ്ചു തിന്നുന്നതിന്നിടയ്ക്കു വിലാസിനി പലതും ആലോചിച്ചു. എന്തുകൊണ്ടു് സഹയാത്രക്കാരുടെ സൗമനസ്യത്തെ മറെറാരു ബന്ധമെന്നു അവർ പൂർണ്ണമായി വിശ്വസിക്കുന്നു? ആ സംഭവങ്ങളുടെ അപൂർണ്ണതയല്ലേ അതിനു നിദാനം?—ആ അപൂർണ്ണതയ്ക്കു കാരണം?—വല്ലപ്പോഴും പുറത്തിറക്കപ്പെടുന്ന സ്ത്രീക്കു് തനിയേ യാത്ര ചെയ്യേണ്ട ആവശ്യമില്ലാത്തതുകൊണ്ടു്—അസ്വാതന്ത്ര്യം കുലീനതയും അന്തസ്സുമായി കരുതപ്പെടുന്നതുകൊണ്ടു്. മാനവസമുദായത്തിൽ പകുതിയിലധികം ജീവികളെ പല വിധത്തിൽ ദുരിതമനുഭവിപ്പിക്കുന്ന ആ അഭിപ്രായങ്ങരം മാററിക്കളയേണ്ടതല്ലേ? സ്ത്രീയുടെ അടിമത്വം ആദ്യം അബലയുടെ ഒരാവശ്യം; പിന്നീടു സമുദായം നിർബന്ധിക്കുന്ന ഒരാചാരം; അവിടവും കടന്നു ഒടുവിൽ പാരമ്പര്യം പുലത്തിപ്പോരുന്ന ഒരു ധമ്മം. പ്രതിബന്ധങ്ങരം തകത്തു്, പരിഹാസങ്ങരം സഹിച്ചു് എങ്ങനെയും അതങ്ങു് മാററിക്കളയാൻ സ്ത്രീകരം യോജിച്ചു് പ്രവത്തിക്കാത്തതെന്തു്? മറെറല്ലാത്തരം അടിമത്തങ്ങളും നശിപ്പിക്കണമെന്നു പറയുന്നവർപോലും ഈയൊരു ദാസ്യംവച്ചുപുലർത്താൻ മോഹിക്കുന്നതു്, പുരുഷൻെറ സ്വാർത്ഥതകൊണ്ടായാലും. സംസ്കാര സമ്പന്നൻെറ ഷിവൽറി കൊണ്ടായാലും ആശാസ്യമാണോ?

ആലോചനയുടെ ചൂടുകൊണ്ടു് വിലാസിനി
ക്കു് തലവേദനയെടുക്കാൻ തുടങ്ങി. വിരലുകൾ നെ
റ്റിയിലമത്തി കുനിഞ്ഞിരുന്ന അവളുടെ മുഖം പി
ടിച്ചുതിരിച്ചു് അതിനെല്ലാമിടയാക്കിയ സ്ത്രീ പറ
ഞ്ഞു. "എന്നാൽപ്പിന്നെ ഇനിക്കാണുമ്പോ, ഇപ്പം
പുസ്തകമിരിക്കുന്ന മടിയിൽ മറ്റൊന്നിരുന്നു കയ്യും
കാലുമെടുത്തു കളിക്കുന്നതു കാണാം, ഇല്ലേ? നല്ലൊരു
കുട്ടി! ഞാൻ പോണേ."

അവരിറങ്ങിപ്പോയപ്പോൾ വിലാസിനി പറ
ഞ്ഞു. "പെഴഞ്ചത്തി! ഇവരെപ്പോലെ ഒരൊറ്റ സ്ത്രീ
ജീവിച്ചിരുന്നാൽ ആ നാടു ഒരു കാലവും നന്നാവുക
യില്ല."

"അതെ" മൂന്നാലു മാസം കഴിഞ്ഞു കയ്യാലാക്കാ
നുള്ള വോട്ടിനുവേണ്ടി ബാലഗോപാലൻ പറഞ്ഞു.
"ബുദ്ധിയില്ലാത്ത കൂട്ടങ്ങൾ! ആദ്യം ആക്ഷേപിച്ചു ത
ള്ളിയതെന്തെല്ലാം പിന്നീടു സ്വീകരിക്കപ്പെട്ടു. എ
ന്നാൽപ്പിന്നെ ഇവരെന്താണു് ഉച്ചിയിൽ മുടിയും
കെട്ടി, കാതു വളർത്തി തോടയുമിട്ടു്, മുലക്കച്ചയും
റൗക്കയുമായി നടക്കാത്തതു് എന്നു ചോദിക്കാമായി
രുന്നില്ലേ? നിങ്ങളെപ്പോലെ പ്രഗത്ഭകളായ പുരോ
ഗമനകാംക്ഷിണികളിലാണു് മനുഷ്യസമുദായത്തി
ന്റെ ഇനിയത്തെ അഭിവൃദ്ധി സ്ഥിതിചെയ്യുന്നതു്."

അത്യുൽകൃഷ്ടമായൊരു ധർമ്മബോധമെന്ന നില
യിൽ ദാസ്യമനോഭാവം രക്തത്തിൽ ചേന്നു കിടക്കെ
പ്രസംഗംകൊണ്ടെന്തു ഫലം എന്നോത്തു വിലാസി
നി ഒരു നെടുവീർപ്പുവിട്ടു.

# സവ്വം തികഞ്ഞ ഭാൎയ്യ.

ഇരുപതാംവയസ്സു മുതൽ ദിവാകരൻനായർ പെണ്ണുകാണുവാൻ തുടങ്ങിയതാണു്. താൻ വിവാഹം ചെയ്യുന്ന പെൺകുട്ടി എങ്ങനെയുള്ളവളായിരിക്കണമെന്നുള്ളതിനെപ്പററി അയാൾക്കു് ചില ദൃഢമായ നിശ്ചയങ്ങളുണ്ടായിരുന്നു. പതിന്നാലുവയസ്സു്; പവൻ നിറം; കരുത്തുചുരുണ്ടു് മുട്ടുവരെ നീളമുള്ള തലമുടി; നിലത്തുനിന്നുയൎത്താത്ത കണ്ണുകൾ; ആ അവനതാവസ്ഥയിലും പ്രേക്ഷകരെ ആകൎഷിക്കുന്ന മുഖം; അഞ്ചു് അടിയിൽ കുറഞ്ഞ ഉയരം; കൃശകോമളമായ ശരീരവടിവു്. അക്ഷരജ്ഞാനമില്ലാത്ത സ്ത്രീ ഭാൎയ്യാപദത്തിനു അനൎഹയാണെന്നു് അയാൾക്കു് വിചാരമില്ലായിരുന്നു. ഒന്നുമറിയാത്ത ആ പെൺകുട്ടിയെ ഒഴിവുസമയങ്ങളിൽ അടുത്തിരുത്തി, സ്വന്തം വിജ്ഞാനവും സംസ്കാരവും പകൎന്നു കൊടുക്കുന്നതു് ഒരു ഭൎത്താവിനെത്ര നിൎവൃതിപ്രദവും അഭിമാനകരവുമായിരിക്കും!

ഏററവും കോമളനായ ഒരു യുവാവിൽനിന്നും, അങ്ങിങ്ങു തലനരച്ച ഒരു മദ്ധ്യവയസ്കനായി പരിണമിച്ചപ്പോഴും ദിവാകരൻനായരുടെ അഭിപ്രായങ്ങൾക്കു് മാററമുണ്ടായില്ല. പതിനഞ്ചു വയസ്സിൽ കവിഞ്ഞ കന്യക അയാളുടെ കണ്ണിൽ മൂത്തുനരച്ച മുതുക്കിയാണു്; തിളക്കം മാറിയ സ്വൎണ്ണാഭരണങ്ങൾ ദേഹത്തിലിട്ടാൽ തിരിച്ചറിയാൻ വയ്യാത്ത നിറമല്ലെങ്കിൽ, അതിനെ കാക്കക്കറുപ്പെന്നേ അയാൾ പ

റയ്യ. ഫോർത്ത് ഫോറത്തിൽ കൂടുതൽ പഠിച്ച പെൺകുട്ടിയുടെ ചാരിത്രശുദ്ധി സംശയാസ്പദമാണെന്നുള്ളതു് അയാളുടെ വിശ്വാസമാണു്.

കാളേജിൽ പഠിക്കുന്ന കാലത്തു്, സഹപാഠിദ്യാർത്ഥിനികളുടെ സ്നേഹം സമ്പാദിക്കാൻ ഓടിനടക്കുന്ന സ്നേഹിതന്മാരുടെ ചിത്തവൃത്തിയെപ്പററി ദിവാകരൻനായർ അത്ഭുതപ്പെട്ടിട്ടുണ്ടു്. അയാൾക്കാണെങ്കിൽ, അവരെ വേശ്യകളെക്കാൾ അനാദരവും, അവജ്ഞയും ആണു്. ഒരു പുരുഷശരീരത്തിന്റെ മറയില്ലാതെ ഇവരിങ്ങനെ തെരുവടിക്കുന്നതിന്റെ ഉദ്ദേശ്യമെന്തു് എന്നാണയാളുടെ ചോദ്യം. അപ്രദർശിതമായിരിക്കുന്നതിലല്ലേ സ്ത്രീത്വത്തിന്റെ ആകർഷകത്വവും അമൂല്യതയും സ്ഥിതിചെയ്യുന്നതു്!

ഒരുദിവസം, ഇൻറർമീഡിയററു് വിദ്യാർത്ഥിനിയായ ഒരു കന്യകയുടെമേൽ ദിവാകരൻനായരുടെ സൈക്കിൾ കേറാനിടയായി. അവളും അയാളും സൈക്കിളും നിലത്തു മറിഞ്ഞു. ആ കിടപ്പിൽ നിന്നെണീററിരുന്നുകൊണ്ടു്, തന്റെ സ്ഥൂലിച്ച ശരീരം നിലത്തുനിന്നു പെറുക്കിയെടുക്കാൻ പാടുപെടുന്ന ആ പെൺകുട്ടിയോടു് മാപ്പുചോദിക്കുന്നതിനുപകരം അയാൾ പറഞ്ഞു: "എന്റെ പൊന്നു സഹോദരീ, എന്തായാലും ഈ പട്ടാപ്പകൽ ഈ നടുറോഡിൽ വെച്ചിതു വേണ്ടായിരുന്നു. നേരത്തെ പറഞ്ഞിരുന്നെങ്കിൽ ഞാനിന്നലെ രാത്രി അങ്ങു വീട്ടിൽ വരുമായിരുന്നല്ലൊ. അത്രത്തോളം ഷിവൽറി ഇല്ലാത്തവനല്ല ഞാൻ".

"നിന്റെ സഹോദരിമാർ ആ തൊഴിൽക്കാരാ

ണ്, അല്ലേ?'' എന്നു ചോദിച്ചിട്ട് പുസ്തകങ്ങൾ പെറുക്കിയെടുത്തുകൊണ്ട് അവൾ നടന്നുപോയപ്പോൾ അയാൾ തന്നത്താൻ പറഞ്ഞു: ''അതും പെണ്ണാണുപോലും! ഒരു പുരുഷന്റെ മുഖത്തുനോക്കി ഇങ്ങനെ പറയാൻ ധൈര്യപ്പെട്ട, ലജ്ജയറിഞ്ഞുകൂടാത്ത, നപുംസകം!''

ആ സംഭവത്തിന്നടുപ്പിച്ചായിരുന്നു അയാളുടെ സ്നേഹിതൻ രാമക്കുറുപ്പിന്റെ വിവാഹം. വധു എൽ-റ്റി-ക്കു പഠിക്കുകയാണെന്നറിഞ്ഞപ്പോൾ മുതൽ ദിവാകരൻനായർ ഉപദേശിച്ചുനോക്കി, സ്നേഹിതനെ ആ വിവാഹോദ്യമത്തിൽനിന്നു വ്യതിചലിപ്പിക്കാൻ. ''നോക്കൂ, സീതാദേവിയേയും ശീലാവതിയേയുംപോലെ ഭർത്താവാണ് ദൈവം എന്നു വിശ്വസിക്കുന്ന സ്ത്രീയല്ല ഭാര്യയെങ്കിൽ ആ ദാമ്പത്യത്തിനു എന്തു വൈശിഷ്ട്യംകൊണ്ടാണു? നിങ്ങൾ വിചാരിക്കുന്നോ, ഭർത്താവു് പറയുന്നതെല്ലാം ദൈവവാക്യമാണെന്നു നിങ്ങളുടെ ഭാര്യ കരുതുമെന്നു്? അവർ അമേരിക്കയിലേയും യൂറോപ്പിലേയും പോരെങ്കിൽ റഷ്യയിലേയും മുന്നൂറു് ഉദാഹരണങ്ങൾ ഉദ്ധരിച്ചു് നിങ്ങൾ പറയുന്നതു് തെററാണെന്നു സ്ഥാപിച്ചുകളയും. കഷ്ടം! നിങ്ങൾ എങ്ങനെയതു സഹിക്കും? അല്ലെങ്കിൽ തന്നെ എല്ലാമറിയാവുന്ന ആ സ്ത്രീയുടെ മുമ്പിൽ ഒരു നിമിഷത്തേക്കുപോലും ഒരു മധുരലോകം സൃഷ്ടിക്കുന്ന അത്ഭുതജീവിയായി നിങ്ങൾക്കു് നിൽക്കാൻ സാധിക്കയില്ല. നേരെമറിച്ചു് അജ്ഞതയാൽ അനുഗ്രഹീതയായ, ലജ്ജാവതിയായ ഒരു കൊച്ചുപെൺകുട്ടി നിങ്ങളുടെ പ്രഥമസ്പർശനത്തിൽ ബോധം

കെട്ടുപോയപോലെ ശക്തിഹീനയായി വാടിത്തളൎന്നു നില്ക്കുമ്പോഠം, എന്തൊരു ആനന്ദലഹരിയാണു അനുഭവിക്കുന്നതു്! ഈശ്വരാ, ആ നിർവൃതി നിങ്ങഠം വേണ്ടെന്നുവെയ്ക്കുന്നു. പുരുഷന്മാരോടിട പഴകി ശീലിച്ചു- നിങ്ങളുടെ സ്നേഹിതന്മാരുടെ മുമ്പിൽ സങ്കോചമില്ലാതെ നിൽക്കാൻ തന്റേടമുള്ള ആ സ്ത്രീയിൽ നിങ്ങഠം എന്തെങ്കിലും ഓമനത്വം എങ്ങിനെ കാണും?

ആ ദാമ്പത്യം നിങ്ങളിൽ ജീവിതവിരക്തി ഉണ്ടാക്കുകയില്ലേ? അതുകൊണ്ടു്—''

ദിവാകരൻനായരുടെ പ്രഭാഷണം ഇത്രത്തോളമായപ്പോഠം രാമക്കുറുപ്പു് മേശ വലിച്ചു തുറന്നു വിവാഹക്ഷണക്കത്തുകളിൽ മേൽവിലാസം എഴുതുവാൻ തുടങ്ങി.

ആ വിവാഹത്തിനു ലോഡ്ജിലെ ഭൃത്യനുഠംപ്പെടെ എല്ലാവരും പോയിട്ടും ദിവാകരൻനായർ പോയില്ല. അന്നു രാത്രിയിലെ പതിവില്ലാത്ത പരിപൂൎണ്ണ നിശ്ശബ്ദതയിൽ അയാഠം തന്റെ സങ്കല്പവധുവിനെ എന്നത്തേയുംകാഠം വ്യക്തമായി മനസ്സാ കണ്ടു. വെളുപ്പാൻ കാലത്തു എണീററു് സ്റ്റൗ കത്തിച്ചു് ബെഡ്ഡ് കാഫി തെയ്യാറാക്കി പതിവുപോലെ കട്ടിലിനടുത്തൊരു സ്റ്റൂളിൽ വച്ചിട്ടു് വീണ്ടും മൂടിപ്പുതച്ചു് കിടന്നപ്പോഠം; തന്റെ ദാമ്പത്യകാലത്തെ പ്രഭാതങ്ങളെപ്പററി അയാഠം സ്വപ്നം കണ്ടു. അന്നു, തന്നത്താനെ കാപ്പിയുണ്ടാക്കി കൊണ്ടുവച്ചുശേഷം കുറച്ചു നേരം കട്ടിലിൽ പുതച്ചു കിടന്നിട്ടു് ബെഡ്ഡ് കാഫി കുടിക്കുകയെന്ന പരിഹാസമായ പതിവു് വേണ്ടിവ

രികയില്ല. സല്ലാപസുന്ദരമായ ആ രാത്രികളിൽ രാവിലെ വളക്കിലുക്കം കേട്ടു ഉണരുമ്പോൾ മന്ദാക്ഷമധുരമായ മന്ദഹാസം ചേർന്ന ലജ്ജാവനതമായ ഒരോമനമുഖം കണികാണാനും പൂമുട്ടലമായ ഒരു ചെന്താമരക്കയ്യിൽ നിന്നും കാപ്പിവാങ്ങി, ആ പൂമേനിയുടെ ചൂടു നിശ്ശേഷം മാറിയിട്ടില്ലാത്ത കിടക്കയിൽ കിടന്നുകൊണ്ടു് അമൃതിൻെറ സ്വാദോടെ കുടിക്കാനും സാധിക്കയില്ലേ?

തൻെറ സങ്കല്പകാമിനി ഒരസംഭവ്യസൃഷ്ടിയാണെന്നു ദിവാകരൻനായർക്കു് വിചാരമില്ലായിരുന്നു. പല രാത്രികളിലും, കൂട്ടുകാർ സുഖമന്വേഷിച്ചു്ങ്ങിയുറങ്ങുമ്പോൾ, അയാൾ കിടക്കയിൽ കിടന്നു തൻെറ ദാമ്പത്യജീവിതം വിഭാവനചെയ്തിട്ടുണ്ടു്. പതിന്നാലുവയസ്സായ, സർവ്വാം തികഞ്ഞ, ഭാര്യക്കു് കൊടുക്കാൻവേണ്ടിഅയാൾ തൻെറ ചാരിത്രം പുരുഷസഹജമല്ലാത്തവിധത്തിൽ സൂക്ഷിച്ചുവച്ചു. സ്വാന്തികത്തിൽ ലജ്ജാഭാരത്താൽ തലകുനിച്ചുനില്ക്കുന്ന ബാലികയുടെ നെററിയിൽനിന്നും കറുത്തുചുരുണ്ട മുടികൾ പുറകോട്ടു്മാററിവെച്ചു് ആ സുകുമാരമായ മുഖത്തിൽ നിർന്നിമേഷം നോക്കിനില്ക്കുന്നതായി സങ്കല്പിച്ചുകൊണ്ടാണു് മിക്കദിവസവും അയാൾ നിദ്രയിൽലയിക്കുന്നതു്. സ്ത്രീകൾക്കാവശ്യമുള്ള സാധനങ്ങളിലും അയാൾ അത്യധികം ശ്രദ്ധപതിപ്പിച്ചു. നവീനരീതിയിലുള്ള ആഭരണങ്ങൾ കണ്ടാൽ്ഡയറിയിൽ അതിൻെറ മാതൃകവരച്ചു താഴെ നിർമ്മാതാവിൻെറ മേൽവിലാസവും കുറിച്ചുവയ്ക്കുക ദിവാകരൻനായരുടെ പതിവായിരുന്നു. പലതരത്തിലുള്ള[ബ്ളൗ

സുകൾ ഫാഷൻ മാറി മാറി വരുമ്പോൾ അതിലെ ല്ലാം തരങ്ങളാണ് തൻെറ ഭാൎയ്യക്ക് തിരഞ്ഞെടു ക്കേണ്ടതെന്നു പോലും അയാൾ നിശ്ചയിച്ചിരുന്നു.

ആദ്യകാലത്തിലൊരിക്കൽ ദിവാകരൻനായരു ടെ അഭിരുചിക്കേററവും യോജിച്ച—സൎവ്വയോഗ്യ തയും തികഞ്ഞ—ഒരു കന്യകയെ കണ്ടുകിട്ടിയതായി രുന്നു. ക്രിസ്തുമസ്സ് അവധിയ്ക്കു കോളേജിൽനിന്നും നാട്ടിലെത്തിയ അയാൾ, മലയാളം മിഡിൽസ്കൂളി ൻെറ പടിക്കൽവച്ചു കല്യാണിക്കുട്ടിയെ കണ്ടപ്പോൾ ആനന്ദത്താൽ അനങ്ങാൻവയ്യാതെ നിന്നുപോയി. അവളുടെ അച്ഛൻ വെറുമൊരു മുതലു പിടിക്കാരനാ ണെന്നും കണ്ടമാനം കുഞ്ഞുങ്ങളുള്ള അച്ഛനമ്മമാരു ടെ മൂത്തമകളാണ് അവളെന്നും അറിഞ്ഞിട്ടും അ യാളുടെ നിശ്ചയത്തിനിളക്കമുണ്ടായില്ല. സൗന്ദൎയ്യ മാകുന്ന സമ്പത്തിനും ലജ്ജയാകുന്ന ആഭരണത്തിനും മീതെ എന്തു യോഗ്യതയാണൊരു സ്ത്രീക്ക് വേണ്ടതു്?

ദിവാകരൻനായർ അവളുടെ വീട്ടിൽ പെണ്ണ് കാണാൻ ചെന്നദിവസം ആ വീട്ടുകാർ ഒരു രാജാ വിനെപ്പോലെ അയാളെ സ്വീകരിച്ചു. പലതരത്തി ദൈവങ്ങളുടേയും ആനുകൂല്യത്തിന്നായി പ്രലോഭജ നകമായ വഴിവാടുകൾ നേൎന്നുകൊണ്ട് അടുക്കളയി ലിരുന്ന അമ്മയുടെ അടുത്തുനിന്നും കല്യാണിക്കുട്ടി യെ അച്ഛൻ അയാളുടെ അടുത്തുകൊണ്ടുപോയി. ആ ദ്യമായിട്ടാണ് അവളുടെ ശരീരം തിരഞ്ഞെടുക്കപ്പെ ടേണ്ട പ്രദൎശനവസ്തുവായി ഒരാളിൻെറ മുമ്പിൽ നിൎത്തപ്പെട്ടതു്. കല്യാണിക്കു ലജ്ജയേക്കാൾ അധി കം ജിജ്ഞാസതോന്നി. അതുകൊണ്ട് പലഫാരപാ

ത്രം ദിവാകരൻനായരുടെ മുമ്പിൽ മേശപ്പുറത്തുവച്ചി ട്ടു അവൾ മെല്ലെ തലയുയർത്തി അയാളുടെ മുഖത്തു നോക്കി. ആനന്ദവിസ്മൃതിയോടെ അതുവരെ അവ ളെത്തന്നെ നോക്കിക്കൊണ്ടിരുന്ന അയാൾക്ക് ആ നോട്ടം ഒരു പ്രഹരമായി തോന്നി. പതിനാലാം വയ സ്സിൽ ഇങ്ങനെ ഒരപരിചിതപുരുഷൻെറ മുഖത്തു നോക്കാൻ ലജ്ജയില്ലാത്ത പെണ്ണിൻെറ ഭർത്താവാകു ന്നതിൽ എന്തു സുഖമാണ് പ്രതീക്ഷിക്കാനുള്ളതു്? കല്യാണിക്കുട്ടി കൊണ്ടുവച്ച പലഹാരം തൊട്ടുകപോ ലും ചെയ്യാതെ ദിവാകരൻനായർ പുറത്തിറങ്ങി. എങ്കിലും രണ്ടുമാസത്തിനുശേഷം അവളെ ഒരു മുട ന്തൻ മുൻസീഫ്കോർട്ട് ശിപായി വിവാഹം കഴി ച്ചെന്നു കേട്ടപ്പോൾ അയാളറിയാതെ ഒരു ദീർഘനി ശ്വാസം ഹൃദയത്തിൽനിന്നുയർന്നുപോയി. അവളെ താൻ വേണ്ടെന്നു വെച്ചതിൽ പശ്ചാത്തപിച്ചല്ല, അ വളങ്ങിനെ ലജ്ജയില്ലാതെ നോക്കാൻ തന്റേടം കാണിച്ചതോൎമ്മിച്ച്............

അങ്ങനെ പല പതിനാലുകാരികളേയും പതി നെട്ടും ഇരുപതും ഇരുപത്തെട്ടും വയസ്സുകാരികളാക്കി വർഷങ്ങൾ കടന്ന് കടന്ന് പോയതു് ദിവാകരൻനാ യർ ശ്രദ്ധിച്ചില്ല. ഒടുവിൽ അണിഞ്ഞൊരുങ്ങാൻ കണ്ണാടിയുടെ മുൻപിൽ നിൽക്കുമ്പോൾ പണ്ടത്തെ സൗന്ദര്യാഹങ്കാരത്തിനുപകരം അയാൾക്കൊരു വ ല്ലായ്മ അനുഭവപ്പെടാൻ തുടങ്ങി. തല ചീകി ശരി പ്പെടുത്താൻ പണ്ട് കൂടിപ്പോയാൽ അരമണിക്കൂർ മ തി. ഇപ്പോഴാണെങ്കിൽ ഒരു മണിക്കൂർ പോരാ—ന രകൾ കണ്ടുപിടിക്കുവാനും പറിച്ചുകളവാനും മററും.

അധികദൂരം സൈക്കിൾ ചവുട്ടിയാൽ കാലിനു കഴപ്പുണ്ടാകുന്നതു് ആരോഗ്യത്തിനുടവു് തട്ടിയിട്ടാണെന്നു് ആരോ അയാളോടു് പറഞ്ഞുകൊടുത്തു. വെളുപ്പാൻ കാലത്തെണീററു് കാപ്പി ഉണ്ടാക്കാൻ പണ്ടത്തെപ്പോലെ ഉത്സാഹമില്ല. ആ പതിവു് നിർത്തികളയുവാൻ നിവൃത്തിയുമില്ല. "ഇനിയുമിതെത്ര കാലം കൂടെ?" എന്നു യുവത്വം വിട്ടുതുടങ്ങിയ ശരീരം ചിലപ്പോൾ അയാളുടെ മനസ്സിനോടു് ചോദിക്കും. മാനസികമായി അന്നു അയാൾ ഇരുപതു വയസ്സുകാരനായതു കൊണ്ടായിരിക്കാം, പരഃശതം വനിതകളുടെ നടുവിൽനിന്നും ഒരു മുഗ്ദ്ധമധുരമായ മുഖം അയാളുടെ മനോനേത്രങ്ങളുടെ മുമ്പിൽ അപ്പോഴും പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു.........

ആ എഴുത്തു വായിച്ചു കഴിഞ്ഞപ്പോൾ ദിവാകരൻനായരുടെ ഹൃദയത്തിൽ സംതൃപ്തി നിറഞ്ഞു. "ചേട്ടൻ ഉടനെ ഇങ്ങോട്ടുവരണം. ഞാൻ ഒരു കുട്ടിയെ കണ്ടുവച്ചിരിക്കുന്നു. കമലമെന്നാണു് പേർ. ചേട്ടൻ വന്നു് അവളുടെ അച്ഛനമ്മമാരെ കണ്ടു് അവളെ വിളിച്ചു കൊണ്ടു പൊയ്ക്കൊണ്ടാൽമതി." എന്നു പങ്കജാക്ഷിയമ്മ എഴുതിയിരിക്കുന്ന സ്ഥിതിക്കു് തീച്ചയായും ആ കമലം സവ്വം തികഞ്ഞ ഒരു കന്യകയായിരിക്കണം. എന്നയാൾ തീച്ചപ്പെടുത്തി.

ആ എഴുത്തിലെ വടിവൊത്ത അക്ഷരത്തിൽ നോക്കിക്കൊണ്ടിരുന്ന ദിവാകരൻനായക്കു്, തൻെറ സുഖം ശരിപ്പെടുത്താൻ ആകാംക്ഷയുള്ള ആ എഴുത്തുകാരിയുടെ നേരെ സഹതാപസമ്മിശ്രമായ നന്ദി തോന്നി.

ദിവാകരൻനായരുടെ അച്ഛൻെറ അനന്തിരവളായിരുന്നു പങ്കജാക്ഷിയമ്മ. ആകൃതിസൌഭാഗ്യം അവരെ അനുഗ്രഹിച്ചിരുന്നില്ലെങ്കിലും, മുറപ്പെണ്ണെന്ന മര്യാദയാൽ അവളുടെ വിവാഹാലോചന പണ്ടൊരിക്കൽ ദിവാകരൻനായരുടെ മുമ്പിൽ കൊണ്ടുചെന്നതാണു്. അന്നു് അയാൾ “ചെങ്കവിനെ ഇഷ്ടംതന്നെ. പാവം! പക്ഷെ ഇഷ്ടപ്പെടുന്നതും ഭാര്യയാക്കുന്നതും രണ്ടും രണ്ടു്. ആ കരിമിപൂതത്തിനെ ഭാര്യയെന്ന നിലയിൽ വാത്സല്യത്തോടെ ഒരുത്തനെങ്ങനെ നോക്കും?” എന്നു ചോദിച്ചതു പങ്കജാക്ഷിയുമറിഞ്ഞു. പക്ഷെ, തൻെറ അനർഹതയെ പററിയുള്ള ബോധ്യത്താൽ ആ ന്യായമായ പരിഹാസം അവളിൽ ഒരു നീരസവും ഉളവാക്കിയില്ല. അതുകൊണ്ടു് അവർ തമ്മിലുള്ള സൌഹാർദ്ദത്തിനു ഉടവുണ്ടായതുമില്ല. അതിൽ പിന്നീടു് അവൾ സ്കൂൾഫൈനൽ പാസ്സായി; ഒരു ആയുർവേദ വൈദ്യൻെറ ഭാര്യയായി; അകാലത്തിൽ വിധവയുമായി; തൻെറ കുഞ്ഞുങ്ങളുടെ ഭാവിശ്രേയസ്സിനെക്കരുതി അവൾ അടുത്തൊരു പള്ളിക്കൂടത്തിലെ ജോലി സമ്പാദിച്ചു. പോരെങ്കിൽ, തൻെറ പ്രേമപ്രസന്നമായ ദാമ്പത്യ ജീവിതത്തിനു കരുതലോടെ മുൻകൂട്ടിവച്ചിരുന്നതിനിടയിൽ ദിവാകരൻനായർ അല്ലാല്ലമൊക്കെ അവളെ സഹായിക്കുകയും ചെയ്തിരുന്നു.

ആ പ്രതിഫലം വേണ്ടാത്തതായിരുന്നു. അയാളുടെ ദാനമെങ്കിലും, ജീവിതത്തിലെ ഏററവും വിലയേറിയ പതിനഞ്ചു കൊല്ലം പാഴിൽ കളഞ്ഞിട്ടും എന്തെങ്കിലും കാണാനും സ്വന്തമാക്കാനും അയാൾ

കൊതിച്ചുകൊണ്ടിരുന്ന വസ്തുവെ കണ്ടുപിടിച്ചു കൊടുക്കാൻ പങ്കജാക്ഷിയമ്മയ്ക്ക് സാധിച്ചു.

കമലത്തിൻെറ ദേഹമാത്രയിൽ ദിവാകരൻ നായക്ക് ജന്മസാഫല്യം സിദ്ധിച്ചതുപോലെ തോന്നി. താനിത്ര കാലവും സങ്കല്പത്തിൽ കണ്ട വധു ഒട്ടുമൊരു വ്യത്യാസവുമില്ലാതെ തൻെറ മുന്നിൽ ജീവനോടെ നില്ക്കുന്നതായി അയാഠം കണ്ടു. ആ കൊച്ചുശരീരത്തെ തൻെറ കൈകഠംക്കകത്തൊതുക്കി, അപ്പോഠം തന്നെക്കൂടെ കൊണ്ടുപോവാനയാളാശിച്ചു. അവഠം മുമ്പിൽനിന്നും മറഞ്ഞപ്പോഠം, മേശപ്പുറത്തിരുന്ന കാപ്പിയുടെ കാര്യം മറന്ന് അയാഠം കൈപ്പടത്തിൽ താടിതാങ്ങി മനോരാജ്യത്തിൽ ലയിച്ചിരുന്നു പോയി.

സംതൃപ്തിയുടെപരമാവസ്ഥയിലെത്തിയ അയാളുടെ മുഖം അസംതൃപ്തിയെയാണ് ദ്യോതിപ്പിക്കുന്നതെന്ന് എങ്ങനേയോ വീട്ടുകാരനു തോന്നി. അതിൻെറകാരണം സ്വന്തമായ ഊഹശക്തിയാൽ ഗ്രഹിച്ച് അയാഠം പറഞ്ഞു:—"പെണ്ണിങ്ങനെ മെലിഞ്ഞിരിക്കുന്നതൊന്നും നോക്കണ്ട. അമ്മയെപ്പോലെ ഒന്നും വിടാതെ ഒത്തതു് ഇവളേയുള്ളു. ഇവളുടെ അമ്മയെ ഞാൻ സംബന്ധംചെയ്തപ്പോഠം എങ്ങനെയിരുന്നതാണെന്നോ? ഓലപ്പൊളിയെന്നുവെച്ചാൽ തനി ഓലപ്പൊളി. നിറവും തരവുമെല്ലാം ഇതേ സൈസ്. അന്നു കണ്ടവർ ഇപ്പോളവളെ കണ്ടാൽ ആളറിയുകയില്ല. പിടിച്ചാൽപിടിപററാത്ത വണ്ണം. നിലത്തിരുന്നാൽ രണ്ടുകയ്യും കുത്തിവേണമെണീക്കാൻ. നിറമോ? പണ്ടത്തെ മട്ടൊക്കെമാറി ഇപ്പോഠം നല്ല

ഇരുമ്പിച്ചി നാരങ്ങയുടെ നിറമായിട്ടുണ്ട്, നല്ല ഒന്നാംതരം പഴുത്ത ഇരുമ്പിച്ചിനാരങ്ങയുടെ. അതുകൊണ്ടു് കമലം ഇങ്ങനെയിരിക്കുന്നതെന്നും കണക്കാക്കേണ്ട. പിന്നെ നേരെ ചൊവ്വേ ആഹാരം കൂടെ ചെല്ലാമെങ്കിൽ രണ്ടുദിവസംകൊണ്ടു പരുത്തുകേറിപ്പോകും'' അയാഠം പൊട്ടിച്ചിരിച്ചു. ''വീട്ടിലെ കതക് നേരത്തെ മാററിയിട്ടേണ്ടാൽ അത്രയും നല്ലതു്''.

ഭാര്യയുടെ അഭിനന്ദനം പ്രതീക്ഷിച്ച് അയാഠം അകത്തേയ്ക്കു് എത്തിനോക്കി. ആ മനുഷ്യന്റെ ഭയങ്കരമായ സൌന്ദര്യബോധത്തെപ്പററി, മധുവിധുവിന്റെ പരിപാടി ദ്രുതഗതിയിൽ നിശ്ചയിച്ചുകൊണ്ടിരുന്ന ദിവാകരൻനായർ ഒന്നും കേട്ടുമില്ല.

ആഗതന്റെ മുമ്പിൽ ശരീരപ്രദേശനം നടത്തിയിട്ട് മടങ്ങിച്ചെന്ന മകളുടെ അടുക്കൽനിന്നും അമ്മ പതുക്കെ ഒരുമകൻസ്ഥാനാർത്ഥിയെ കാണാൻ തിരിച്ചു. ഏററവും ഇളയ കുഞ്ഞിനെ കരകൈപിടിച്ചു പാലുകൊടുത്തുകൊണ്ട് അവർ മുറിയുടെ വാതില്ക്കൽ പകുതിമറഞ്ഞ് പുറത്തേക്കു തലനീട്ടി നോക്കി. തന്റെ കന്യാഹൃദയത്തിൽ ആദ്യമായി ദാമ്പത്യപ്രതീക്ഷകഠം ഇളക്കിവിട്ട മനുഷ്യനെ കണ്ടനിമിഷത്തിൽ ആ സ്ത്രീക്കു മനസ്സിലായി. അത്രയം വഷങ്ങഠംകൊണ്ട് നല്ലൊരു വായാടിയായി വളൎന്നുകഴിഞ്ഞിരുന്ന ആ സ്ത്രീ അത്ഭുതപൂൎവ്വംവിളിച്ചുപറഞ്ഞു: ''അയ്യയ്യോ! ഇതാണോ പുള്ളി? കൊള്ളാം, കൊള്ളാം, ഇതുവരെ സംബന്ധംചെയ്യാതെ ഇങ്ങനെ പെണ്ണും കണ്ട് കമ്പിയും കടിച്ചു നടക്കുന്നതേയുള്ളോ?. ഞാനിതാ എ

ട്ടെണ്ണത്തിൻെറ അമ്മയായി; ഒരു പടുകെളവിയുമായി.''

ദിവാകരൻനായർ സംഭ്രമപൂർവ്വം ചാടിയെണീററ് മുമ്പിൽനിന്ന ആ ഹിമപർവ്വതത്തെ തുറിച്ചുനോക്കി. ഭാര്യ എന്തൊക്കെയാണു് പറയുന്നതെന്നു അമ്പരന്നു് അവരെ മിഴിച്ചുനോക്കിക്കൊണ്ടിരുന്ന വീട്ടുകാരനെനോക്കി ആ സ്ത്രീ തുടന്നുപറഞ്ഞു. ''എത്ര കനകം കോരിച്ചൊരിയുന്ന ബന്ധമായാലും നമുക്കിതു വേണ്ട. ഛേ, ഛേ കുറച്ചില്ലു്! അമ്മയെ സംബന്ധത്തിന്നാലോചിച്ചവൻ മകളേയും പെണ്ണുകാണുവാൻ വന്നിരിക്കുന്നു! ഇയാഠക്കാരെങ്കിലും പെണ്ണുകൊടുക്കുമോ? ഇയാളുടെ തൊഴിലിതാണെന്നു ആ പങ്കജാക്ഷിയമ്മ പറഞ്ഞിരുന്നെങ്കിൽ ഞാനീ പോക്കണംകെട്ട വേലക്കു് സമ്മതിയ്ക്കുമായിരുന്നോ? ഏതായാലും കണ്ടതു കണ്ടു, ഇനിയുമിറങ്ങി നടന്നേച്ചാൽ മതി. ആ കാപ്പി ഇവിടത്തെ കൊച്ചുങ്ങളു കുടിച്ചോളും. പഞ്ചസാരയും പാലുംകൂടി നേരെ കിട്ടാത്തകാലത്തു്!!!''

ദിവാകരൻനായർ നമ്രമുഖനായി നിശ്ശബ്ദം ഇറങ്ങിപ്പോയി. കല്യാണിക്കുട്ടിയമ്മയുടെ പരുഷവചനങ്ങളോ, കല്യാണിക്കുട്ടിയുടെ സൌന്ദര്യത്തിൻെറ പരിവർത്തനമോ, ഏതാണയാളുടെ ഹൃദയത്തെ വേദനിപ്പിച്ചതെന്നു് അയാഠക്കു്തന്നെ നിശ്ചയമില്ലായിരുന്നു.

ഒരാദേശ്വവധുവിനെ കേന്ദ്രീകരിച്ചു് അടങ്ങിക്കിടന്ന വികാരങ്ങഠ അന്നു അനിയന്ത്രിതമായി ഉണത്തപ്പെട്ടു. മനസ്സിനു സങ്കല്പസുഖം മതി; ശരീരത്തിനോ?

പിറേറന്നു പ്രഭാതത്തിൽ, വേലചെയ്തു പരുപരുത്ത പങ്കജാക്ഷിയുടെ കൈയിൽനിന്നു പുതിയൊരു ബന്ധത്തോടെ അയാൾ കാപ്പിവാങ്ങി കുടിച്ചപ്പോൾ, സർവ്വംതികഞ്ഞ ഭാൎയ്യയെപ്പററി തനിക്കുള്ള സങ്കല്പങ്ങളെല്ലാം അവരുടെ കരുത്തു സ്ഥൂലിച്ച ശരീരത്തിൽ ലയിച്ചു ചേൎന്നിരിക്കുന്നതായി അയാൾ കണ്ടു.

---

## "രൂപമിഛരന്തി."

സ്വൎണ്ണലത ശബ്ദം കേൾപ്പിക്കാതെ മേശമേലിരുന്ന ഫാൻ നിൎത്തി. ഭൎത്താവിൻെറ ഉച്ചയുറക്കത്തിന്നു ശല്യമുണ്ടാക്കരുതെന്നുവച്ചു മുറിക്കു് പുറത്തിറങ്ങിപ്പോകാനായി അവൾ വാതിൽക്കലേക്കു് നടന്നു. പക്ഷെ വാതിൽക്കലെത്തിയയുടൻ അവളുടെ പാദങ്ങൾ തനിയെനിന്നു. കതകിൽ കൈവെച്ചുകൊണ്ടു അവൾ തിരിഞ്ഞു് ആൎത്തിയോടെ സോഫായിലേക്കു് നോക്കി.

എത്ര നോക്കിയാലും അലംഭാവം വരാത്ത വിധം അത്രമാത്രം സുന്ദരമായിരുന്നു ഉറങ്ങിക്കിടന്ന ആളിൻെറ ആകൃതി.

സ്വൎണ്ണലതയുടെ സൗന്ദൎയ്യധ്യാനത്തിനു വേലക്കാരി തടസ്സമുണ്ടാക്കി. വാതിലിൽ നിന്നും രണ്ടുമൂന്നടി അകലെ നിന്നുകൊണ്ടു് അവൾ പറഞ്ഞു; "കൊച്ചമ്മയെ അന്വേഷിച്ചു് ആളുകൾ വന്നിട്ടുണ്ടു്."

"ഞാനിതാവരുന്നു" എന്നു പറഞ്ഞു് അവളെ

അയച്ചിട്ട് സ്വർണ്ണലത വീണ്ടും സോഫായുടെ അടുത്തേക്കു നടന്നു. ഭർത്താവിൻെറ, നിലത്തേക്കു് തൂങ്ങിക്കിടന്ന ഇടത്തുകൈ എടുത്തു സോഫായിൽ നേരെവച്ചു; തങ്കനിറത്തിലുള്ള നെററിയിൽ വീണുകിടന്ന, നന്നേ കറുത്തു മിനുത്ത തലമുടിച്ചുരുളുകഠം കൈകൊണ്ടൊതുക്കി; ഉഷ്ണിക്കരുതെന്നു വിചാരിച്ച് ഉടുപ്പിൻെറ ബട്ടൻ എടുത്തുമാററി. എന്നിട്ട് പിന്നേയും അവഠം നിർന്നിമേഷം ആ മുഖത്തു നോക്കിക്കൊണ്ടു നിന്നു.

അങ്ങനെ നോക്കിനിൽക്കേ, ഏഴാം സ്വർഗ്ഗത്തിലെ പടികഠം കയറിക്കയറിപ്പോകുന്നതായി അവഠംക്ക് തോന്നിക്കൊണ്ടിരുന്നു.

വേലക്കാരി വീണ്ടും വരുന്ന ശബ്ദം കേട്ടപ്പോഠം സ്വർണ്ണലത വേഗം മുറിക്കു പുറത്തിറങ്ങി കതകു ചാരി.

പൂമുഖത്തോരോ കസേരകളിൽ, സ്വർണ്ണലതയുടെ ഒരു ചാർച്ചക്കാരിയായ ഭാരതിയമ്മയും അവളുടെ ഒരുററ സ്നേഹിതയായ തുളസിയും അവളെക്കാത്തിരിക്കുന്നുണ്ടായിരുന്നു. അവഠം ചെല്ലുന്നതു കണ്ടപ്പോഠം തുളസി പറഞ്ഞു. “ഞങ്ങഠം വന്നിട്ട് നേരമെത്രയായി? ഇതുവരെ എന്തായിരുന്നു ഇത്ര അത്യാവശ്യജോലി?”

“അച്ഛനുമമ്മയുമിവിടെ ഇല്ലാത്തതുകൊണ്ടു് ഇന്നൊരു ദിവസം എൻെറ തലയിലാണു് വീട്ടുഭരണം.” സ്വർണ്ണലത പ്രാരബ്ധക്കാരിയുടെ ഭാവത്തിൽ പറഞ്ഞു. “എന്നുമിതിൽ നിന്നൊക്കെ രക്ഷപ്പെട്ടു നില്ക്കാനൊക്കേങ്കിലും സാധിക്കുമോ?” എന്നിട്ടവഠം ഇരുന്നശേഷം പരിഭവസ്വരത്തിൽ തുടന്നു. “തുള

സിയ്ക്കിന്നെങ്കിലും വരാൻ തോന്നിയല്ലോ! അന്നു് തു ളസിവരുമെന്നു് തീച്ച്പ്പെടുത്തി ഞാൻ കാത്തുകാത്തി രുന്നു.''

''അന്നങ്ങനെ കാത്തിരുന്നതു് എന്നെയല്ല, മ റെറാരാളിനെയാണ്'' എന്ന കളിയാക്കൽകൊണ്ടു് തുളസി സഖിയെ അനുനയിപ്പിച്ചു. ''എനിക്കു പ കരം ഞാനയച്ച പ്രതിനിധികളെ കിട്ടിയില്ലേ?''

''ആ സായിപ്പിൻേറയും മദാമ്മയുടേയും പടമ ല്ലേ?''പരിഭവംതീന്ന ചിരിയോടെ സ്വണ്ണലത ചോ ദിച്ചു. ''അതിവിടെ പലരും എടുത്തുവച്ചു വിമശി ച്ചു.''

''വിമശിച്ചതാണോ കുററം'' ഭാരതിയമ്മ ഇട പെട്ടു. ''അവർ രണ്ടുപേരും വെറുതെ നില്ക്കുകയല്ല.''

''അല്ല, തലകുത്തി മറിയുകയാണ്!'' സ്വണ്ണല തയ്ക്കു് ദേഷ്യം വന്നു. ''അവളുടെ തലയിലെ പൂ വ് അയാറം മണപ്പിക്കുന്നതിൽ എന്താണിത്ര വിമ ശിക്കാൻ! എനിക്കതിൽ പിടിക്കാത്തതു് അതല്ല. ഈ സ്വണ്ണമുടിക്കാരെ എനിക്കിഷ്ടമല്ല. മുടി കറു ത്തിരുന്നാലെ മുഖത്തിനഴകുള്ളു. അതിലെനിക്കത്ര നിബ്ബന്ധമാണ്.''

നീരസത്തോടെ മേശമേൽ നിന്നും പത്രം കയ്യി ലെടുത്തു് ഭാരതിയമ്മ ജന്നലിന്നടുത്തു ചെന്നു നിന്നു. തുളസിചോദിച്ചു.

''സമ്മാനങ്ങറം വളരെ കിട്ടിയോ? സമ്മാനം വാങ്ങിസമ്പാദിക്കാൻ മാത്രമായി ഒരു കല്യാണം ക ഴിച്ചാലെന്തെന്നു കൂടി ഞാൻ വിചാരിക്കാറുണ്ടു്.''

''കിട്ടുമ്പോഴേയുള്ളു ആ സുഖം'' വീണ്ടും കസേ

രയിൽ ചെന്നിരുന്നിട്ട്, അനുഭവത്തിൻെറ കയ്പ്പോടെ ഭാരതിയമ്മ പറഞ്ഞു. "എത്ര കൂടുതൽ കിട്ടുന്നോ അത്രയും ശല്യം, എന്നും ഓരോരുത്തക്ക് തിരിയെ കൊടുത്തു കൊണ്ടേയിരിക്കണം. എല്ലാരും കല്യാണം കഴിക്കാതേയും പ്രസവിക്കാതേയും ഇരുന്നെങ്കിൽ— എന്നു ഞാനാശിക്കാറുണ്ട്."

സ്വർണ്ണലത പുചരത്തോടെ പറഞ്ഞു. "ഭാരതിച്ചേച്ചിക്ക് ഈ അത്യാഗ്രഹവും—"

"ഛേ, ഇതെന്തു വഴക്കാണ്! എന്നെ അന്വേഷിച്ചു വീട്ടിൽ വന്ന ഭാരതിയമ്മയെ ഞാൻ കൂട്ടിനു വിളിച്ചു കൊണ്ടുവന്നതാണിവിടെ. അതുകൊണ്ട് നിങ്ങൾ ബന്ധുക്കളായാൽ കൂടി എൻെറ അനുവാദമില്ലാതെ വഴക്കുകൂടാൻ പാടില്ല." അതുമല്ല, തുളസി അത്ഥവത്തായ ഒരു മന്ദഹാസത്തോടെ പറഞ്ഞു. "ഈ ലത പടത്തി വിട്ടിരിക്കുന്ന വൃക്ഷത്തെ കാണാനാണ് ഞാൻ വന്നിരിക്കുന്നതു്. വേഗം കാണിച്ചു വിടു."

സ്വർണ്ണലതയുടെ മുഖത്തു് ദ്വേഷ്യം മാറി ഒരു പ്രത്യേകതയുള്ള മനോഹാരിത പ്രത്യക്ഷമായി. അവൾ ഏററവും പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. "ഉറങ്ങുകയാണ്."

തുളസി ആ ഭാവം കണ്ട് സ്നേഹാർദ്രമായ സ്വരത്തിൽ പറഞ്ഞു. "പാവം!"

മിസ്സിസ്സ് പണിക്കർ മേശപ്പുറത്തു് നിന്നും പടമെടുത്തു് വീണ്ടും ജനലിങ്കൽ ചെന്നു നിന്നു. തുളസിക്ക് തൻെറ നേരെ ആനുകൂല്യമാണുള്ളതെന്നു കണ്ടപ്പോൾ കെട്ടിനിൽക്കുന്ന വെള്ളത്തിനൊരു പ്രവാ

ഫ മാർഗ്ഗം കിട്ടിയതുപോലെ ആവേശപൂർവ്വം സ്വർണ്ണലത പറഞ്ഞു. "നോക്കൂ തുളസി, ഒരുത്തർക്കും ഇപ്പോഴെന്നെ കണ്ടുകൂടാ. എനിക്കറിയാം എന്തുകൊണ്ടാണെന്നു്. അസൂയയാണു്, ജ്വലിക്കുന്ന അസൂയ. പിന്നെ, സ്വന്തക്കാരാണെങ്കിൽ എപ്പോഴും എന്നെ ദ്വേഷ്യവും ശകാരവും ഇപ്പോഴും കുറവൊന്നും ഇല്ല. ഞാൻ കുടുംബത്തിനിടിവു വരുത്തിക്കളഞ്ഞു പോലും."

"പോലും! ഈ 'പോലും' ന്റെ ആവശ്യമെന്താണു്?" പത്രവായനയിൽ ലയിച്ചുനിന്ന ഭാരതിയമ്മ ദ്വേഷ്യത്തോടെ പറഞ്ഞു. "തന്റെ സ്വത്തിനും സ്ഥിതിക്കും ഒരു മാതിരി യോജിച്ചവനെ വേണ്ടേ ഭർത്താവാക്കാൻ? വെളുത്തതൊലിമാത്രമുണ്ടായാൽ യോഗ്യതയായോ? അറിവുള്ളവർ ഉപദേശിച്ചാൽ കേട്ടില്ലെങ്കിൽ ഒടുവിൽ പശ്ചാത്തപിക്കുമ്പോഴറിയും. അവളെ കുററംപറഞ്ഞിട്ടു കാര്യമില്ലന്നേ. അയാളുടെ ജാതകത്തിലെ യോഗം."

അനുവാദമില്ലാത്ത സ്ഥലത്തു പ്രവേശിക്കുന്ന ഭാവത്തോടെ ചിരി അമർത്തി തുളസി ചോദിച്ചു. "ഇതു സ്വയംവരമായിരുന്നോ?."

രണ്ടുപേരും ഒന്നും മിണ്ടിയില്ല. വീണ്ടും ചിരി വന്നതമർത്തിക്കൊണ്ടു തുളസി തുടർന്നുചോദിച്ചു. "സ്വർണ്ണലതയ്ക്കു പ്രേമംകേറുകയായിരുന്നോ? ഞാനിവിടെയില്ലാതിരുന്നതുകൊണ്ടു് ഒന്നും അറിഞ്ഞില്ല. ആ മനുഷ്യനെന്താണു് യോഗ്യതക്കുറവു്?"

"ബോംബേയിൽ നൂററമ്പതുരൂപ എന്തിനു തികയും?" പിന്നെയും ഭാരതിഅമ്മ ശാസനാസ്വര

ത്തിലാണു് പറഞ്ഞതു്. "ഒരാളിൻെറ ചിലവിനുതന്നെ തികയുകില്ല; പിന്നെയല്ലേ രണ്ടുപേൎക്കു്! ഞയാളുടെ വീട്ടിലാണെങ്കിൽ നാലുകാശിനും പോരാക്കില്ലാത്ത കൂട്ടങ്ങളാണു്. പണ്ടു് ഒരു ഇരുനൂറു രൂപക്കാരൻ എന്നെക്കിട്ടാൻ നടമേനട നടന്നു. എന്നിട്ടും അച്ഛൻ സമ്മതിച്ചില്ല. അന്യദിക്കിലായാൽ നല്ല ശമ്പളംവേണം. കണ്ടില്ലേ, ഇന്ദിരയുടെ ഭൎത്താവിനു ബാംഗ്ലൂരിലാണു് ജോലി. എണ്ണൂറിൽ കുറയാത്ത ശമ്പളം ഉണ്ടു്. രാജേശ്വരിയുടെ ഭൎത്താവിനു യൂ. പി. യിൽ ആയിരത്തിരുനൂറു രൂപയാണു് ശമ്പളം. കനകത്തിനും .... ........ ...."

"ഓ! ലിസ്റ്റ് വായനതുടങ്ങി!" സ്വൎണ്ണലത ചാടി എണീററുകൊണ്ടു പറഞ്ഞു.

"ഓരോരുത്തൎക്കു് ഓരോന്നിലാണു് ആശ. തുളസിക്കറിഞ്ഞുകൂടേ, പണ്ടേ ഞാൻ സൌന്ദൎയ്യം കണ്ടാൽ മതിമറന്നുപോകുന്ന കൂട്ടത്തിലാണെന്നു്? പണത്തിനേക്കാറം വലിയ ഒരനുഗ്രഹമല്ലേ സൌന്ദൎയ്യം?"

"പണം അനുഗ്രഹമല്ല, ആവശ്യമാണു്." തുളസി കാൎയ്യമാത്രപ്രസക്തമായ സ്വരത്തിൽ പറഞ്ഞു. "ആ ആവശ്യം ധാരാളമുള്ളവൎക്ക അനുഗ്രഹങ്ങളിലാശ വയ്ക്കാം. എന്നാലും, സൌന്ദൎയ്യമുള്ള ഒരാളിനെ കല്യാണം കഴിക്കണമെന്നു് ആശതോന്നുന്നതെന്തെന്നു് എനിക്കു് മനസ്സിലാകുന്നില്ല."

"എന്തുകൊണ്ടു്?" സ്വൎണ്ണലതയ്ക്കത്ഭുതം തോന്നി.

"എന്തുകൊണ്ടെന്നോ! സൌന്ദൎയ്യം ഏതിന്ദ്രിയത്തിനാണു് സുഖം കൊടുക്കുന്നതു്? കണ്ണിനുമാത്രം. അതുകൊണ്ടു് അയൽവീട്ടിൽ ഒരു സുന്ദരനോ സുന്ദ

രിയോ താമസിക്കുന്നതൊരു സുഖമായി ഞാൻ വിചാരിക്കും. പക്ഷേ ഒന്നു പരിചയപ്പെടണമെന്നും കൂടി ഞാനാശിക്കില്ല. അക്കാര്യത്തിൽ സ്വഭാവം മാത്രമാണു നോക്കേണ്ടതു്.''

''അയൽക്കാരൻ എന്നും അവിടെ താമസിക്കുമോ?'' തുളസിയുടെ ആനുകൂല്യവും നഷ്ടപ്പെടുന്നുവെന്നുകണ്ടു ദീനതയോടെ സ്വർണ്ണലത ചോദിച്ചു ''അതുകൊണ്ടു്—''

''അതുകൊണ്ടു് സ്വന്തം വീട്ടിൽതന്നെ താമസിപ്പിച്ചു കളയാമെന്നു നിശ്ചയിച്ചതാണു് അല്ലേ? പെൺകുട്ടികൾക്കു് വരൻെറ രൂപത്തിലാണു് നോട്ടമെന്നൊരു പറച്ചിൽ തന്നെയുണ്ടുതാനും''.

ഭാരതിയമ്മയ്ക്കു് ആ സംസാരമൊന്നും തീരെ പിടിച്ചില്ല. അവർ പത്രം താഴെയിട്ടിട്ടു് പറഞ്ഞു. ''ഞാൻ പറഞ്ഞതു് തുളസി മറന്നുപോയെന്നു തോന്നു. വേഗം സംസാരിച്ചുതീർക്കൂ. കുഞ്ഞുണരുമ്പം ഞാനടുത്തില്ലെങ്കിൽ കരയും. ഏതായാലും ഞാനിവിടെ ഒന്നു ചുററിയിട്ടു വരുമ്പോഴെയ്ക്കും, വരാൻ തയ്യാറായിരിക്കണം.''

ഭാരതി അമ്മ കൺമുമ്പിൽ നിന്നു മറഞ്ഞപ്പോൾ സ്വർണ്ണലത പറഞ്ഞു. ''അമ്പോ! ആ പോകുന്നതുമുഴവൻ അസൂയക്കുട്ടയാണു്. ഇവരെല്ലാം കൂടെ പറഞ്ഞു നോക്കിയിട്ടും അച്ഛൻ എൻെറ ഇഷ്ടം നടത്തുന്നില്ലേ? ശമ്പളം കുറവാണെങ്കിൽ, ഈ സ്വത്തിനെല്ലാം ഞാനൊരൊററ അവകാശിയല്ലയുള്ളു? ഭാരതിച്ചേച്ചിക്കും അവരുടെ വീട്ടുകാർക്കും ആയിരുന്നു എതിർപ്പു മുഴവൻ. അവരുടെ ഭർത്താവിനെ തുളസി ഈയിടെ കാണാറുണ്ടോ?''

"ഇല്ല."

"കണ്ടാൽ ബോധം കെട്ടു വീണുപോവും. ആ ലക്ഷപ്രഭുവിനെക്കാറം പിച്ചക്കാരനാണു ഭേദം. അത്ര ഭയങ്കരം, ആ നിറവും വർണ്ണവും എല്ലാം. ആ കററിച്ചതലമുടി കറേശ്ശെ നരയ്ക്കുകയും ചെയ്തപ്പം പിന്നെ പറയാനുമില്ല. ആ മനുഷ്യൻെറ കൂടെ നോക്കുമ്പം—"

"അത്രയും പറഞ്ഞിട്ടു് സ്വർണ്ണലത കുനിഞ്ഞിരുന്നു. തുളസി പുഞ്ചിരിയോടെ പറഞ്ഞു. "നിറുത്തണ്ട. വർണ്ണിക്കു കേൾക്കട്ടെ."

സ്വർണ്ണലത തലയുയർത്തി ആഹ്ലാദപ്രസരത്തോടെ പറഞ്ഞു. "തുളസി നേരിൽ കണ്ടാലെ വിശ്വസിക്കയുള്ളു. കല്യാണദിവസം കഴുത്തിൽ റോസാപ്പൂഹാരമിട്ടിട്ടു്, സത്യം പറഞ്ഞാൽ, നിറവും പൂവും കൂടെ തിരിച്ചറിയാൻ വയ്യ. ഇളംചുവപ്പു പൂവുപോലെ കവിളും കടുംചുവപ്പു പൂവു പോലത്തെ ചുണ്ടും. കണ്ടു നിന്നവരെല്ലാം—"

"ആകൃതി സൗഭാഗ്യത്തിൽ അത്ര വളരെ വിശ്വസിക്കരുതെന്നു കേട്ടിട്ടില്ലേ? പ്രത്യേകിച്ചും ഇക്കാലത്തു്! കണ്ടുപിടിത്തങ്ങളും മറിമായങ്ങളും! ഒരു കഥ കേട്ടിട്ടുണ്ടു്. ഒരിക്കൽ ഒരു മദാമ്മയെ ഒരു നാടകശാലയിൽ വച്ചു് രാത്രി കണ്ടയുടൻ പ്രേമം കേറി ഒരുത്തൻ ഭ്രാന്തു പിടിച്ചു പെട്ടെന്നു വിവാഹം ചെയ്തു. എന്നിട്ടൊടുവിൽ എന്തു പററിയെന്നോ? രാത്രിയിൽ നമ്മെപ്പോലെ അലങ്കാരമെല്ലാം മാററിവയ്ക്കുന്ന കൂട്ടത്തിൽ ആ മദാമ്മ ഭംഗിയുള്ള തലമുടിയും തിളങ്ങുന്ന പല്ലും പഞ്ഞിപോലെ മൃദുലമായ മാംസവും എല്ലാം

ദേഹത്തുനിന്നെടുത്തു വച്ചു. അയാളങ്ങനെ വായും തുറന്നു നിന്നതു സങ്കല്പിക്കാൻ കൂടിവയ്യ.”

“ഇവിടെയിനി അങ്ങനെയൊന്നും പേടിക്കണ്ടേല്ലോ.” കൂട്ടുകാരിയുടെ കുസൃതിയിൽ രസിച്ചു പുഞ്ചിരിയോടെ സ്വർണ്ണലത പറഞ്ഞു. നാലഞ്ചുരാത്രി കഴിഞ്ഞില്ലേ കല്യാണം കഴിഞ്ഞിട്ടു? ആളെകണ്ടു കഴിഞ്ഞാൽ തുളസി വിചാരിക്കും എന്തു സുകൃതം ചെയ്തിട്ടാണു് എനിക്കീ ഭാഗ്യമുണ്ടായതെന്നു്. നിറവും തലമുടിയും ഭാരതിച്ചേച്ചി കൂടി സമ്മതിക്കുന്നതാണു്.”

“വർണ്ണന കേട്ടിട്ടു് ആളെക്കാണാൻ തിടുക്കമായി.” തുളസിയുടെ സ്വരത്തിലും അക്ഷമയുണ്ടായിരുന്നു. “എന്തിനാണിങ്ങനെ പകലുറങ്ങുന്നതു? രാത്രി ഉറക്കമില്ലേ?”

“അതൊന്നുമല്ലാ ഞാൻ നിർബന്ധിച്ചിട്ടാണുറങ്ങുന്നതു്. ഇന്നലെ കുറെ വീടുകളിൽ ഞങ്ങൾ രണ്ടുപേരും കൂടെ പോയി. ഇന്നും പോണം. കുറച്ചുറങ്ങി ക്ഷീണം മാറട്ടേഎന്നു വിചാരിച്ചു.”

“നിങ്ങൾ ബോംബേയ്ക്കു എന്നു പോകുന്നു?”

“അങ്ങോട്ടു പോകാനെനിക്കത്ര ധൃതിയൊന്നുമില്ല.”

“ഇവിടെയുള്ളവരെ അസൂയപ്പെടുത്തി മതിയായില്ലേ?”

സ്വർണ്ണലത ലജ്ജാഭിമാനങ്ങളാൽ നിറംപകർന്ന മുഖത്തോടെ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു. “അങ്ങനെയല്ല. പെട്ടെന്നു പോയിട്ടെന്തു സാധിക്കാനാണു്? അതുമല്ല, കുറച്ചധികം വർഷങ്ങൾകൂടി ഇങ്ങോട്ടു് വ

ന്നിരിക്കയുമാണു്. ആഫീസിൽ ചെന്നിരുന്നു ശ്വാസം മുട്ടണ്ട അവിടെച്ചെന്നാൽ! കുറച്ചുകാലം നാട്ടിൽക്കൂടെപ്പോയി സുഖമെടുത്തിട്ടു പോയാൽ മതിയെന്നാണു ഞാൻ പറയുന്നതു്. നോക്കു തുളസി,"സ്വകാര്യം പറയുന്ന സ്വരത്തിലവൾ പറഞ്ഞു. "ഞാൻ പറയുന്നതിനെതിരായി ഒരക്ഷരം—"

ഭാരതിഅമ്മ അടുത്തേക്കു വരുന്നതു കാണുകയാൽ സ്വർണ്ണലത നിറുത്തിക്കളഞ്ഞു. എങ്കിലും അവൾ പറയാൻ തുടങ്ങിയതെന്തെന്നു തുളസിക്കു മനസ്സിലായി. അവൾ പറഞ്ഞു. "കാട്ടുകാർക്കോടകന്മാരായ ഭർത്താക്കന്മാരെപ്പറ്റിയും നവവധുക്കൾ അങ്ങനെ കുറച്ചുകാലം പറയുക പതിവാണു്." അപ്പോഴേയ്ക്കും ഭാരതിയമ്മ അവളുടെ അടുത്തുചെന്നു പറഞ്ഞു. "തുളസിക്കിറങ്ങാറായില്ല, ഇല്ലേ? ഇല്ലെങ്കിൽ ഞാൻ ധൃതിപ്പെടുത്തുന്നില്ല. ഞാൻ തനിയേ പൊയ്ക്കൊള്ളാം."

"വേണ്ട" തുളസിതടഞ്ഞു. "എനിക്കും പോയിട്ടാവശ്യമുണ്ടു്. ഞാനിതാ വന്നുകഴിഞ്ഞു. സ്വർണ്ണലതയുടെ സൗന്ദര്യകേദാരത്തെ ഒന്നു കാണാതെ എങ്ങനെ വരും? സ്വർണ്ണലത ഒന്നു ചെന്നു വിളിച്ചുണർത്തു. ഭാരതിയമ്മ കല്യാണദിവസം കണ്ടല്ലോ."

"അന്നേ കണ്ടേ തീരുവെന്നെനിക്കു നിർബന്ധമില്ലായിരുന്നു." ഭാരതിയമ്മ ഉദാസീനമട്ടിൽ പറഞ്ഞു. "അങ്ങിനെയൊരാശ തന്നെ തോന്നുന്നതെന്തിനു?"

"വാസ്തവം". തുളസി വിനോദഗൌരവത്തിൽ പറഞ്ഞു. "പിന്നീടു മണ്ണെടുത്തുരുട്ടിയാൽ മൺകുടം ഉണ്ടാവുകയില്ല. അതുകൊണ്ടു് ഭാരതിയമ്മ ഒന്നുകൂടെ

സ്ഥലമൊഴിഞ്ഞുതരും. സ്വർണ്ണലത വേഗം പോയി വിളിച്ചുകൊണ്ടു വരട്ടെ.''

വേലക്കാരി കാപ്പിയും പലഹാരവും മേശപ്പുറത്തു കൊണ്ടുവച്ചു. സ്വർണ്ണലത എണീററുകൊണ്ടു പറഞ്ഞു ''തുളസി കാപ്പികുടിക്കാൻ തുടങ്ങു. കാപ്പികുടിച്ചു തീരുംമുമ്പെ ഞാനിതാ ആളിനേയുംകൊണ്ടു വന്നേച്ചു.'' അവളുടെ മുഖം ഭർത്തൃസ്മരണയിൽതന്നെ ആഹ്ലാദപ്രദമായി ''പരിചയമില്ലാത്തവരോടു് അധികം സംസാരിക്കുകയില്ല. എന്നാലും ഞാൻ പറഞ്ഞു പറഞ്ഞു തുളസിയെ നല്ല പരിചയമായിട്ടുണ്ടു്.''

ആഹ്ലാദസ്മിതത്തോടെ മുറിയിൽ കടന്നുചെന്ന സ്വർണ്ണലതയുടെ മുഖം ഭർത്താവു സോഫയിലില്ലെന്നു കണ്ടപ്പോൾ വല്ലാതെയായി. കൂട്ടുകാരിയെ സല്ക്കരിക്കാൻവേണ്ടി ഭർത്തൃപരിചരണത്തിൽ അശ്രദ്ധ കാണിച്ചതിന്നു ഹൃദയം അവളെ കുററപ്പെടുത്തി. സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഉറക്കമുണർന്നോ എന്നു ഇടയ്ക്കിടക്കു ചെന്നു നോക്കേണ്ടതായിരുന്നു, എന്നു അവൾ വിചാരിച്ചു.

സ്വർണ്ണലത പരിഭ്രമത്തോടെ മുറിക്കു പുറത്തിറങ്ങി അന്വേഷിച്ചു. ''അങ്ങുന്നു കുളിമുറിയിലുണ്ടു്!'' എന്നു വേലക്കാരൻ പറഞ്ഞപ്പോൾ അവൾക്കല്പം ആശ്വാസമായി. പതിവുപോലെ മേൽകഴുകുകയായിരിക്കുമെന്ന വിശ്വാസത്തോടെ അവൾ കുളിമുറിയുടെ വാതൽക്കൽ ചെന്നു.

വാതലിൽ ചെവിചേർത്തു ശ്രദ്ധിച്ചപ്പോൾ അകത്തു തലതോർത്തുന്ന ശബ്ദമാണു് കേൾക്കുന്നതെന്നു് അവൾക്കു് തോന്നി. സ്വർണ്ണലതയുടെ അടങ്ങിക്കിട

ന്ന പരിഭ്രമം അളവില്ലാതെ വർദ്ധിച്ചു. വിവാഹശേഷം ഇന്നാദ്യമായി തല കുളിക്കുകയാണു്. ഏതുതരം എണ്ണയാണു് തേയ്ക്കുന്നതു്, ഏതു സോപ്പാണു് ഉപയോഗിക്കുന്നതു് എന്നൊന്നും അവൾ അന്വേഷിച്ചിട്ടില്ല. അതൊന്നും കുളിമുറിയ്ക്കകത്തു സംഭരിച്ചിട്ടുമില്ല. ശീലിക്കാത്ത സാധനങ്ങൾ ഉപയോഗിച്ചു് ആരോഗ്യത്തിനെന്തെങ്കിലും കേടുതട്ടിയാലോ!

കുറച്ചുനേരം പരുങ്ങി നിന്നിട്ടു് സ്വർണ്ണലത പതുക്കെപ്പറഞ്ഞു. "കുളികഴിഞ്ഞോ? കതകു തുറക്കണം." അകത്തു നില്ക്കുന്ന ആൾ കതകു തുറക്കാൻ സംശയിക്കുന്നതുപോലെ കാണപ്പെട്ടു. അതു പെട്ടെന്നു്, തന്നെ തിരക്കി അവളിങ്ങെത്തിയതിൽ അയാൾക്കൊരു നിസ്സഹായത അനുഭവപ്പെട്ടു. അതിഥികളെ യാത്രയാക്കീട്ടു് വരുമ്പോഴേക്കും കുളിയും വേഷസജ്ജീകരണവും കഴിഞ്ഞു്, മുറിയിൽ അവളെ കാത്തിരിക്കേണമെന്ന നിശ്ചയത്തോടെയാണു് അയാൾ കുളിക്കാനോടിയതു്. പക്ഷെ ആ ആശ തെററിയിരിക്കുന്നു.......അല്ലെങ്കിലും ഇനിയുമിങ്ങനെ അവളിൽ നിന്നും ഒളിച്ചോടേണ്ട ആവശ്യമെന്താണു്? വിവാഹത്തിനു മുമ്പു് തന്റെ സൗന്ദര്യത്തെ അവൾ ആരാധിച്ചെങ്കിൽ ഇനി ഏതു നിലയിലായാലും, തന്നെ സ്നേഹിക്കേണ്ട കടമ അവൾക്കുണ്ടു്. തന്റെ സുഖദുഃഖങ്ങൾ ഇനിമേൽ അവളുടേതും കൂടിയാണു്. അല്ലെന്നു പറഞ്ഞു പിൻതിരിയുന്ന സ്വഭാവമവൾക്കില്ലെന്നും ഇത്രയും ദിവസത്തെ പെരുമാററം പ്രത്യക്ഷമാക്കിയിട്ടുണ്ടു്.

കതകു് അല്പം തുറന്നു. സ്വർണ്ണലത അപരാധ

KOTTAYAM PUBLIC
KOTTAYAM

ഭവത്തിൽ പതുക്കെ തല അകത്തേക്കു നീട്ടി. അതിനകത്തെ മങ്ങിയ വെളിച്ചത്തിൽ ഒരു വെളുത്തതല കണ്ടു് അവൾ ഒന്നു ഞെട്ടി പുറകോട്ടുമാറി. ഒരു നിമിഷം അവൾ അമ്പരന്നു നിന്നു. എത്ര നോക്കിയാലും തനിക്കു് മതിയാകാത്ത ആ മുഖം തന്നെയാണു് ആ വെള്ളത്തലയ്ക്കു് താഴെ കാണുന്നതു്. ഇതെങ്ങനെ വന്നു? ആ നന്നേ കറുത്ത മിനുത്ത തലമുടി— തുളസി കളി പറഞ്ഞതവളോർത്തു — കണ്ടുപിടിത്തവും മറിമായവും!

ഭർത്താവിൻെറ അകാലനര കറുപ്പിക്കാനുപകരിച്ച കണ്ടുപിടിത്തം തൻെറ മുഖത്തു കരിതേയ്ക്കാൻ ഇടയാക്കിയിരിക്കുന്നു!

സ്വർണ്ണലതയ്ക്കു തല കറങ്ങി. തൻെറ പാദങ്ങൾ പാതാളത്തിൻെറ പടികളിൽ കൂടെ വഴുതിപ്പോകുന്നതായി അവൾക്കു തോന്നി.

ആളുകളുടെ പരിഹാസച്ചിരി സ്വർണ്ണലതയുടെ ചെവിയിൽ ചെന്നലച്ചു. കതകു മുഴുവനും തള്ളിത്തുറന്നുകൊണ്ടു് അവളുടെ ശരീരം മുന്നോട്ടാഞ്ഞു. അയാൾ സമയത്തിനു താങ്ങിയില്ലെങ്കിൽ, അവളുടെ സൗന്ദര്യഭ്രാന്തു പിടിച്ച ആ പെൺതല ആ സിമൻറ് തറയിലടിച്ചു് ചിതറിപ്പോവുമായിരുന്നു.

## ഇരട്ടവേഷം

ക്രിസ്തുമസ്സ് അവധികഴിഞ്ഞു് അന്നാണു് കോളെജ് തുറന്നതു്. അവിടത്തെ വിദ്യാർത്ഥിനികൾക്കു പരസ്പരം പല വിശേഷങ്ങളും പറഞ്ഞുതീർക്കാനുണ്ടാ

യിരുന്നു. അല്ലെങ്കിൽത്തന്നെയും ഒരു ശരാശരി വിദ്യാർത്ഥിനിക്കു് തരം കിട്ടുമ്പോഴെല്ലാം സംസാരിക്കാനാണു് ഏററവുമിഷ്ടം—വിദ്യാർത്ഥിക്കു്, കൂവാനും.

ഉച്ചക്കലത്തെ ഒരു മണിക്കൂർ വിശ്രമം കഴിഞ്ഞു് ക്ലാസ്സിൽ പോകേണ്ട മണിയടിച്ചു. ശ്രദ്ധാപൂർവ്വം സാരിയുടെ മടക്കുകൾ ഒന്നുകൂടി നിഷ്കർഷിച്ചു് ശരിപ്പെടുത്തിയശേഷം, ബുക്കുകൾ അടക്കിപ്പെറുക്കി നെഞ്ചോടു് ചേർത്തു പിടിച്ചു്കൊണ്ടു് കനകമ്മ പറഞ്ഞു. “ദേ മേരി, ഈ ബുക്കു് ആ നമ്പൂരിയുടെ കയ്യിലൊന്നു് കൊടുക്കാമോ? മിസ്സ് വാസന്തീനായരുടെ ക്ലാസ്സാണിപ്പം. ആൺപിള്ളേരോടു മിണ്ടിയാൽ മതി, അവരുടെ മുഖം കാണണം! ആ രസം അവക്കു മാത്രമേ ആകാവൂ എന്നാണു്. മേരി കല്ല്യാണം കഴിഞ്ഞ കുട്ടി ആയതുകൊണ്ടു് സാരമില്ല.”

മ്ലാനമുഖിയായിനിന്ന മേരി, ഒരു ദീർഘനിശ്വാസത്തോടെ ഉദാസീനഭാവത്തിൽ കൈനീട്ടി ബുക്കു് വാങ്ങിച്ചു. സൌദാമിനി മേരിയെ പിടിച്ചു് കുലുക്കിക്കൊണ്ടു പറഞ്ഞു. “അയ്യോ! പാവം! ഇന്നു കാലത്തു് ക്ലാസ്സിൽവച്ചു സാർ ഉത്തരവിപ്രലംഭം വർണ്ണിച്ചതു കേട്ടിട്ടെനിക്കു് തീരെ മനസ്സിലായില്ല. പക്ഷെ മേരിയെ കാണുമ്പോഴതു് നല്ലപോലെ മനസ്സിലാവുന്നുണ്ടു്.”

വാതൽ കടന്നു് മുററത്തിറങ്ങിയ ഒരു കുട്ടി എന്തോ ഒരത്യാവശ്യകാര്യം ഓർമ്മിച്ചതുപോലെ തിരിഞ്ഞു മേരിയുടെ അടുത്തുചെന്നു് ചോദിച്ചു. “മേരീ, ഒരു സംശയം. പാലാഴി കടഞ്ഞശേഷം മന്ദരപർവ്വതം എന്തായി?”

വിഷാദഭാവം മാററി മേരി ബുക്ക്കൊണ്ട് ചോദ്യക്കാരിയുടെ മുതുകിൽ ഊക്കോടെ ഒന്നു തട്ടിയിട്ട് പറഞ്ഞു. "മതായി. അത്രയൊക്കെ പുരാണം എനിക്കറിയാം. പക്ഷെ, ഈ ബ്രഹ്മാവ് എന്നു് പറയുന്നതു് എന്തുതരം മാവാണെന്നു് പറഞ്ഞുതരു"

ജാതിമതഭേദം ശ്രദ്ധിക്കാതെ അവിടെ നിന്നവരെല്ലാം പൊട്ടിച്ചിരിച്ചു. ആ ആഹ്ലാദത്തിൽ പങ്കുകൊള്ളാതെ ദൂരെ മാറിനിന്ന സെയിനാബായുടെ അടുത്തുചെന്നു് സീത അനുകമ്പാപൂർവ്വം ചോദിച്ചു. "എന്താ ഇത്ര വല്ലാതിരിക്കുന്നതു്? ഇന്നും ടൈപ്പ്ചെയ്ത എഴുത്തുകിട്ടിയോ? ആളറിഞ്ഞെങ്കിൽ പ്രിൻസിപ്പാളിനോട് പറയാമായിരുന്നു. അതിന്നു് നിവൃത്തിയില്ല. പിന്നെ, ഇതൊക്കെ കണ്ടു പേടിക്കാൻമാത്രം മായിയാകരുതു്. അവൻ രാപ്പകൽ സ്വപ്നം കാണട്ടെ. അതിന്നു സെയിനാബായ്ക്കെന്തു്?"

സെയിനാബായുടെ കണ്ണുകൾ നിറഞ്ഞു. മുഖം തുടയ്ക്കുന്ന ഭാവത്തിൽ സാരിത്തുമ്പുകൊണ്ടു കണ്ണു തുടച്ചിട്ടവൾ ചോദിച്ചു. "സീത ക്ലാസ്സിൽ വരുന്നില്ലേ? മണിയടിച്ചു."

"ഓ! ഞാനെങ്ങും വരുന്നില്ല." സീത മേശപ്പുറത്തിരിപ്പ്പിടിച്ചു. "നവരസങ്ങൾ അനേകമുണ്ട് എന്നു് പറയുന്ന സാറിൻെറ ക്ലാസ്സല്ലേ? അസഭ്യം കേട്ട് കേട്ട് എനിക്കു് സഹികെട്ടു—കഥയില്ലായ്മയും."

കുട്ടികളെല്ലാം ലഹള വച്ചുകൊണ്ട് ഒന്നൊന്നായി ഇറങ്ങിപ്പോയി. സൌദാമിനിയും സീതയും മാത്രം അവിടെ ശേഷിച്ചു. എന്തോ രഹസ്യം പറയാനുള്ളതുപോലെ സൌദാമിനി നാലുവരവും നോക്കി.

വിദ്യാത്ഥിനികളുടെ വെയിററിങ്ങുവുമൺ (waiting woman) മാത്രമെ അതിന്നകത്തുള്ളു. അവരാണെങ്കിൽ ബെഞ്ചിൽ കിടന്നു കൂക്കം വലിച്ചുറങ്ങുകയാണു്. സൌദാമിനി പറഞ്ഞു. "കാലത്തെ ഞാൻ പറഞ്ഞതു് മറന്നു്പോയോ? സീതയെപ്പററി മിസ്സ് വാസന്തീനായർ മഹിളാമന്ദിരത്തിൽ ചെന്നിരുന്നു് പ്രസംഗിച്ച കാര്യമെ."

"അവർ പ്രസംഗിക്കട്ടെ" സീത ഭാവഭേദമില്ലാതെ പറഞ്ഞു. "ലക്ചറ റല്ലെ."

"സുധീരൻ നായരെ പററി പുള്ളിക്കു് വലിയ ബഹുമാനമാണെന്നു് തോന്നുന്നു. വലിയ വലിയ ആശകളോടെ ഇങ്ങോട്ടു പഠിക്കാനയക്കുന്ന നല്ല കൊച്ചുങ്ങളെയൊന്നും വീട്ടുകാക്കു് തിരിയെ കിട്ടുകയില്ല എന്നെല്ലാം അവർ പറഞ്ഞു."

"അതുകൊണ്ടു അവരുടെ മകനെ ഇങ്ങോട്ടു പഠിക്കാൻ വിടരുതു്".

"ഇതാ; ഈ നാക്കാണു സീതയെ ചീത്തയാക്കുന്നതു്, ഇതു് കേട്ടാൽ ആരെങ്കിലും വിചാരിക്കുമൊ അവർ പറഞ്ഞതു തെററാണെന്നു?"

"അല്ലെങ്കിലും അവർ പറഞ്ഞതല്ലെ ശരിയാകേണ്ടതു്? രക്ഷകത്താക്കാം കുട്ടികളെ ഇവരെ ഏല്പിച്ചിരിക്കയാണെന്നു തോന്നുന്നു, ആരും തട്ടിക്കൊണ്ടു പോകാതെ. മിക്ക കുട്ടികളും ഇവിടെ വരുന്നതു് ഡിഗ്രിസമ്പാദിക്കാനല്ല, ഭത്താവിനെ കൂടെ നേടാനാണെന്നാണിവരുടെ വിചാരം. അവരതൊന്നു് ശ്രമിച്ചിരിക്കണം; അതാണിത്ര സംശയം നമ്മെപററി."

"പക്ഷെ; നമ്മെപററിയുള്ള ഈ സംശയവും സൂക്ഷിക്കലുമൊക്കെ. ഉദ്യോഗസ്ഥന്മാരുടെ മകളായാ

ൽ ചെയ്യുന്നതെല്ലാം ശരി; പിന്നെ മററുള്ളവരുടെ ദുഷ്യം പറഞ്ഞു കേൾപ്പിക്കാനറിയാമെങ്കിലും അവക്കിഷ്ടപ്പെട്ടു."

സീത എണീററു ജനലിൽ കൂടെ കുറെനേരം വെളിയിൽ നോക്കിക്കൊണ്ടു നിന്നു. പാരിജാതപ്പൂവിൻെറ ശക്തിയായ പരിമളം മുറിക്കകത്തു് വന്നടിച്ചു. അവൾ സ്വഗതമെന്നപോലെ പറഞ്ഞു. "ഇതിന്നു് കലാശാലയെന്നല്ല ജ്ഞാനവില്പനശാലയെന്നു് വേണം പേരിടാൻ. കലാശാലയാണെന്നു് കേട്ടാൽ, ഇതിന്നകത്തു സംസ്കാരവും സമഭാവനയും ഹൃദയവിശാലതയും നിറഞ്ഞു നില്ക്കുന്നെന്നു് തോന്നും. വാസ്തവം മറിച്ചാണു് താനും. പണ്ടത്തെ കാട്ടാളരെക്കാൾ ഇന്നത്തെ മനുഷ്യൎക്കെന്താണൊരു മേന്മ? ഇതിലെ കാട്ടാളത്തരം പഠിച്ചതാണെന്നതു് മേന്മയാവുമോ? ഇതൊക്കെ കണ്ടിട്ടു് ലോകത്തോടുപോലും വെറുപ്പു തോന്നുകയാണു്."

"നോക്കു, സീതെ, ഈ വേദാന്തമൊക്കെ വയസ്സുകാലത്തെ കൊള്ളാവു." സൌദാമിനി പറഞ്ഞു. "ഈ പ്രായത്തിൽ ചിന്തപ്പെരുട്ടു് കേട്ടാലെം? കഴിഞ്ഞയാണ്ടു ഭാഗീരഥിയുടെ കാര്യത്തിൽ വഴക്കുണ്ടായതും അടിനടന്നതുമെല്ലാം ഇവരുടെ വ്യംഗ്യമായ പ്രേരണകൊണ്ടാണെന്നു് ആ ശണ്ഠക്കാരിലൊരാൾ എന്നോടു് പറഞ്ഞു. ആ സ്ഥിതിക്കു്—"

"ഓ! ഇപ്പോഴാണെനിക്കു മനസ്സിലായതു്. ഇന്നാളൊരുദിവസം മററ മഠാമഹിമ ശ്രീമതി എന്നെ വിളിച്ചുപറഞ്ഞു, നമ്മൾ പഴയമട്ടുകാരാണു്, പെൺകുട്ടികൾ ആൺകുട്ടികളോടു അത്ര സ്വാത

ന്ത്യമായി പെരുമാറരുത്', എന്നെല്ലാം. നിർബ്ബന്ധമായ ഒരു വീക്ഷണഗതി ഇവർക്കെന്തുകൊണ്ടു ഉണ്ടാവുന്നില്ല എന്നു് എനിക്കെത്രയാലോചിച്ചിട്ടും മനസ്സിലാവുന്നില്ല.''

''എന്നിട്ട സീതയെന്തു സമാധാനം പറഞ്ഞു? സ്വന്തം ജീവിതത്തിലെന്നു് തിരിഞ്ഞുനോക്കിയിട്ടു് സൂക്ഷിച്ചുപദേശിക്കാൻ പറയാത്തതെന്തു്?''

''ഓ! ഞാൻ ചിരിച്ചുകൊണ്ടുനിന്നു. അവസാനം, എന്തെങ്കിലും പറയണമെന്നവർ നിർബ്ബന്ധിച്ചു. എന്തു പറയാൻ? ഇത്തരം ഗുരുക്കന്മാരുടെ വാക്കു് കേൾക്കാൻ എന്റെ ആദർശം എന്നെ അനുവദിക്കില്ല. എന്നു പറഞ്ഞിട്ടു് ഞാൻ മുറിയിൽനിന്നു് ഇറങ്ങിപോന്നു.''

പ്രധാന കെട്ടിടത്തിന്റെ മൂന്നാംനിലയിൽനിന്നു് കൂട്ടം ചേർന്ന ഒരു കൂവൽ പുറപ്പെട്ടു. സൌദാമിനി എണീററുകൊണ്ടു പറഞ്ഞു. ''പിന്നെ, നമുക്കു് മററെ കെട്ടിടത്തിലെ മുറിയിൽ ചെന്നിരിക്കാം. അല്ലെങ്കിലിനി സർ വിചാരിക്കും സാറിന്റെ ക്ലാസ്സിൽനിന്നു രക്ഷപ്പെടാൻവേണ്ടി ഞാൻ ഒളിച്ചിരിക്കുകയാണെന്നു്. അവരുടെ അനിഷ്ടം സമ്പാദിക്കുന്നതെന്തിന്നു്? ചീത്ത പറയുകയല്ലാതെ ഈ പെൺസംഘമ്മാർ ഒരു ഗുണവും ചെയ്യില്ല. ആണുങ്ങൾക്കെന്തെല്ലാം കുററമുണ്ടെങ്കിലും ഒരു മേന്മയുണ്ടു്—അല്പത്തരം കുറയും. സഹവർഗ്ഗക്കാരിലൊരാളോടു് ഒരു സ്ത്രീ പ്രത്യേകപ്രതിപത്തി കാണിച്ചാൽ മാത്രമെ അവർക്കസൂയ ജ്വലിക്കയുള്ളു. നുണപറച്ചിലും കേൾക്കലും പരിപ്പിക്കുകമാത്രമാണിവിടത്തെ പെണ്ണുങ്ങളുടെ ജോലി.''

സീതയും സൌദാമിനിയും കയ്യിൽ പുസ്തകങ്ങളെടുത്തു. ഉറങ്ങികിടന്ന സ്ത്രീയെനോക്കി സീത ഇങ്ങിനെ പറഞ്ഞു. "ഇവരെയൊന്നുണത്തിയിട്ടു് പോയാമതി നമുക്കു്. മഹാ അത്യാഗ്രഹി മുത്തമ്മ. മക്കളുടെ കാര്യം പറഞ്ഞു കൊന്നുകളയും. സുഖനിദ്രക്കൊരു തടസ്സമുണ്ടാകട്ടെ."

സീത ഒരു കസേരയെടുത്തു് മൂന്നുനാലുപ്രാവശ്യം ഉറക്കെയൊടെ നിലത്തിടിച്ചു. മുത്തമ്മ ഞെട്ടിയുണന്നു, കണ്ണുതിരുമ്മി നോക്കിയപ്പോഴെക്കും മുറിക്കകത്താരുമുണ്ടായിരുന്നില്ല.

പ്രധാനകെട്ടിടത്തിന്റെ വിശ്രമമുറിയിൽ ചെന്നയുടനെ സീത പറഞ്ഞു. "സാറിപ്പം ക്ലാസ്സു് കഴിഞ്ഞു ഇതിലേവരും. അതാണു എനിക്കു് തലവേദന തുടങ്ങുന്നതുപോലൊരു തോന്നൽ."

സൌദാമിനി ബഞ്ചിലും സീത ഡസ്കിന്റെ പുറത്തും ഇരുന്നു. സീത ചോദിച്ചു. "ഇങ്ങനെ ഒരു ദുഷ്പ്പേരുവി പരക്കുന്നെന്നു പറഞ്ഞപ്പം സുധി എന്തു് പറഞ്ഞു?"

"മിസ്സ് വാസന്തീനായരെക്കണ്ടു തെററിദ്ധാരണ തീക്കാമെന്നു്. നിങ്ങളുടെ ബന്ധത്തിന്റെ നിഷ്ക്കളങ്കതയെപ്പററി ഒരു പ്രസംഗവും ചെയ്തു."

"പാവം! സുധിയുടെ കാര്യത്തിൽ എനിക്കു് വലിയ വിഷമമുണ്ടു്. എന്നെപ്പററി എനിക്കൊരു വേദനയുമില്ല. ജീവിതസുഖത്തിൽ എന്തുകൊണ്ടോ എനിക്കു് കുറച്ചധികം അശ്രദ്ധയാണു്. ആളുകളുടെ നല്ല അഭിപ്രായത്തിന്നുവേണ്ടി പാടുപെടാനെനിക്കു് കഴികയില്ല. ആളുകളും ഞാനും രണ്ടുലോകത്താണു്

ജീവിക്കുന്നതെന്നുകൂടി എനിക്കു തോന്നിപ്പോകാറുണ്ടു്."

സൌദാമിനി ഒന്നും മിണ്ടിയില്ല. ചിന്താവ്യാകലമായ മുഖത്തോടെ അല്പനേരം ഇരുന്നതിന്നു് ശേഷം സീത തുടൎന്നു. "ആളുകളുടെ ഈ സംശയം കാരണം ഞാൻ നല്ലപോലൊരു ആത്മപരിശോധന നടത്തി നോക്കി. സുധിയോടു് എനിക്കുള്ള സ്നേഹത്തിൽ മുക്കാലും വാത്സല്യമാണു്—ബാക്കി, വെറും സൌഹൃദവും. പ്രേമിക്കാൻ സാധിക്കാത്ത ഒരത്ഭുതസൃഷ്ടിയാണു് ഞാൻ എന്നെനിക്കു് തോന്നാറുണ്ടു്. അല്ലെങ്കിലും, സ്ത്രീപുരുഷന്മാർ തമ്മിലുള്ള മൈത്രി, ആ രീതിക്കപ്പുറം കടക്കാതിരിക്കാൻ, സ്ത്രീക്കു് പലപ്പോഴും സ്വാഭാവികമായി സാധിക്കുമെന്നാണെന്റെ വിശ്വാസം. തീരെ കുറവാണു് അതിനുകഴിയുന്ന പുരുഷന്മാർ. ആപൽബോധം അടിയിൽകിടക്കുന്നതായിരിക്കണം സ്ത്രീയുടെ ആ മെച്ചത്തിന്റെ കാരണം."

പെട്ടെന്നു് സീത സൌദാമിനിയെ പിടിച്ചു് വലിച്ചുകൊണ്ടു പറഞ്ഞു. "നോക്കു, മുരുകേശനെ നാലഞ്ചു പേർകൂടി ആന കളിപ്പിക്കുന്നതു്. കടുവാപ്പുത്തിന്നു വേഷമിടുന്നതുപോലെ പൌഡറിട്ടിട്ടുണ്ടു് അവന്റെ മുഖത്തു്. നമുക്കു് വാതില്ക്കൽ പോയി നോക്കാം."

അവർ വാതില്ക്കൽ നിന്നു് അഞ്ചുമിനിട്ടു് കഴിഞ്ഞിരിക്കയില്ല, സൌദാമിനി പുറകോട്ടു നോക്കിയിട്ടു് വിവൎണ്ണയായിട്ടു് പറഞ്ഞു. "അയ്യോ! മിസ്സ് വാസന്തീനായർ അതിലെ കടന്നു പോയി. നമ്മ

ളെ നല്ലപോലെ കണ്ടു. നമുക്കിവിടെനിന്നു് മാറി
ക്കളയാം''. സീത മുഖം തിരിക്കാതെ ചോദിച്ചു.

''എന്തിന്നു്?''

''ആൺകുട്ടികളുടെ കളികഠം നാം നോക്കി നി
ന്നാൽ അവക്ക് രസിക്കയില്ലെന്നറിഞ്ഞുകൂടെ?''

''ഇത്രെയുള്ളോ! കളി കണ്ടു രസിക്കാനാണു്,
അവർ ആണൊ, പെണ്ണോ എന്നു് നോക്കാനല്ല ഞാ
നിവിടെ നിൽക്കുന്നതു്.''

സീത തിരിഞ്ഞു നോക്കിയപ്പോഠം സൌദാമി
നി പൂർവ്വസ്ഥാനത്തു് ബെഞ്ചിലിരുന്നു് പുസ്തകം വാ
യിക്കുകയായിരുന്നു. അവഠം അതുകണ്ടു് മനസാ ചി
രിച്ചു.

''ഇനി ഇതിനകത്തുവച്ചാണു് ക്ലാസ്സ്. മിസ്സി
സ്സ്മേനോനു് മുകളിലേക്കു് വരാൻ വയ്യ പോലും''
എന്നു് പറഞ്ഞുകൊണ്ടു സീതയുടെ സഹവിദ്യാർത്ഥി
കഠം സീതയുടെ അടുത്തു് ചെന്നു. സൌദാമിനി അ
വർ പറഞ്ഞതു് കേട്ടിട്ടു് സ്വന്തം ബുക്കുകളെടുത്തു
കൊണ്ടു് ആ മുറിയിൽ നിന്നിറങ്ങി പോയി. സീത
പറഞ്ഞു. ''ഞാൻ പോയി മിസ്സിസ്സ മേനോനോടു്
ചോദിക്കട്ടെ, ഏന്തു് ബുക്കാണിനി എടുക്കുന്നതെ
ന്നു്.''

അദ്ധ്യാപികമാരുടെ ഇരിപ്പു മുറിയിൽ സീത
സഹജോന്മേഷത്തോടെ കടന്നു ചെന്നു. മുറിയുടെ
അങ്ങെയററത്തിരുന്ന ഒരലമാരിയിൽ നിന്നും ബു
ക്കുകഠം തിരയുകയായിരുന്നു മിസ്സിസ്സ മേനോൻ.
ഒരു ചെറിയ ക്യാൻവാസ്സ കസേരയിലിരുന്നു് മിസ്സ
വാസന്തീനായർ തലതിരിച്ചു നോക്കിയിട്ടു് പറ

ഞ്ഞു. "ഓ! സീതയാണെോ? ഇവിടെ വരു."

"എന്തിന്നു്?" എന്നു ചോദിച്ചുകൊണ്ടു് സീത അടുത്തു ചെന്നു. അവർ എണീററു നിവന്നിരുന്നു് ഒരു പ്രൗഢചിവാകന്റെ ഭാവത്തിൽ പറഞ്ഞു, "സീതക്കെതിരായി രേഖാമൂലമായ പരാതികഠം എന്റെ കയ്യിൽ കിട്ടിയിരിക്കുന്നു. ഇവിടത്തെ സ്റ്റാഫിനേയും കുട്ടികളേയും പററി ചീത്തയായി സംസാരിക്കുന്നു എന്നാണുപരാതി. ഞാൻ രണ്ടാഴ്ച ഇടതരുന്നു. അതിനകം ഇതു നിത്തിയില്ലെങ്കിൽ ഫലമനുഭവിക്കാൻ തെയ്യാററായിക്കൊള്ളണം."

മനസ്സാ കുറച്ചു് അഭിനയപരിശീലനം നടത്തിയതുപോലെയായിരുന്നു അവരുടെ ഭാവവും വാക്കുകളും. അതിന്റെ അപ്രതീക്ഷിതത്വം സീതയെ ഒന്നു ഡാളിപ്പിച്ചു. ക്ഷോഭംകൊണ്ടല്പം ഉയന്ന സ്വരത്തിലവഠം പറഞ്ഞു. "അങ്ങനെയൊരു പരാതിക്കു ഞാനിടയാക്കിയിട്ടില്ല എന്നാണെന്റെ വിശ്വാസം. എന്നാലും തെളിവുതരാമെങ്കിൽ ശിക്ഷയേല്ക്കാൻ എനിക്കൊരു മടിയുമില്ല."

സീതയുടെ സ്വരത്തിൽ ഭീതിയൊ കുററസമ്മതമൊ തെല്ലുമില്ലായിരുന്നു. അതുകൊണ്ടു് പരാജയബോധത്താൽ പൂവ്വാധികം ദേഷ്യംവന്ന മിസ്സ് നായർ പറഞ്ഞു: "ഇവിടെനിന്നു് ആടുകയും പാടുകയും ഒന്നും വേണ്ട. പഠിക്കപ്പെറഞ്ഞാൽ മതി. അങ്ങേ മുറിയിൽ ആൺകുട്ടികളുണ്ടു്. ഏതായാലും രണ്ടാഴ്ചത്തെ അവധി ഞാൻ തരുന്നു. അതിനിടയ്ക്കു്—"

"അതു വേണ്ട." സീത പറഞ്ഞു. "തെളിവുകാണിച്ചു് ഉടനെ ശിക്ഷിച്ചേയ്ക്കണം. കള്ളം പറയാൻ

ഞാൻ ശീലിച്ചിട്ടില്ല. കുററം ചെയ്തെങ്കിൽ ശിക്ഷയനുഭവിക്കാതെ പോകണമെന്നു് എനിക്കു് ആഗ്രഹവുമില്ല.''

അതു കേൾക്കാത്തതുപോലെ അവർ പറഞ്ഞു. "ശ്രദ്ധിച്ചില്ലെങ്കിൽ ഫലം എന്താണെന്നോർത്തുകൊള്ളൂ. ഞാൻ പ്രിൻസിപ്പലിനോടു റിപ്പോർട്ടു ചെയ്യും. എഴുതിയ പരാതികളാണുള്ളതു് എൻെറ കയ്യിൽ. ഉം, പൊയ്ക്കൊള്ളൂ.''

പ്രസന്നവദനയായി അതിനകത്തു കടന്നുചെന്ന സീത വാടിയ മുഖത്തോടെ ഇറങ്ങിപ്പോയി. അവസരസേവയും പരദൂഷണവും ശീലിക്കാത്തതിൻെറ ശിക്ഷയാണിതെന്നു അവൾക്കു മനസ്സിലായി. അവർ പറഞ്ഞതു പച്ചക്കള്ളമാണെന്നും അവൾക്കു തോന്നി. എങ്കിലും മനസ്സിൽ വലിയ വിഷമം തങ്ങിനിന്നു.

സീത ക്ലാസ്സിൽ ചെന്നിരുന്നു. എന്തോ വലിയ അനിഷ്ടസംഭവം നടന്നെന്നു് അവളുടെ മുഖഭാവത്തിൽ നിന്നു സഹവിദ്യാർത്ഥികൾ ഗ്രഹിച്ചു. അവർ പല വിശേഷങ്ങളും പറഞ്ഞു—കഴിഞ്ഞ ക്ലാസ്സിൽ അദ്ധ്യാപകൻ പറഞ്ഞ തെററുകൾ. സീതയിൽ നിന്നു ഒരു കരിഞ്ഞ പുഞ്ചിരിമാത്രമുണ്ടായി.

ക്ലാസ്സു് തുടങ്ങാനുള്ള മണിയടിച്ചയുടനെ മിസ്സിസ്സ് മേനോൻ ബുക്കുകളുമായി അതിനകത്തു കടന്നുചെന്നു. അവർ കസേരയിലിരുന്നിട്ടു് ചോദിച്ചു. "കലേയുടെ ശാകുന്തളം, എല്ലാരും വായിച്ചോ?''

വിദ്യാർത്ഥികൾ സീതയെ നോക്കി. അവൾ പറഞ്ഞു. "പുസ്തകം എൻെറ കയ്യിലായിരുന്നു. ഞാൻ മുഴുവൻ വായിച്ചതുമില്ല.''

"അതെന്തു്? ഓ! വേറെ രസമുള്ള ജോലികളില്ലേ!"

"അതെ" സീത, അവരുടെ ഹാസ്യഭാവം കണ്ണാത്തമട്ടിൽ പറഞ്ഞു. "ഞാൻ എമിലിസോളായുടെ നാനാ വായിക്കുകയായിരുന്നു."

അദ്ധ്യാപികയുടെ മുഖത്തു് കടുത്ത ഹാസ്യരസം പ്രകടമായി—നാനായിലെ കഥ എന്തെന്നറിഞ്ഞിട്ടല്ല, സീത കള്ളമാണു പറയുന്നതെന്നു വിചാരിച്ചു്. "മഞ്ഞപ്പിത്തക്കാരൻ എല്ലാം മഞ്ഞയായിക്കാണുംപോലെ."

അവർ പാഠമെടുക്കാൻ തുടങ്ങി. പക്ഷെ വീട്ടിൽ സുഖമില്ലാതെ കിടന്ന രണ്ടാമത്തെ ശിശുവിലായിരുന്നു അവരുടെ മനസ്സു മുഴുവൻ. അതുകൊണ്ടു് സന്ദർഭവശാൽ 'വേളി' എന്ന സ്ഥലത്തിൻെറ, പേർ പറയേണ്ടിവന്നപ്പോൾ അവർ 'കീളി' എന്നാണു് പറഞ്ഞതു്. "കീളിയിൽ പോയിട്ടില്ലേ നിങ്ങളാരും? അതു കൊള്ളാം!" എന്നവർ പറഞ്ഞപ്പോൾ ഈ 'കീളി' എന്തെന്നു മനസ്സിലാകാതെ വിദ്യാർത്ഥികൾ മിഴിക്കുന്നതു കണ്ടു് സീതയ്ക്കു ദുഃഖം മറന്നു ചിരിവന്നു. ക്രമേണ അദ്ധ്യാപിക പഠിപ്പിക്കുന്നതിൽ മുഴുകി—കുട്ടികൾ ശ്രദ്ധിക്കാതിരിക്കുന്നതിലും. നീളം കൂടിയ ഒരു കുട്ടുകാരൻെറ പുറകിൽ മറഞ്ഞിരുന്നുകൊണ്ടു് വിനോദശീലനായ ഒരു വിദ്യാർത്ഥി ഹസ്തഭൂക്കളുടെ വിലക്ഷണ ചലനങ്ങളോടെ, "പെണ്ണൊരുനാരി മുരുക്കിന്മേൽ കേറി; സാരിയും കീറി—ഈ ഈ—സാരിയും കീറി" എന്നു പതുക്കെ പാടാൻ തുടങ്ങി.

ആ നേരമ്പോക്കുകൾ കണ്ടു് സീതയ്ക്കു പൊട്ടി

ച്ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. അവൾ ഡെസ്കിൻെറ താഴെ വീണുപോയ ഒരു ബുക്ക എടുക്കുന്ന ഭാവത്തിൽ കുനിഞ്ഞുകിടന്നു ചിരിച്ചു. ആ ഉന്മേഷത്തിൻെറ ഊഷ്മാവിൽ അവളുടെ കണ്ണുനീരുണങ്ങിപ്പോയി. എങ്കിലും അവളുടെ മനസ്സിൽ, തനിക്കെതിരായി ദുഷ്പ്രചരണം ചെയ്യത്തക്കവണ്ണം തൻെറ സഹവിദ്യാർത്ഥികളാക്കാണ് തന്നോട് ദ്വേഷ്യമുള്ളതെന്നൊരന്വേഷണം നടന്നുകൊണ്ടിരുന്നു. ഏകദേശം തീർച്ചയോടെ ആരേയും സംശയിക്കാനവൾക്ക സാധിച്ചില്ല.

അതിൻെറ അഞ്ചാം ദിവസം രാവിലെ സീതയെ കണ്ടപ്പോൾ സൗദാമിനി പറഞ്ഞു. "ഇന്നലെ വൈകീട്ട് എനിക്കു കുറച്ചു ന്യൂസ് കിട്ടി. സുധീരൻ നായരാണ് മിസ്സ് വാസന്തീനായരെക്കൊണ്ട് സീതയോടങ്ങനെയൊക്കെ പറയിച്ചതു്."

തൻെറ കാലിന്നടിയിലുള്ള ഭൂമി നീങ്ങിപ്പോകുന്നതുപോലെ സീതയ്ക്കു തോന്നി. കൂടുതൽ വിവരങ്ങളറിയാൻ നില്ക്കാതെ അവൾ പുസ്തകക്കൂട്ടത്തിൽനിന്നൊരെണ്ണമെടുത്തു് വായിക്കാൻ തുടങ്ങി.

അന്നു വൈകിയിട്ടു് കോളേജ്‌ലൈബ്രറിയിലെ അലമാറിയിൽനിന്നു് സീത ബുക്കുകൾ തിരഞ്ഞെടുത്തുകൊണ്ടു നില്ക്കുമ്പോൾ സുധീരൻനായർ അവളുടെ അടുത്തുചെന്നു. ആഗതനാരെന്നു നോക്കാതെ അവൾ ഒരററത്തേക്ക് നീങ്ങി തൻെറ ജോലിതുടർന്നു. അയാൾ ഒരു പുസ്തകമെടുത്തു് അതിലെ പുറങ്ങൾ മറിച്ചുകൊണ്ടുപറഞ്ഞു. "ഞാൻ മൂന്നാലുദിവസമായി നാട്ടിൽപോയിരിക്കയായിരുന്നു. ഇപ്പോൾ വന്നതേയുള്ളു."

അവാറം തലയുയത്താതെ കശലത്തിന്നവേണ്ടി ചോദിച്ചു. ''നാട്ടിലെന്തുവിശേഷം?''

''ഒന്നുമില്ല. വെക്കേഷന്നു പോകാൻ സാധി ക്കാത്തതുകൊണ്ടു് ഇപ്പോഴൊന്നു പോയ്ക്കളഞ്ഞു.''

''ഓ! ഞാൻ വിചാരിച്ചു എൻെറ ശല്യത്തിൽ നിന്നു രക്ഷപ്പെടാൻവേണ്ടി പോയതാണെന്നു്''.

അയാറം ഒന്നും മനസ്സിലാകാത്തതുപോലെ മി ഴിച്ചുനിന്നു. സീത അയാളുടെ മുഖത്തുനോക്കിക്കൊ ണ്ടു ചോദിച്ചു. ''മിസ്സ്് വാസന്തിനായരോടു് എ ന്നെപ്പററി എന്തെല്ലാം പറഞ്ഞു?''

''ഞാനോ! കൊള്ളാം. അവരെന്തെല്ലാം എ ന്നോടു പറഞ്ഞെന്നാണു ചോദിക്കേണ്ടതു്. അവരുടെ തെററിദ്ധാരണ നീക്കിയില്ലെങ്കിൽ നമ്മെപ്പററിയു ള്ള കള്ളക്കഥ വല്ലാതെ പരസ്യമായേനെ. ഭാഗ്യം കൊണ്ടു് നേരത്തേ തടയാനിടംകിട്ടി.''

''എന്നെ ചീത്തയാക്കാനും?''

''മറിച്ചു വ്യാഖ്യാനിക്കാനുള്ള ഈ മിടുക്കു കൊ ള്ളുകില്ല.'' അയാറം പരിഭവസ്വരത്തിൽ പറഞ്ഞു. ''ചീത്തയാകരുതെന്നുവച്ചു് ഞാനവരുടെ അടുത്തോ ടി നല്ലവാക്കുപറഞ്ഞതിന്നു ഇതെനിക്കു കിട്ടേണ്ടതാ ണു്.''

''എന്തോ എഴുതിക്കൊടുത്തെന്നു പറഞ്ഞതു്?'' സീത ചോദിച്ചു.

''അവർ അവരുടെ പെറുപ്പകാലത്തു വല്ലോർക്കും വല്ലതും എഴുതിക്കൊടുത്തിരിക്കാം; അല്ലാതെ ഞാ നൊന്നുമെഴുതിക്കൊടുത്തില്ല; എനിക്കാരും ത ന്നു മില്ല.''

അയാൾ പറഞ്ഞതു് അവിശ്വാസമായി സീതയ്ക്കുതോന്നിയില്ല. സ്വരക്ഷയ്ക്കുവേണ്ടി അന്യദൂഷണം ചെയ്യുന്നവരുടെ കൂട്ടത്തിലായിരിക്കില്ല സുധി എന്നവൾ വിചാരിച്ചു. എങ്കിലും അവൾ ഇങ്ങനെയാണു് പറഞ്ഞതു്. "എന്തായാലും നമ്മുടെ കൂട്ടുകെട്ടു് അങ്ങു നിർത്തിക്കളയാം. എനിക്കുവേണ്ടി ആരെങ്കിലുമൊരു ത്യാഗംചെയ്യുന്നതു ഞാൻ തീരെ ഇഷ്ടപ്പെടുന്നില്ല."

"ആ ത്യാഗം ഒരു സുഖമായിട്ടാണു് അയാൾ കരുതുന്നതെങ്കിൽ!"

"എന്നാലും വേണ്ട" എന്നുപറഞ്ഞിട്ടു് പുസ്തകമെടുത്തുകൊണ്ടു് അലമാരിപിടിച്ചടച്ചു് ഒന്നും മിണ്ടാതെ സീത നടന്നുകളഞ്ഞു.

അതില്പിന്നീടു് വാർഷികപ്പരീക്ഷക്കുശേഷമൊരുദിവസം കടൽക്കരയിലിരിക്കുമ്പോൾ തന്റെ പുറകിലാരോ നില്ക്കുന്നെന്നുതോന്നി, സീത തലതിരിച്ചുനോക്കി. സുധീരൻനായർ പറഞ്ഞു. "ഇങ്ങനെയൊന്നു കാണാൻ ഞാൻ മൂന്നാലുദിവസമായി ശ്രമിക്കുകയാണു്. കൂടെയാരുമില്ലേ?"

"ഉണ്ടു്. ഇവിടെ അടുത്തൊരുവീട്ടിൽ പോയിരിക്കുന്നു" സീത കുശലസ്മിതത്തോടെ പറഞ്ഞു. "സുധി എന്നെ മറന്നില്ലേ?"

"മറക്കുന്നു! പരീക്ഷയെങ്ങനെ എഴുതി?"

"ഒരുമാതിരി ഇങ്ങനെ ഇടവിടാതെ ആറുദിവസം ആറുമണിക്കൂറുവീതം എഴുതിച്ചാൽ കുട്ടികൾക്കു ഭ്രാന്തുപിടിക്കും. നിങ്ങളൊക്കെ വലിയ ആളുകളായി നമ്മുടെ സർവ്വകലാശാലയിലെ അധികാരസ്ഥാനത്തെത്തുമ്പം, ഇതൊന്നു ഓർത്തുവേണം ടൈംടേബിൾ തയ്യാറാക്കാൻ."

"അതിപ്പോഴേ പറയുന്നതെന്തിനു്? അന്നു എന്റെ അടുത്തുകാണുകില്ലേ എന്നെ ഓർമ്മിപ്പിക്കാൻ?"

ആ ചോദ്യത്തിന്റെ നിഗൂഢിതാർത്ഥം മനസ്സിലാകാത്തമട്ടിൽ സീത പറഞ്ഞു. "അങ്ങനെ നമ്മൾ അടുത്തടുത്ത വീടുകളിൽത്തന്നെ താമസിക്കുമെന്നെന്തുതീച്ച്? പിന്നേ, നുണപറച്ചിലിന്നു ഇപ്പോഴും നല്ല പ്രോത്സാഹനം കിട്ടുന്നുണ്ടോ? പെണ്ണുങ്ങളുടെ ഫോബിയാണതു്"

"എന്തോന്നു്?"

"മനസ്സിലായില്ലേ? വാസന്തീനായരോടു് എന്നെപ്പററി എന്തെല്ലാം പറഞ്ഞു കേൾപ്പിച്ചിട്ടുണ്ടു്, കണ്ടെടുത്തുന്നു വന്നവന്റെയൊക്കെ നുണയും കേട്ടുകൊണ്ടു് അവർ എന്റെനേരെ കുറെ കള്ളങ്ങളുമായി ചാടിയതു്? അവരിവിടെ ആടാനും പാടാനും പഠിക്കുകയാണെന്നുതോന്നി വർത്തമാനം കേട്ടിട്ടു്. പ്രിൻസിപ്പലിനോടു് റിപ്പോർട്ടുചെയ്യും പോലും! അവരെ റായിട്ടർ റിപ്പോർട്ടറാക്കാത്തതു കഷ്ടമായിപ്പോയി. ഇല്ലാത്തതെല്ലാം അവരോടു് പറഞ്ഞിട്ടു് എനിക്കുവേണ്ടി എന്തോ ചെയ്തപോലല്ലായിരുന്നോ സുധിയുടെ ഭാവം? എന്തിനാണീ രണ്ടുവേഷം?"

"ഞാൻ മററവിധത്തിലവരോടു പറഞ്ഞെന്നു് അവർ പറഞ്ഞോ?"

"അവരല്ല, അവരുടെ വീട്ടിലെ ഒരു കുട്ടി. അവളും കുറെ കള്ളം പറഞ്ഞിട്ടുണ്ടാവണം—അവരുടെ വീട്ടിലെയല്ലേ? എന്നാലും, ഞാനാണാദ്യം എഴുത്തയച്ചതെന്നു സുധി അവരോടു പറഞ്ഞതെന്തിനു്?"

അയാൾ അല്പം പരുങ്ങി. "അച്ഛനോടെന്റെ കുറങ്ങൾ ലഘുവാക്കിയേ എല്ലാരും പറകയുള്ളു."

"അതു കൊള്ളാം!" അവൾ അത്ഭുതത്തോടെ പറഞ്ഞു. "അതൊരു കുറവും ആയിരുന്നോ? പ്രേമലേഖനമെഴുതുകയായിരുന്നോ നമ്മൾ?"

ആ ചോദ്യത്തിൻെറ രൂക്ഷത്വം സുധീരൻനായരെ സ്പർശിച്ചു. അയാൾ പറഞ്ഞു: "അല്ലെന്നു പറഞ്ഞാൽ നമ്മുടെ മനോഭാവം ആളുകൾ വിശ്വസിക്കുമോ?"

"വിശ്വസിക്കാത്തതു് അവരുടെ മനസ്ഥിതിയുടെ തരക്കേടല്ലേ? അത്തരക്കാരുടെ നല്ല അഭിപ്രായം വേണമെന്നു് എന്നെപ്പോലുള്ളവർ വിചാരിക്കില്ല. ഭീരുത്വംകൊണ്ടു കള്ളം പറയുക!— അതും എങ്ങനെയുള്ളവരോടു്?"

"ഞാനൊരു തെററുചെയ്തു; മാപ്പു ചോദിക്കുകയും ചെയ്യുന്നു. പക്ഷേ മിസ്സ് വാസന്തീനായരെപ്പററി ഇത്രയും കാലത്തിനിടയ്ക്കു് ആരെങ്കിലുമൊരു ചീത്തത്തരം പറയാനിടയായിട്ടുണ്ടോ?"

"ശവത്തിൽ കുത്തുന്നവർ കുറവാണു്. അന്യൻെറ അഭിപ്രായത്തിനു കാത്തുനില്ക്കാതെ അവനവനു ശരിയെന്നു തോന്നുന്നതു ചെയ്യാൻ ധൈര്യപ്പെടുന്നവരോടേ ആളുകൾക്കു വിരോധമുള്ളു."

"അതുമല്ല, അവരുടെ ഈശ്വരഭക്തിയും—"

"പണക്കാരോടും പണക്കാരുടെ മക്കളോടുമാണു് അവർക്കു കൂടുതൽ ഭക്തി." "ദൈവമറിയെപ്പിറന്നവരെ ബഹുമാനിക്കുന്നതും ഒരുതരം ഭക്തിയാണു്." സുധീരൻനായർ വിനോദഭാവത്തിൽ പറഞ്ഞു. "മുജ്ജന്മസുകൃതമുള്ളവരല്ലേ നല്ല നിലയിൽ ജനിക്കുന്നതു്? പാപികൾ ദരിദ്രരായും? ആ മുജ്ജന്മപുണ്യത്തെ അവർ മാനിക്കുന്നു."

സീത, വായിച്ചു മടുത്തതുപോലെ തിരിഞ്ഞിരുന്നു. സുധീരൻനായർ അടവു മാററി പറഞ്ഞു-

“ഞാൻ ചെയ്ത തെററു ക്ഷമിക്കണം. ഇനിയിങ്ങനെ ഒരിക്കലും എന്നിൽനിന്നൊരു കുററമുണ്ടാകില്ല. അന്നു ഞാൻ ഒരു—”

“മൃഗമായിരുന്നു. ഇന്നു് ഇഴജന്തുവും. സുധീരൻ നായർപോലും! മഹാഭീരു എന്നായാൽ ചേരും. പക്ഷെ സുധീയോടെനിക്കത്ര വലിയ വിരോധമൊന്നുമില്ല. ശത്രുത്വമായി മാറത്തക്കവണ്ണം തീക്ഷ്ണമായ സ്നേഹമില്ലാത്തതുകൊണ്ടായിരിക്കാം.”

കുറെനേരം നിശ്ശബ്ദമായിരുന്നിട്ടു് സുധീരൻ പറഞ്ഞു— “ഒരു വിശേഷമറിഞ്ഞില്ലേ? നിങ്ങളുടെയൊക്കെ കൂട്ടുകാരി സെയിനാബായുടെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞു.”

“ഞാനതറിഞ്ഞു. അന്നത്തെ എഴുത്തയപ്പുകാരൻ തന്നെയാണല്ലോ വരൻ. സാരമില്ല. മനുഷ്യമനസ്സല്ലേ, മാറിക്കൊണ്ടിരിക്കും.”

“എല്ലാരുടേയും.”

“തീർച്ചപറയാൻ വയ്യ. പക്ഷെ, എനിക്കങ്ങനെ ഒരു ദൌർബ്ബല്യമേയില്ല. നിങ്ങളെയൊക്കെപ്പോലെ നിറം മാറിമാറിക്കാണിക്കാനറിഞ്ഞുകൂടാത്തതു് ഒരു മേന്മയല്ലായിരിക്കാം.”

“അതു തീർച്ചയാണോ?”

“ഏതു്?”

“നമ്മുടെ ബന്ധം ഇപ്പോഴത്തതിനപ്പുറം പോകാൻ സമ്മതിക്കയില്ലെന്നു്.”

“അക്കാര്യത്തിലെനിക്കു സംശയമേയില്ല. പ- [illegible] സൌഹാർദ്ദതയിൽ കഴിഞ്ഞുപോകുന്ന-

തിലെനിക്കു സന്തോഷമേയുള്ളു; അങ്ങനെ കഴിയണമെന്നാശയുമുണ്ട്. അതുകൊണ്ടു നമുക്കു മററന്തിനെയെങ്കിലുംപററി സംസാരിക്കാം. അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ അവിടിരിക്കു."

സുധീരൻ പുഞ്ചിരിയോടെ ഇരിക്കാൻ തുടങ്ങിയപ്പോഴെക്കും പുറകിലൊരു ലഹള കേട്ടു. സീത തിരിഞ്ഞു നോക്കിയിട്ട് എണീററുകൊണ്ടു പറഞ്ഞു. "ഓ! എൻെറ കൂട്ടുകാർ വന്നു. ഞങ്ങാംക്കിനി അമ്പലത്തിൽ കൂടെ പോകാനുണ്ട്. സുധിയെ കൂടെക്കൂടെ ഇനിയും കാണാനൊക്കുകില്ലേ?"

അടുത്ത ഒരു വഷക്കാലം സീതയ്ക്കു വലിയ ജോലിത്തിരക്കായിരുന്നു. ആദ്യം ഉദ്യോഗലബ്ധിക്കുള്ള ശ്രമത്തിലും പിന്നീട് ഉദ്യോഗത്തിലും ആയിപ്പോയി അവളുടെ ശ്രദ്ധ മുഴുവൻ. അങ്ങനെ മൈത്രീബന്ധങ്ങാം പലതും അയഞ്ഞുപോകാനിടയായി. അക്കൂട്ടത്തിൽ സൌദാമിനിയുമായുള്ള എഴുത്തുകുത്തു നിന്നുപോയി.

ഒരുദിവസം യദൃച്ഛയിൽ സിനിമാശാലയിൽ വെച്ച് അവർ കണ്ടുമുട്ടി. സൌദാമിനി സീതയെ കണ്ടയുടൻ വീപ്പുമുട്ടിയിരുന്നതുപോലെ പറഞ്ഞു, "സുധീരൻനായരുടെ കല്യാണം കഴിഞ്ഞതറിഞ്ഞില്ലേ?"

"അറിഞ്ഞു, എന്നെ ക്ഷണിച്ചിരുന്നു. പക്ഷേ പോകാൻ തീരെ സൌകര്യം കിട്ടിയില്ല."

സീതയുടെ നിശ്ശോകമായ സ്വരവും ഭാവവും കണ്ടിട്ടും സൌദാമിനി സമാധാനിപ്പിക്കുന്ന സ്വരത്തിൽ പറഞ്ഞു. "സുധിയെ കുററംപറഞ്ഞിട്ടു കാര്യ

മില്ല. ആ വീട്ടുകാർ അയാളെ കുടുക്കിയതാണെന്നാണ് ആളുകാം പറയുന്നതു്."

"അങ്ങനെയൊക്കെയായിരിക്കം. നല്ലൊരു ഭർത്താവിനെക്കിട്ടാൻ വലിയ വിഷമമുള്ള കാലമാണെന്നല്ലേ പറയുക."

"എന്നിട്ടാണോ സീത ഇത്ര ഉദാസീനത കാണിച്ചുകളഞ്ഞതു്?" സൌദാമിനി ഔത്സുക്യത്തോടും ജിജ്ഞാസയോടും ചോദിച്ചു. "കയ്യുള്ളിലിരിക്കുന്ന രത്നം ആരെങ്കിലും അയർമുററത്തേക്കെറിഞ്ഞുകൊടുക്കുമോ?"

സീത വല്ലപോലെ ഒന്നു പുഞ്ചിരിച്ചു. "ചിലക്ക രത്നങ്ങാം കയ്യുള്ളിൽ വയ്ക്കുന്നതിനല്ല, ദൂരെവച്ചു കണ്ടുകൊണ്ടിരിക്കുന്നതിനായിരിക്കും ഇഷ്ടം. എത്ര അമൂല്യമായ ആഹാരസാധനമായാലും, വേണമെന്നു തോന്നിയില്ലെങ്കിൽ ആരെങ്കിലും തിന്നുമോ?"

"സുധീരൻനായരെ സീതയ്ക്കിഷ്ടമില്ലെന്നു പറഞ്ഞാൽ ഞാൻ വിശ്വസിക്കാൻ തെയ്യാറില്ല."

സുധിയെ എനിക്കിഷ്ടമില്ലെന്നു പറയാൻ ഞാനും തെയ്യാറില്ല. പക്ഷേ ഇഷ്ടമുള്ളവരെയൊക്കെ കല്യാണം കഴിക്കണമെന്നു പറഞ്ഞാൽ ഞാൻ ചുററിപ്പോവുകേയുള്ളു സാധാരണയിൽ കവിഞ്ഞ ബുദ്ധിശക്തിയോ മററു കഴിവുകളോ ഉള്ളവരെയെല്ലാം എനിക്കു വലിയ ഇഷ്ടമാണു്. മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ എന്നുകൂടി ഞാൻ നോക്കാറില്ല. അതുമല്ല, പരസ്പരം മതിപ്പുള്ളവർ തമ്മിൽ വിവാഹം പാടില്ലെന്ന അഭിപ്രായക്കാരിയാണു് ഞാൻ."

"എന്തുകൊണ്ടു്?"

"അടുത്ത പരിചയം മതിപ്പിനെ മാററിക്കള

യും. ആ സ്ഥാനത്തു വെറപ്പായിരിക്കും പിന്നീട്. അകലത്തിൽവെച്ചു കാണുന്ന പരിവേഷങ്ങൾ അടുക്കുമ്പോഴേത്ര പെട്ടെന്നാണോ മറയുന്നതു്?"

"ഇങ്ങനെയൊക്കെ എന്നോടു പ്രസംഗിച്ചോളൂ." സൌദാമിനി പരിഹാസസംകലനീരസത്തോടെ പറഞ്ഞു. "സീതയെപ്പററി സുധീരൻനായരുടെ ഭാര്യ എന്തു പറയുകയാണെന്നോ? അയാളെക്കിട്ടാൻ സീത തപസ്സു ചെയ്യുകയായിരുന്നുപോലും".

"ഓ, സീത നിസ്സാരഭാവത്തിൽ പറഞ്ഞു. "കമ്പോളത്തിൽ സാധനങ്ങൾക്കു വില കൂട്ടാനുപയോഗിക്കുന്ന നവ്യസാധാരണമായ തന്ത്രം സുധിയും പ്രയോഗിച്ചിരിക്കും. തോല്പിക്കപ്പെട്ട ഒരെതിരാളി തനിക്കുണ്ടെന്നറിയിക്കുന്ന ഭർത്താവിനോടു ഭാര്യയ്ക്കു കൂടുതൽ ഇഷ്ടം തോന്നും."

"എന്നാലിതാ ഇതുംകൂടെ കേട്ടോളൂ" ഒരു സ്ഫോടകവസ്തു എറിയുന്ന ഭാവമുണ്ടായിരുന്നു സൌദാമിനിക്കു്. "സീതയെ നിരാശപ്പെടുത്തിയതിൽ വേദനയുണ്ടെന്നു് സുധി തന്നെ പറഞ്ഞു നടക്കുന്നുണ്ടു്".

"ഞാനതുംകേട്ടു." ശത്രുവിനോടു ജയിച്ചെങ്കിലും മിത്രത്തിൽനിന്നു തോൽവി പററാനിടയായ വേദന സീതയ്ക്കു തോന്നി. "എന്നെ കാണുമ്പോഴത്തെ സുധിയുടെ ഭാവം നേരെ മറിച്ചാണുതാനും. ശാരീരികമായ പ്രേരണകൊണ്ടാണു്, ഹൃദയത്തിൻെറ ആഗ്രഹമനുസരിച്ചല്ല തൻെറ വിവാഹം എന്നൊക്കെയാണു് എന്നോടു പറയുന്നതു്."

"പണ്ടു്, സഹോദരസ്നേഹമാണു് സീതയോടുള്ളതെന്നാണു് എന്നോടു പറഞ്ഞതു്."

"അതൊക്കെ എന്തു സത്യമാണെന്നു് എനിക്കു

റിഞ്ഞുകൂടാ. ആളുകളുടെ മുമ്പിൽ അവരുടെ ബോധ്യത്തിനൊരു വേഷം; സ്വന്തം അഭിമതമനുസരിച്ച് സ്വകാര്യമായി മറെറാരു വേഷം. പണ്ടേ തുടങ്ങിയതാണ് ഈ ഡബിൾ ആക്ട്. ഒരുപക്ഷേ ലോകത്തിൽ വിജയകരമായി ജീവിക്കുന്നവർക്കെല്ലാമുള്ള ഒരു തന്ത്രമായിരിക്കാമെന്ന്. ആ സെയിനബായെ തന്നെ കണ്ടില്ലേ? സ്നേഹിതരോടു തോന്നുന്ന വികാരപ്രധാനമായ സ്നേഹം, കർത്തവ്യപ്രധാനമായ സഹോദരസ്നേഹത്തിൽനിന്നും വ്യത്യാസപ്പെട്ടതാണെന്നു ഞാൻ മുമ്പും പറഞ്ഞിട്ടുണ്ട്. ഇപ്പോഴും എന്റെ ആ അഭിപ്രായം മാറിയിട്ടില്ല ആ ബന്ധമാണു സുധീയോടെനിക്കുള്ളതും''

സിനിമാ തുടങ്ങാനുള്ള മണിയടിച്ചു. തന്റെ സംഭാഷണത്തിന്റെ ഉപസംഹാരമായി സീത പറഞ്ഞു. ''ഇതൊക്കെയാണെങ്കിലും, ലോകത്തുള്ള കാഴ്ചകൾ കൊണ്ടുനടന്നു കാണിച്ചുതരുവാൻ ഒരാളുണ്ടാകാൻവേണ്ടി എന്റെ ആദർശങ്ങൾ വിവാഹപീഠത്തിൽ ബലികഴിച്ചാലെന്തെന്നു എനിക്കു ചിലസമയം തോന്നാറുണ്ട്. ഭർത്താവിന്റെ ആവശ്യം അതിൽക്കവിഞ്ഞറിവാനും മാത്രം എന്റെ സ്ത്രീത്വം വളർന്നിട്ടില്ല; വളരുന്ന ലക്ഷണവുമില്ല. ഹാവലോക്ക് എല്ലീസ് മരിച്ചുപോയില്ലെങ്കിൽ, കാരണമെന്തെന്നറിയാൻ ശ്രമിക്കുമായിരുന്നു.''

## കുലമഹിമ.

അന്ത്യമേഘങ്ങൾ മുററത്തെ മണൽത്തരികളെ പൊൻപൊടികളാക്കി കഴിഞ്ഞിരുന്നു. കമലമ്മ മു-

ദ്രണശാലയിൽ നിന്നു് വന്ന പാടെ തോളിൽ കിടന്ന നേര്യതെടുത്തു് ബ്ലൗസുംകൂടി അഴയിലെറിഞ്ഞിട്ടു് അമ്മയുടെ അടുത്തു് ഓടിചെന്നു് പറഞ്ഞു. “അയ്യോ! കംപോസ്സ് ചെയ്തു് തളന്നു് പോയി. ഇന്നത്യാവശ്യമായി കുറെ അച്ചടിക്കാനുണ്ടായിരുന്നു. വേഗമിത്തിരി കഞ്ഞിയും മോരും തരണമമ്മേ.”

ചെത്തി ശരിപ്പെടുത്തിയ ഒരു കരിക്കും പേനാകത്തിയും അവളുടെ അടുക്കൽ കൊണ്ടു വച്ചിട്ടു് അമ്മ പറഞ്ഞു. “പൊന്നുമോളു് ഇതു് കുടിച്ചോണ്ടു് ഒരു കാര്യം ചെയ്യു, ഗൌരീടെ പോററിയദ്ദേഹം നാളെകാലത്തെ മെയിലിൽ മംഗലാപുരത്തു് പോണെന്നു് കേട്ടു. ആവശ്യകാലത്തു് നമ്മാം വിരോധം ചമഞ്ഞിരുന്നെന്നു് ഒട്ടക്കം പറയാനിടയാക്കരുതല്ലോ. അതുകൊണ്ടു് മോളു് ഇതു് കുടിച്ചു് കഴിഞ്ഞിട്ടു് അവിടെ ഒന്നു് പോയിട്ടു് പോരെ.”

കരിക്കിലെ വെള്ളം കുടിച്ചുകഴിഞ്ഞിട്ടു് കമലമ്മ ചോദിച്ചു. “മംഗലാപുരത്തിപ്പമെന്തു് വിശേഷം?”

ഇനി പോററിയദ്ദേഹം സ്ഥിരമായങ്ങു് താമസിക്കാൻ പോകയാണു്. സ്വന്തം ഭാര്യയുടെയും മക്കളുടേയും അടുത്തു് കിടന്നു് ചാവണമെന്നല്ലെ എല്ലാവരും വിചാരിക്കൂ?”

കമലമ്മ എന്തോ പറയാനുദ്യമിച്ചു. വായിൽ കിടന്ന കരിക്കിൻ കഷണം തൊണ്ടയിൽ തടഞ്ഞു് അവളെ കൊണ്ടു് മൂന്നാലുവട്ടം ചുമപ്പിച്ചു അതിറക്കി കഴിഞ്ഞശേഷം പുരികം ചുളുക്കിക്കൊണ്ടു അവൾ ചോദിച്ചു: “അപ്പഃ, ഗൌരി കുഞ്ഞമ്മയും കുഞ്ഞുങ്ങളും അന്യ ആളുകളൊ?”

“അല്ലാതെ പിന്നെ? നിൻെറ അച്ഛൻെറ കാര്യം തന്നെ എടു്. ഇപ്പഴും ഉണ്ടോ ഇല്ലയോ എന്നും കൂടെ നമുക്കറിയാൻ വയ്യ. എത്രയായാലും അവനോൻെറ സ്വന്തജാതിയിലുള്ള ഭാര്യയോടും മക്കളോടുമായിരിക്കും ഉള്ളാലെ സ്നേഹം”

“ഹോ! എന്നിട്ടാണ് ചേച്ചി ആ കെളവൻപട്ടരെ വേണ്ടെന്നു് പറഞ്ഞതിന്നു് ഇവരെല്ലാം കൂടെ കൊല്ലാൻ തുടങ്ങിയതു്! വയസ്സുകാലത്തു് മംഗലാപുരത്തും മധുരയിലും ഒക്കെ പൊായ്ക്കളയുന്ന ഭത്താവല്ലെങ്കിൽ കുടുംബത്തിൻെറ അന്തസ്സ് പൊായ്പോകും പോലും. നശിച്ച ഏപ്പാടു്! ചേച്ചി ബുദ്ധിയുള്ളവളായതുകൊണ്ടു് ഇന്നു് സുഖമായി താമസിക്കുന്നു. ചേച്ചിയുടെ ഭത്താവ് ഒടുവിലിതുപോലെ സ്വന്തജാതിക്കാരെ അന്വേഷിച്ച് പൊായ്ക്കളയുമോ എന്നു നോക്കിക്കൊള്ളണം.”

“അതേതെ!” അമ്മ നിർവേദത്തോടെ പറഞ്ഞു. “അവറം അമ്മയെ മുഖം വെളിയിൽ കാണിക്കാൻ വയ്യാതാക്കിയതുതന്നെ വലിയ ബുദ്ധി. നീയല്ലെ അതിന്നു സൌകര്യം വച്ചുകൊടുത്തതു്? ഈശ്വര! എങ്ങനത്തെ തറവാടിനെയാണ് അവറം മാനം കെടുത്തി കളെഞ്ഞതു്!”

വ്യസനംകൊണ്ടു് പിന്നീടൊന്നും പറയാനവക്ക് കഴിഞ്ഞില്ല. തൻെറ വയററിൽ കിടന്നവറക്ക് അവൻെറ കൂടെ ഒളിച്ചോടാനെങ്ങനെ മനസ്സവന്നു? പരമ്പരയായി തങ്ങളുടെ കുടുംബത്തെ ആശ്രയിച്ച് സമ്പന്നതയിലെത്തിയതാണ് അവൻെറ വീട്ടുകാർ എന്നതോ പോട്ടെ. ജാതിത്താഴ്മയേക്കാറം കൂടിയ എന്തവമാനമാണു് ലോകത്തിലുള്ളതു്? ബ്രാഹ്മണസം

ബന്ധം മാത്രം പതിവുള്ള ഒരുൽകൃഷ്ടകുടുംബത്തിലെ കന്യക ആശാരിത്തറവാട്ടിലെ സംബന്ധക്കാരിയാവുക! ആ മകളുമായുള്ള ബന്ധം അതോടെ മുറിച്ചുകളഞ്ഞിട്ടും ഇന്നും തനിക്കു തന്റെ ബന്ധുക്കളുടെ ഇടയിൽ സ്ഥാനം കിട്ടിയില്ല; അവരുടെ മുമ്പിലിറങ്ങാൻ ധൈര്യവുമുണ്ടായില്ല.

കണ്ണുനീർ വടിച്ചെറിഞ്ഞിട്ടു് അവൾ പറഞ്ഞു. "ഞാനും ഗൌരിയുമൊക്കെ പ്രായമായപ്പം എത്ര ആളുകൾ നടമേ നടന്നെന്നോ? നാലുകാശിന്റെ സ്വത്തും വേണ്ട, ഈ കുടുംബത്തിൽ നിന്നൊരു പെണ്ണിനെ മതി എന്നായിരുന്നു അവരുടെ പിടി. തറവാടിന്റെ അന്തസ്സറിയാവുന്ന അമ്മാവൻ അവരെ തല്ലിയോടിച്ചു. പിന്നീടവരൊക്കെ വലിയ മജിസ്ട്രേട്ടുമാരും തഹശീലന്മാരും ആയിപോലും. അതുകൊണ്ടു് ജാതിക്കുറവു നീങ്ങുമോ"

"എവിടന്നു്, കൊള്ളാം!" കമലമ്മ പരിഹാസപൂർവ്വം പറഞ്ഞു. "അവരെ തല്ലിയോടിച്ചതു നന്നായി. അല്ലെങ്കില്പിന്നെ ഇന്നിവിടം ഒരു ത്രിയാവുമ്പം പട്ടന്മാരുടെ ഒരു കോളനിയാകാനൊക്കുമായിരുന്നോ? കഷ്ടം! ഇതിന്റെ കുറച്ചിൽ അമ്മ കാണാത്തതാണെനിക്കതിശയം"

"നിന്റെ തലതിരിഞ്ഞുപോയി, കമലു നിനക്കറിയാമോ പട്ടിണികിടന്നു തലയിട്ടുരുട്ടിയാലും തറവാടികൾക്കു് കുലമഹിമ വിട്ടൊന്നുമില്ലെന്നു്?"

"ഹോ! അതുകൊണ്ടിവിടെയുള്ള പക്ഷ വെളിയിലുള്ളവരുടെ ഇടയിലെന്തുവിലയാണെന്നു്! സ്വപ്രയത്നത്താൽ വലുതാകുന്നവരെയാണു് യൂറോപ്യൻരാജ്യ

ങ്ങളിൽ, അറിവുള്ളവർ ബഹുമാനിക്കുന്നതെന്ന് ഇന്നാളൊരുദിവസം ഞങ്ങളുടെ മാനേജർ പറയുന്നതു കേട്ടു.''

``പരിഷ്കാരികൾക്കങ്ങനെയൊക്കെ തോന്നുമെടി. കലികാലമല്ലേ? ഏതിലും നീ ഗൗരീടടുത്തിങ്ങനൊന്നും പറയരുതേ. അവളൊരു കലിക്കാരിയാണ് മിണ്ടാതെ അവിടെച്ചെന്നു നിന്നേച്ചിങ്ങുപോന്നാൽ മതി.''

കരിക്കു തിന്നുകഴിഞ്ഞശേഷം കൈകഴുകീട്ട്, തോളിൽ തോർത്തുമിട്ടു പോകാനൊരുങ്ങിയപ്പോൾ കമലമ്മ അമ്മയോടു പറഞ്ഞു ``പാവം! കുഞ്ഞമ്മ! എട്ടുപിള്ളേരെയും കൊണ്ടെന്തുചെയ്യുമിനി? എന്നാലും ആ മനുഷ്യനു മനുഷ്യത്വമുണ്ടെങ്കിലിങ്ങനെ ചെയ്യുമോ? അവിടെ ഭാര്യയുള്ള സ്ഥിതിക്ക് ഇവിടെ ഭാര്യയുടേയും കുഞ്ഞുങ്ങളുടേയും ആവശ്യമെന്ത്?

``കൊള്ളാം! നീയൊരു മരമണ്ടിതന്നെ'' അമ്മയ്ക്കു ചിരിവന്നു. മംഗലാപുരത്തു കെടക്കണ പൊററിയമ്മേടെ അടുത്ത് കൂടെക്കൂടെ അങ്ങനെ പോകാനൊക്കുമോ?''

``അല്ലെങ്കിലും, ഒരുത്തൻെറ വാടകഭാര്യയായാൽ കുലമഹിമ കാത്തുകൊള്ളാം എന്നു വിചാരിക്കുന്ന പെണ്ണുങ്ങളിവിടെയുള്ളപ്പം പോയിട്ടെന്തുവേണം.?

മകളുടെ ആ പരിഹാസത്തിൽ അമ്മ മറുപടി പറഞ്ഞില്ല.

കമലമ്മയുടെ വീട്ടിൻെറ അടുത്തതിൻെറ അടുത്തതായിരുന്നു ഗൌരിയമ്മയുടെ വീട്. നായർഗൃലക്ഷണം ആളോഹരി ഭാഗവും വന്നപ്പോൾ, ആ ത

റവാട്ടിൽ കാരണവന്മാരുടെ ധാരാളിത്തത്തിൽനിന്നു രക്ഷപ്പെട്ടു് ആ പറമ്പുമാത്രമേ ശേഷിച്ചിരുന്നുള്ളു; ആറോളം അംഗങ്ങളും. ഭാഗത്തിൽ ഓരോരുത്തൎക്കും പത്തുപതിനഞ്ചു സെൻറു വീതം കിട്ടി; ആ പറമ്പിൽ കുറെയധികം കൊച്ചുകൊച്ചു വീടുകളും അതിൽ വേലികളും ഉയൎന്നു. ഇല്ലത്തിൽ നായരല്ലാത്ത ഒരു യുവാവിൻെറ ഭാൎയ്യയായിത്തീൎന്ന ഒരു സ്ത്രീ തൻെറ വീതം സ്ഥലം മഹമ്മദീയൎക്കു് വിററു ബന്ധുക്കളുടെ നിസ്സഹകരണത്തിനു പ്രതികാരം ചെയ്കയാൽ ഗൗരിയമ്മയുടേയും കമലമ്മയുടേയും വീടുകളുടെയിടയ്ക്കു് ഒരു മഹമ്മദീയഭവനം ഉണ്ടാവാനിടയായി.

കമലമ്മ ഗൗരിയമ്മയുടെ വീട്ടിൽ ചെന്നപ്പോൾ കറുത്തു മെലിഞ്ഞു്, കണപിടിച്ചു്, മഞ്ഞിച്ച കണ്ണുകളോടുകൂടിയ ഒരു കുട്ടി, ഒരു കൊഴുത്ത ചെന്തെങ്ങിൻതയ്യിൻെറ അടുത്തിരുന്നു കളിച്ചുകൊണ്ടിരുന്നു. അവൻെറ അടുത്തു കുത്തിയിരുന്നുകൊണ്ടു പതുക്കെ ചോദിച്ചു: "മററവരൊക്കെ എവിടെ?"

"അവരെ അച്ഛൻ ചാലയിൽ കൊണ്ടുപോയിരിക്കയാണ്. എനിക്കു് അച്ഛനൊരു ഊത്തുവാങ്ങിച്ചോണ്ടുവരും."

പഴകി കീറിയ ഒരു പനയോല വട്ടി പുതുക്കിക്കൊണ്ടു വരാന്തയിലിരുന്നിരുന്ന ഗൗരിയമ്മ മുററത്തെ സംസാരം കേട്ടു് തല പൊക്കിനോക്കി. കമലമ്മയെ കണ്ടപ്പോൾ അവർ കഠിനമായ ദേഷ്യത്തോടെ വിളിച്ചു പറഞ്ഞു. "എടാ, ഹരികൃഷ്ണാ, ഇങ്ങെഴീച്ചു വാടാ. നേരം വെളുക്കുമ്പം ഉടുത്തു കെട്ടിയൊരുങ്ങി കണ്ട ആണുങ്ങടെ കൂടെ കൊഴയാൻ പോണ ആ തേവടിശ്ശീടടുത്തു മിണ്ടരുതു്."

അവരുടെ വാക്കുകേട്ടു് കമലമ്മ ചിരിച്ചു കളയുകയാണു ചെയ്തതു്. സ്ത്രീ സ്വാതന്ത്ര്യമായി ജീവിക്കുന്നതു് കുടുംബക്കാൎക്കൊത്തതല്ലെന്നു പലരും അവളോടു പറഞ്ഞിട്ടുണ്ടു്. അവളെണീററു് കുഞ്ഞിന്റെ കയ്യും പിടിച്ചുംകൊണ്ടു് ഗൌരിയമ്മയുടെ അടുത്തേയ്ക്കു് നടന്നു. വരാന്തയിൽ, കയറാനായി അവൾ വലത്തു കാൽ ഉയൎത്തിയപ്പോൾ, ചാടിയെണീററുകൊണ്ടു് ഗൌരിയമ്മ പറഞ്ഞു. "ഛീ! വരാന്തയിലെങ്ങും കേറരുതു്. ആശാരിച്ചിമാരു് എന്റെ വീട്ടിൽ മുററത്തു നിന്നാമതി."

കമലമ്മയുടെ മുഖം നിമിഷനേരത്തേയ്ക്കൊന്നു വിളറി. കുഞ്ഞിന്റെ കൈ വിട്ടിട്ടു് അവൾ പറഞ്ഞു. "ഓ! ഇതു പോററിയമ്മയുടെ വീടാണെന്നു് ഞാനോൎത്തില്ല."

"പോററിയമ്മയോ? ഞാൻ പോററിയമ്മയായതെങ്ങനെ?"

"പിന്നെ ചേച്ചിയെ ആശാരിച്ചിയെന്നു പറയുന്നതെന്തിനു?"

"എടീ, സൂക്ഷിച്ചു് വൎത്തമാനം പറ. ഒരന്യജാതിക്കാരന്റെ കൂടെ പൊറുക്കുന്നവളല്ല ഞാൻ."

"മംഗലാപുരം പോററി! ഇല്ലക്കാരൻ നായരെന്നു ഇപ്പോഴല്ലേ ഞാനറിഞ്ഞതു്."

"ഛീ, പോററിയും ആശാരിയും ഒരുപോലെയോ?"

"തീൎച്ചയായും അല്ല. പോററി നല്ലതൊക്കെ സ്വന്തം ഭാൎയ്യയ്ക്കുവച്ചു കൊടുത്തിട്ടു വല്ലതും നക്കാപ്പിച്ച നായർസ്ത്രീക്കു കൊടുക്കും. ചേച്ചി എത്ര രാജപദവിയിൽ കഴിയുകയാണെന്നു കുഞ്ഞമ്മ ഒന്നന്വേ-

ഷിച്ചു നോക്കണം."

"ഹൃ! രാജപദവി! തേവിടിശ്ശ്യാലയിട്ടാലിതി ലുമധികം രാജപദവിയിൽക്കഴിയാം."

കമലമ്മയുടെ മുഖത്തെ ഹാസ്യഭാവം മാറി. ധർമ്മപത്നിയെ സ്വദേശത്തു വിട്ടിട്ടു പോന്നിരിക്കുന്ന ഒരുത്തന്റെ തല്ക്കാലത്തേക്ക് ഭർത്താവാകുന്നവളാരാണ് എന്നു ചോദിക്കാനാണവൾക്ക് തോന്നിയതു്. അവൾ ഗൗരവം നിറഞ്ഞ സ്വരത്തിൽ പറഞ്ഞു. "കുഞ്ഞമ്മ ഒന്നോർക്കണം. അധികം പറഞ്ഞാൽ ഞാനും തിരിച്ചു പറയും കുഞ്ഞമ്മയാണെന്നൊന്നും നോക്കുല്ല."

"നീ എന്തുവേണം പറ." അവർ പൂർവ്വസ്ഥിതിയിൽ വരാന്തയിലിരുന്നു വട്ടി കയ്യിലെടുത്തു കൊണ്ടുപറഞ്ഞു "ആ പെണ്ണുപോയ പതിനാറിനെന്റന്നു ഞങ്ങൾ എണ്ണതൊട്ടു പുലയും കളിച്ചു."

കമലമ്മ സൗഹാർദ്ദസ്വരത്തിൽ പറഞ്ഞു. "ഞങ്ങളും ചേച്ചിയുമായുള്ള ബന്ധവും വിട്ടുകളഞ്ഞതല്ല്യോ. അങ്ങോട്ടുമിങ്ങോട്ടും പോക്കു വരവോ കൊടുക്കൽ വാങ്ങലോ കൂടെ ഇല്ല്യ."

"പക്ഷെ ഒരയാൾടെ സഹായങ്ങൾ മാത്രം കൊള്ളാം അല്ലേ്യാ."

"കുഞ്ഞമ്മയും ആ മനുഷ്യന്റെ കയ്യിൽ നിന്നു കണ്ടമാനം സഹായം പററിട്ടുണ്ടല്ലോ."

"നീ അറിഞ്ഞു വർത്തമാനം പറ. ഒരാശ്രിതനെപ്പോലെയാണു്, സംബന്ധക്കാരനായിട്ടല്ല അയാൾ സഹായങ്ങൾ ചെയ്തിട്ടുള്ളതു്."

കമലമ്മ ഹാസ്യസ്വരത്തിൽ പറഞ്ഞു.

തന്റെ സഹായംകൊണ്ട് കാര്യം കാണുന്നതാണ് വലിയ പ്രഭുത്വത്തിന്റെ ലക്ഷണമെന്ന് ഇതുവരെ ഞാൻ കേട്ടിട്ടില്ല. ഇക്കാലത്ത് ഇതൊന്നും മററാരും കേൾക്കരുത്."

"വർത്തമാനം പറയാൻ നിനക്കു കുറെയധികം അറിയാം. ഛെ, എന്തായാലും പൊന്നുതമ്പുരാക്കന്മാരുടെ കയ്യിൽനിന്നു വീരശൃംഖല വാങ്ങിച്ച തറവാട്ടിലെ ഒരുപെണ്ണിന്റെ ചെയ്ത്തി! എത്രചക്രക്കാരനായാലും ജാതി മാറാനൊക്കുമോ? വീട്ടിലിത്ര കഷ്ടതയാണെങ്കിൽ വിഷംതിന്നു ചത്തുകളയാത്തതെന്ത്? പോരെങ്കിൽ, നീ അനിയത്തി ചമഞ്ഞ് അവന്റെ ഭാര്യ പാർശ്യയിലാണ് അച്ഛക്കൂടത്തിൽ പോയതെന്നും കേട്ടു. ഇതിനേക്കാൾ, ഒരു മുഴംകയറ് ചെലവാക്കിക്കൂടായിരുന്നോ? അവിടത്തെ നിന്റെ യജമാനൻ ആരു്?"

"വയസ്സുചെന്ന ഒരീഴവൻ" ഗൌരിയമ്മയ്ക്കു ജാതിയിലുള്ള നിഷ്ഠകൊണ്ടു് മനഃപൂർവ്വം അവൾ പറഞ്ഞു.

ഗൌരിയമ്മ പുറംകോട്ട് മലച്ച് അവളെ അമ്പരപ്പോടെ നോക്കി ക്ഷോഭമടങ്ങിയപ്പോൾ അവർ പറഞ്ഞു. "ചേച്ചീടെ അനിയത്തി ഈഴവന്റെ കൂടെ പോണതുകരു കണക്കിനൊരു ചേച്ചതന്നെ. അയ്യോ! എന്നാലും നീയൊരു താഴ്ന്ന ജാതിക്കാരന്റെ കീഴിൽ വേലചെയ്തു ശമ്പളം വാങ്ങിക്കുന്നതെങ്ങിനെ? അയാൾക്കു ഭാര്യയുണ്ടോ?"

"ഭാര്യയുണ്ടു്," കമലമ്മ പുഞ്ചിരിയോടെ പറഞ്ഞു. "എന്നേക്കാൾ പ്രായംചെന്ന മക്കളുമുണ്ട്."

"അതാണ്, വയസ്സന്റെ കൊച്ചു ഭാര്യയാവുമ്പം അയാളവരെ കാര്യമായി നോക്കും. ജാതീടെ കാര്യംകൂടെ നോക്കുമ്പം പിന്നെ പറയാനുമില്ല."

"പക്ഷെ കുഞ്ഞമ്മയുടെ അനുഭവം അതല്ലല്ലോ. വളരെ കാര്യമാക്കിനോക്കിയെങ്കിൽ ഈ ഉണക്കച്ചോറുതന്നെ ഇങ്ങനെ തീററിക്കുമോ? പോരെങ്കിൽ ഇപ്പഴിതാ പൊസ്സുളയാനുംകൂടെ തുടങ്ങുന്നു. ഈ പിള്ളേരേഴ്ചംകൊണ്ട് കുഞ്ഞമ്മ എന്തുചെയ്യും?"

"എടി, പറഞ്ഞുപറഞ്ഞു ഇത്രയ്ക്കായോ?" കമലമ്മ തീരെ പ്രതീക്ഷിക്കാത്തവിധത്തിൽ കോപാരുണിതമായ മുഖത്തോടെ ഗൗരിയമ്മ എണീററു. "എന്നെപ്പറഞ്ഞ് എനിക്കു ചോറുതരുന്നവനേയും പറഞ്ഞു തുടങ്ങിയോ? ഇറങ്ങ്, ഞാൻ ചാവാൻകിടന്നാൽക്കൂടി നിങ്ങളാരും ഇതിനകത്തു വരരുത്. ജാതിയിലും വയസ്സിലും അറിവിലും ഒക്കെ നമ്മെക്കാറം മുകളിൽ നില്ക്കുന്നവരുടെ കുററം കണ്ടുപിടിക്കുന്നപോലൊരു മഹാപാപം ലോകത്തുണ്ടോ? മരണസമയം ശ്വാസം വലിക്കുമ്പം തൊണ്ടനനയാൻ നിങ്ങറം വെള്ളംതൊട്ടുവച്ചാൽ മതി, ആ ഉയിര് ഏഴാംനരകത്തിൽചെന്നു വീഴും. നിന്നോടു പോകാനല്ലേ പറഞ്ഞത്?"

ഗൗരിയമ്മ അല്പം മുന്നോട്ടുനീങ്ങി. വരാന്തയുടെ വിളമ്പിലിരുന്ന കട്ടി പേടിച്ചു പുറകോട്ടുനീങ്ങി. മുററത്തുമലന്നടിച്ചുവീണ് എണീക്കാൻ ശക്തിയില്ലാതെ കിടന്ന കുഞ്ഞിനെ പിടിച്ചുനിർത്തി അവർദേഷ്യം തീരുന്നതുവരെ അടിച്ചു..............................

പിറേറന്നു രാവിലെ കമലമ്മ പഴംകഞ്ഞി കുടിച്ചുകൊണ്ടിരിക്കുമ്പോറം അവളുടെ അമ്മ പറഞ്ഞു. "ഗൗരീടെ കാര്യമൊക്കെ നീ അറിഞ്ഞോ? എന്തു

യാലും ഈശ്വരൻ സഹായിച്ചു. പോററിയദ്ദേഹം ഇവിടത്തുകാരനൊരു സാക്ഷിയെ ഇന്നലെ രാത്രി കൊണ്ടുവന്നു കൂട്ടിയേല്പിച്ചിട്ടാണ് രാവിലെ യാത്രയായതു്. ഇനി ഒരുതരത്തിലും ഗൌരിക്കു പേടിക്കേണ്ടല്ലോ. നാഥനായിട്ടൊരുത്തനുണ്ടെങ്കിലേ വീട്ടിനു വെളക്കം പിടിക്കൂ.

കുറെനേരം കമലമ്മയുടെ കയ്യും നാവും അനങ്ങിയില്ല. ഒടുവിൽ അവൾ ചോദിച്ചു: ഇതിൽ നമ്മുടെ കുടുംബത്തിലൊരാളിനും ആക്ഷേപമൊന്നുമില്ലേ?”

“ആക്ഷേപമെന്തിനു്?” അമ്മയ്ക്കതിശയം തോന്നി. “മതിൽക്കകത്തു് (ശ്രീ പത്മനാഭ സ്വാമിക്ഷേത്രം) ചോറു പടയ്ക്കുന്നതൊ മററോ ആണു് ഈ സ്വാമിയുടെ ജോലി. ഏതോ നല്ല ആദായമുള്ള ഒരെണ്ണം. പോററിയദ്ദേഹം നല്ലയാളാണെന്നു നിനക്കിപ്പം തീർച്ചയായോ? അദ്ദേഹമെന്തൊരു സാധു മനുഷ്യനാണെന്നു നോക്കണേ. ഗൌരിയുടെ മുററത്തു കൊഴുത്തു നിന്ന ആ ചെന്തെങ്ങിൻതൈ പോററിയദ്ദേഹത്തിന്റെ ജീവനായിരുന്നു. അതുകൊണ്ടതിനെ ഇളക്കിയെടുത്തോണ്ടുപോയിരിക്കയാണ് അങ്ങു കൊണ്ടു നടാൻ.”

“താൻ ജീവൻകൊടുത്ത മററുചില സാധനങ്ങളുടെ കാര്യം മറന്നതും ആ മനുഷ്യന്റെ നല്ല ബുദ്ധിയുടെ ഫലമായിരിക്കണം.” അതു പറഞ്ഞപ്പോൾ തലേന്നു് ആ തയ്യിൻചുവട്ടിലിരുന്ന കുട്ടിയുടെ ദീനരൂപം കമലമ്മ മനസാ കണ്ടു. “ഇങ്ങനെ സ്ത്രീത്വം മറന്നു് കുലമഹിമ രക്ഷിക്കുന്ന സ്ത്രീകളുടെ വംശമറക്കാൻ ഒരു പരശുരാമൻതന്നെ ജനിച്ചെങ്കിൽ കേരളം നന്നായിപ്പോകുമായിരുന്നു. നമ്മൾ ബന്ധുക്കളെ

ന്നു പറയുന്നതും കുഞ്ഞമ്മയ്ക്കു കുറച്ചിലാണുപോലും! ഞാൻ കുഞ്ഞമ്മയുടെ തറവാട്ടിൽ പെട്ടതാണെന്നു പറയുന്നതിൽ കൂടുതലൊരപമാനം ലോകത്തെനിക്കില്ലെന്നാണു് എൻെറ വലിയ വിശ്വാസം.''

താനും തൻെറ പുത്രിമാരും തമ്മിൽ വീക്ഷണഗതിയിൽ ഇത്ര വ്യത്യാസം എങ്ങനെ വന്നു എന്നാലോചിച്ചു അവളുടെ അമ്മ മിഴിച്ചിരുന്നു. തനിക്കു നല്ലതു അവൾക്കു ചീത്ത; തനിക്കു അവമാനം, അവൾക്കു് അഭിമാനം; അതുപോലെ മറിച്ചും .... ....

ആ തറവാട്ടിൽ, പ്രത്യേകിച്ചും ആ രണ്ടു വീട്ടുകാർ തമ്മിലുള്ള ബന്ധത്തിൽ, വ്യത്യാസമൊന്നും വരുത്താതെ എട്ടു മാസങ്ങൾക്കപ്പുറം കടന്നുപോയി.

ഒരു ദിവസം വൈകുന്നേരം കമലമ്മ പ്രസ്സിൽ നിന്നു ചെന്നപ്പോൾ അവളുടെ അമ്മ സംഭ്രമത്തോടെ അവളോടു് പറഞ്ഞു.'' നീ അറിഞ്ഞോ, നമ്മുടെ ഗൗരിക്കു പ്രസവവേദന തുടങ്ങിയിട്ടു് രണ്ടു മൂന്നു ദിവസമായിപോലും. ഇന്നുച്ചയ്ക്കു ശേഷം മുൻസിപ്പാലാറി പതിച്ചി വന്നു നോക്കി. ചക്രം കൊടുക്കാതെ അവർക്കെന്തു കരുണ? അപ്പുറത്തെ ഉമ്മ ഇപ്പഴാണെൻെറടുത്തിതെല്ലാം പറഞ്ഞതു്. സാരമില്ലെന്നു പതിച്ചി പറഞ്ഞതു് കള്ളമാണെന്നും ആശുപത്രിയിൽ കൊണ്ടുപോയില്ലെങ്കിൽ ചത്തുപോവും എന്നും ഒക്കെയാണു് ഉമ്മയുടെ വർത്തമാനത്തിൽ നിന്നെനിക്കു മനസ്സിലായതു്.''

കമലമ്മ ചോദിച്ചു. ‹‹ഇത്രയൊക്കെയായിട്ടു് ഗൗരി കുഞ്ഞമ്മയുടെ പുതിയ ഭർത്താവെന്തു ചെയ്യുകയാണു്?''

‹‹സാമിവന്നിട്ടു് രണ്ടു മൂന്നു ദിവസമായി.'' അപരാധാരോപണം തീരെ സ്ഥിരീക്കാത്ത സ്വരത്തിൽ

അവർ പറഞ്ഞു. ''സാമിയുടെ ആയമ്മയ്ക്കും ഇതു പ ത്താണു്. കർമ്മം ചെയ്യേണ്ട മക്കടെ ജനനത്തിലല്ലേ അച്ഛൻ കൂടുതൽ ശ്രദ്ധിക്ക? പോരെങ്കിൽ, ഇതിപ്പം ആരുടെ കുഞ്ഞാണെന്നു് തീർച്ചയുമില്ല. അല്ലെങ്കിൽ ഈശ്വരനെ പേടിച്ചെങ്കിലും സാമി വല്ലതുമൊക്കെ ചെയ്യേണ്ടേ.''

''കഷ്ടം! ഇതൊക്കെയല്ലേ നിങ്ങടെ അന്തസ്സ്!'' എന്നു പറഞ്ഞിട്ടു് കുറെനേരം ചിന്താമഗ്നയായിരുന്നശേഷം കമലമ്മ പറഞ്ഞു:'' അമ്മ ഒരു കാര്യംചെയ്യണം. അന്നു കുഞ്ഞമ്മ പറഞ്ഞതൊക്കെ ഓർത്തു വെയ്ക്കാൻ ഇതല്ലല്ലോ നേരം. ഇവിടം തപ്പിയെണ്ണീററാൽ പിന്നെയും നമുക്കു ഭ്രഷ്ടായിരിക്കും. എന്നാലും അമ്മ അങ്ങോട്ടു ചെല്ലണം. അപ്പഴത്തേയ്ക്കു ഞാൻ ചേച്ചിയുടെ വീടുവരെ ഒന്നോടി ചേച്ചീടെ ഭർത്താവിനെ കണ്ടു് ഒരു കാറും പിടിച്ചോണ്ടു വരാം. അങ്ങേർക്കു് വലിയ ആളുകളെ പലരേയും പരിചയമാണു്. കാറയച്ചു ചിലവാക്കാൻ പണവുമുണ്ടു്. ഇതല്ലാതെ നമ്മെക്കൊണ്ടെന്തു സാധിക്കും?''

അരമണിക്കൂറിനകം ഒരു കാർ ഗൌരിയമ്മയുടെ പടിക്കൽ ചെന്നുനിന്നു. കാറിൽ കേററാനായി മുറിക്കകത്തുനിന്നും അവരെ തൂക്കി എടുത്തപ്പോഠം അവർ നാലുവശവും നോക്കി. സംഭ്രമിച്ചുനിന്ന കമലമ്മയുടെ മുഖത്താണ് അവരുടെ കണ്ണുകഠം പതിഞ്ഞതു്. അവർ അസ്പഷ്ടമായി പറഞ്ഞു: ''എന്റെ പിള്ളേരെ—''

അന്നുരാത്രി സ്വന്തംവീടു് അടച്ചുപൂട്ടിയിട്ടിട്ടു് കമലമ്മ തന്റെ അഭിമാനത്തെ മിഥ്യാഭിമാനമെന്നുതള്ളി ഗൌരിയമ്മയുടെ കുഞ്ഞുങ്ങളെ നോക്കാൻവേ

ണ്ടി അവിടത്തെ വരാന്തയിലല്ല, മുറിക്കകത്തുതന്നെ കിടന്നു. നേരംവെളുക്കുന്നതുവരെ, വേദനയാൽ വികൃതമായ ഗർഭിണിയുടെ മുഖം അവളുടെ കൺപീലികൾക്കും നിദ്രയ്ക്കും ഇടയിൽനിന്നു നിമിഷനേരംപോലും മാറിനിന്നില്ല. അതിൽ പങ്കുകൊള്ളേണ്ട മനുഷ്യനോ —മനുഷ്യന്മാരോ— അതിനെപ്പററി അന്വേഷിക്കുകയോ അറിയുകയോ ചെയ്യാതെ സുഖമായി സ്വന്തം വീട്ടിൽ കഴിയുകയാണ്. എത്ര സുഖകരമായ ഭർത്തൃത്വം!

പിറേറന്നു രാവിലെ കുഞ്ഞുങ്ങൾക്കാഹാരം കൊടുത്തിട്ടു കുറെ പച്ചവെള്ളവും കുടിച്ചുകൊണ്ട് അവൾ ആശുപത്രിയിലേയ്ക്കു തിരിച്ചു. പ്രസവവാർഡിൽ കുഞ്ഞമ്മയുടെ കിടയ്ക്കയ്ക്കരികിൽ ചെന്നപ്പോൾ അവളുടെ അമ്മ പറഞ്ഞു: "ഇരട്ടപ്രസവമായിട്ടല്ലായിരുന്നോ ഈ പാടെല്ലാം? അവന്റെ കയ്യീന്നു പണം കുറെയധികം പൊടിത്തിട്ടുണ്ട്. എന്നാലും തള്ളയും കുഞ്ഞുങ്ങളും രക്ഷപ്പെട്ടു കിട്ടിയതുതന്നെ ഈശ്വരകാരുണ്യം."

യുവത്വത്തിലെ ദാമ്പത്യസങ്കല്പങ്ങളുടെ സ്വാഭാവികപ്രേരണയാൽ കമലമ്മ ചോദിച്ചു. "കുഞ്ഞുങ്ങളുടെ അച്ഛൻ വന്നില്ലേ?"

"ഓ! സ്വാമി ഈ ആശുപത്രിയിലൊക്കെ വരുമോ? ഇനി സുഖപ്പെട്ടങ്ങു ചെല്ലുമ്പം അവിടെ വരും!"

പുറകിലൊരു ഏങ്ങൽകേട്ടു കമലമ്മ തിരിഞ്ഞുനോക്കി. അടുത്ത കിടക്കയിൽ കിടന്ന ആംഗ്ലോ-ഇൻഡ്യൻ വേഷക്കാരിയായ ഒരു യുവതി കണ്ണുനീരോടെ ഭർത്താവിനോടു പറയുകയാണ്. "ഭർത്താവിനെയോർത്ത് ഞാൻ ആ വേദനയെല്ലാം സഹിച്ചു. ബേബിനെ കാണുമ്പം ഡാർലിങ്ങിന്റെ മുഖമെങ്ങനെയി

രിക്കും എന്നു വിചാരിച്ചു വിചാരിച്ചു് ഞാൻ വേദനയൊക്കെ മറന്നു. എന്നിട്ടൊടുക്കം—''

ആ നവപ്രസൂത നഷ്ടശിശുവിനെയോർത്തു് പൊട്ടിക്കരഞ്ഞു.

''ഡാർലിങ്ങ്, കരയാതെ!'' സ്വന്തം കണ്ണുനീർ ആരും കാണാതെ ഭാര്യയുടെ കണ്ണുനീരുമായി കൂട്ടിച്ചേർത്തുകൊണ്ടു് അവളുടെ ഭർത്താവു് പറഞ്ഞു: 'കർത്താവു് എപ്പോഴും നമ്മുടെ നന്മയ്ക്കു പ്രവർത്തിക്കയുള്ളൂ. ഇപ്പോഴൊരു കുഞ്ഞിനെയെടുക്കാൻ കർത്താവു നമുക്കു പറഞ്ഞിട്ടില്ല. എന്നാലും എന്റെ കർത്താവെ ഞാൻ ബേബിയെ ഒന്നു കണ്ടുപോലുമില്ല.''

ആ രംഗത്തുനിന്നു പിന്തിരിയ്ക്കപ്പെട്ട കമലമ്മയുടെ ദൃഷ്ടികൾ ഗൗരിയമ്മയുടെ ഇരുവശത്തും കിടന്നിരുന്ന കുഞ്ഞുങ്ങളിൽ പതിഞ്ഞു. ആ മാതൃഗർഭത്തിൽ ജനിച്ചതുകൊണ്ടുമാത്രം പിതൃലാളനാഭാഗ്യം നിഷേധിക്കപ്പെട്ട—പോരെങ്കിൽ പിതാവാരെന്നുപോലും നിർണ്ണയിക്കാൻ കഴിയാത്ത—ആ രണ്ടു നിഷ്കളങ്കജീവികളെ നോക്കിക്കൊണ്ടുനിന്ന കമലമ്മ മനസാ പറഞ്ഞു: ''കലിമഹിമ! കലിമഹിമ! ഇത്തവണ ഒന്നിനുപകരം രണ്ടു കുഞ്ഞുങ്ങളല്ലേ അതിനെ ഉറപ്പിക്കാൻ? കർത്തവ്യനിഷ്ഠയിൽ പ്രസാദിച്ചു് കുലഭരദേവത കൊടുത്തതാണ് രണ്ടെണ്ണം. ഒന്നു പോററിയുടേയും മറേറതു പട്ടരുടേയും ഓർമ്മയ്ക്കു് എന്നു പറഞ്ഞു്, ആളുകളിപ്പം ചിരിക്കാൻ തുടങ്ങും. ജാതിശ്രേഷ്ഠതയുടെ കാലം പൊയ്പ്പോയെന്നു പറഞ്ഞാൽ വിശ്വസിക്കാത്തവർ ഇതിലൊരു ദയനീയതയും കാണാത്തതും വലിയൊരനുഗ്രഹം തന്നെ.''

---

sarasswathyamma

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. MF9 SARL Acc. No. 85677
This book should be returned on or before the date last stamped below.

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9 SAR·K

85677

സരസ്വതി അമ്മ. കെ.

കലാമന്ദിരം.